| ഗുണഭോക്തൃ വിഹിതം | 2572985 | 2830284 | 3113313 | 3424645 | 3767110 |

## വികസന മേഖലകൾ

വളരെ പണ്ടു തൊട്ടേ കാലടി ഒരു കാർഷിക പ്രദേശമാണ്.ജാതി ഉൾപ്പെടെയുള്ള മലഞ്ചരക്കിന്റെ ഒരു പ്രധാന ഉദ്പ്പാദന വിപണന കേന്ദ്രമാണ് കാലടി. എന്നാൽ ഇന്ന് തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ കർഷകർ പലരും കാർഷിക വൃത്തി ഉപേക്ഷിച്ചു കഴിഞ്ഞു. ഉത്പ്പാദനോപാധികളുടെ വില വർദ്ധന ,അനിയന്ത്രിതമായ കൂലിചെലവ്, തൊഴിലാളികളുടെ ലഭ്യത കുറവ്, കാലാവസ്ഥ വ്യതിയാനങ്ങൾ ,പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കനത്ത നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം കിട്ടാതിരിക്കൽ എന്നിവ കൃഷി നഷ്ടത്തിലായതു മൂലം കൃഷിഭൂമി തരിശിടുന്നതും പതിവായി.

## 1.കൃഷി

ഇന്നത്തെ അവസ്ഥ

### നെൽകൃഷി

കാർഷിക രംഗത്ത് വളരെക്കാലം മുമ്പ് മുതൽ മുൻപന്തിയിൽ നിന്ന പ്രദേശമാണ് കാലടി. പെരിയാറിൽ നിന്നും എക്കൽ മണ്ണ് കാലടി പ്രദേശത്ത് വന്നടിഞ്ഞിരുന്നതു മൂലംവളരെ ഫലപുഷ്ഠിയുള്ള മണ്ണാണ് ഇവിടത്തേത്. പഴുവിൽ പാഴൂർ മന, പറയത്ത് കുടുംബം, വിവിധ ഊരായ്മ ദേവസ്വങ്ങൾ, മറ്റൂർ മന, പള്ളികൾ, തുടങ്ങിയ ജന്മികളുടെ കൈവശമായിരുന്നു

കൃഷിയിടങ്ങൾ. പാട്ട വ്യവസ്ഥയിലായിരുന്നു കൃഷിക്കാർക്ക് കൃഷി സ്ഥലം നൽകിയിരുന്നത്.ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കൃഷി ഭൂമിയെല്ലാം കർഷകനു സ്വന്തമായി. ഇന്ന് പാടങ്ങളൊക്കെ തുണ്ടു വത്ക്കരിക്കപ്പെട്ടിരിക്കുന്നു. കാർഷിക വൃത്തിയോട് ആഭിമുഖ്യമുള്ള കർഷകരുടെ സാന്നിദ്ധ്യം ഇന്നും കാലടിയുടെ സ്വന്തമാണ്. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്ന് വിളകളാണ് കൃഷി ചെയ്യുന്നത്.. മുണ്ടകൻ കൃഷിയാണ് കൂടുതൽ ചെയ്തു വരുന്നത്. മറ്റു കർഷകരുടെ നിലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകരാണ് ഇപ്പോൾ കൂടതലുള്ളത്. ഉദ്പ്പാദനോപാധികളുടെ വില വർദ്ധനയും കൂലി ചെലവ് വർദ്ധിച്ചതും, തൊഴിലാളികളെ കിട്ടാത്തതും, കാലാവസ്ഥാ വ്യതിയാനങ്ങളും കർഷകർ നെൽകൃഷിയിൽ നിന്ന് വിട്ടുപോകുവാൻ കാരണമായി. നെൽപ്പാടങ്ങൾ തരിശിടുന്നതും ഇന്നു നേരിടുന്ന ഒരു പ്രശ്നമാണ്.

നമ്മുടെ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ പ്രധാനമായും പിരാരൂർ പാടം, മറ്റൂർ പാടം, മുടകുളങ്ങര പാടം, കരപ്പാത്തറ, കീഴേലി പാടം, ചിറ്റേപാടം, തുറപുഞ്ച പനേപ്പാടം, കരിപ്പാത്തറ, കീഴേലിപ്പാടം, മേക്കാലടി പനയാലിപ്പാടം, തേലങ്ങാട്ടുപാടം, ചാത്തങ്കായിപ്പാടം, എന്നിവയാണ്. ഇവയിൽ 90% നവും ഇരിപ്പൂ നിലങ്ങളാണ്.

ചെമ്പാവ്, അതിയൻ, നകര, നുവ്വ, ചിറ്റേനി, ആര്യൻ, ഇട്ടിക്കണ്ടപ്പൻ, രാജമേനി, ചീര, ഓണോട്ടൻ എരുമക്കാരി തുയങ്ങിയ ഉദപ്പാദനക്ഷമത കുറഞ്ഞ വിത്തിനങ്ങളാണ് ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്.IR-8, ജയ തുടങ്ങിയ ഉദ്പ്പാദന ക്ഷമത കൂടിയ വിത്തിനങ്ങൾ വന്നതോടുകൂടി നാടൻ വിത്തിനങ്ങൾ ഉപേക്ഷിക്കപ്പെട്ടു. ഇപ്പോൾ 30 മുതൽ 50 മേനി വരെ വിളവു തരുന്ന

വിത്തിനങ്ങളാണ് കർഷകർ കൃഷി ചെയ്യുന്നത്. എന്നാൽ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിൽ കുറവു വരുന്നതുമൂലം മൊത്തത്തിലുള്ള ഉദ്പ്പാദനം കുറഞ്ഞു വരികയാണ്. അരി വിൽപ്പന കേന്ദ്രമായ കാലടി ഒരു കാലത്ത് നെൽകൃഷിയുടെയും കേന്ദ്രമായിരുന്നു. " എന്റെ ഗ്രാമം തരിശുരഹിതഗ്രാമം" പദ്ധതിയിലൂടെ തരിശു നിലങ്ങൾ ഉടമയെകൊണ്ടോ, അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് കുടുംബശ്രീ, ജെ.എൽ.ജി ഗ്രൂപ്പുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ ഉപയോഗിച്ച് കൃഷി ചെയ്യുകയോ ചെയ്താൽ വരൾച്ചയെ നേരിടുന്നതിനും കാർഷിക സംസ്ക്കാരം പുതു തലമുറയ്ക്ക് കൈമാറുന്നതിനും സഹായകമാകും.

മഴയെ ആശ്രയിച്ചു മാത്രമാണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. ഏത്ത്, തുലാവ്,കയറ്റുകൊട്ട, ചവിട്ടുയന്ത്രം, എന്നിവ ഉപയോഗിച്ച് തേവി നന്നാക്കുന്ന രീതിയും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. കാളകളെ പൂട്ടി ഉഴുതും വിതച്ചും ഞാറു പറിച്ച് നട്ടും ആണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്.

ആധുനിക കൃഷി രീതികളുടെ ആവിർഭാവത്തോടുകൂടി ട്രാക്റ്ററുകളും, പവർ ടില്ലറുകളും ഉപയോഗിച്ചുള്ള കൃഷി രീതി വ്യാപകമായി. ജലസേചന പദ്ധതികളായ ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ, ചാലക്കുടി ഇറിഗേഷൻ പ്രോജക്റ്റ് തുടങ്ങിയ പദ്ധതികളുടെ ആവിർഭാവത്തോടുകൂടി വൻ പരിവർത്തനമാണ് കാർഷിക മേഖലയിൽ ഉണ്ടായത്. വ്യവസായ വത്ക്കരണത്തിന്റെ അതി പ്രസരം കാർഷിക രംഗത്തെ മരവിപ്പിച്ചു. വിത്ത്, വളം, കീടനാശിനി മുതലായവയുടെ അമിത വില വർദ്ധനയും കർഷക തൊളിലാളികളെ ലഭിക്കാതെ വന്നതും കർഷകരെ നിരാശരാക്കി. മുൻ കാലങ്ങളിൽ കൊയ്ത്തിന് കൊയ്ത്തുമെതി യന്ത്രം സാർവ്വത്രികമായി ഉപയോഗിച്ചിരുന്നില്ല. നെൽപ്പാടങ്ങൾ നികത്തിയാൽ കൂടുതൽ വില കിട്ടുമെന്നായപ്പോൾ കർഷകർ നിലം നികത്താൻ തുടങ്ങിയതും നെൽകൃഷിയെ ദേഷകരമായി ബാധിച്ചു. സംസ്കൃത യൂണിവേഴ്സിറ്റി, നിരവധി

വ്യവസായ സ്ഥാപനങ്ങൾ എന്നിവക്കുവേണ്ടി മുമ്പു കൃഷി ചെയ്തിരുന്ന നെൽവയലുകൾ വരെ നികത്തിയത് കാർഷിക മേഖലക്ക് തിരിച്ചടിയായി. ചെമ്പിച്ചേരി പാടം, പിരാരൂർ പാടം, മറ്റൂർ പാടം, പനയാലിപാടം, എന്നി പാടശേഖരങ്ങളിലെല്ലാം ഈ പ്രതിഭാസം കാണാൻ കഴിയും. നെൽകൃഷി നാമാവശേഷമായ അവസ്ഥയിൽ നിന്നും മാറ്റം വരുത്തി കൂടുതൽ പ്രദേശത്ത് നെൽകൃഷി വ്യാപിക്കുന്നതിനുള്ള പരിശ്രമം അനിവാര്യമാണ്.

## തെങ്ങുകൃഷി

മറ്റൊരു മുഖ്യ കൃഷിയായിരുന്നു തെങ്ങു കൃഷി. ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു തെങ്ങ്.2000 ൽ പരം ഏക്കർ പ്രദേശത്ത് ആ കൃഷിയുണ്ടായിരുന്നു. എന്നാൽ ഇന്ന് തെങ്ങ് കൃഷി മൂന്നിൽ ഒന്നായി ചുരുങ്ങി. ആദ്യ കാലങ്ങളിൽ ചാണകം, ചവറ്, കുമ്മായം എന്നിവയാണ് വളമായി ഉപോയഗിച്ചിരുന്നത്. അന്ന് രോഗബാധ കുറവായിരുന്നു. 45 ദിവസത്തിൽ തേങ്ങ ഇടുകയും വർഷത്തിൽ രണ്ട് പ്രാവശ്യം ഒരുക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് രോഗബാധ മൂലം ഉദ്പ്പാദനം കുറയുകയും തെങ്ങ് കയറ്റത്തിനുള്ള ചിലവ് വർദ്ധിക്കുകയും തൊഴിലാളികളുടെ ലഭ്യത കുറയുകയും ചെയ്തതിനാൽ തെങ്ങ് കയറ്റവും ഒരുക്കലും അപൂർവ്വമായി . ഓല മഞ്ഞളിപ്പ്, മണ്ട ചീയൽ, വേരുചീയൽ, ചെല്ലി ബാധ, മണ്ഡരി തുടങ്ങിയ കാരണങ്ങളാൽ തെങ്ങുകൾ വേഗത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണ്.ഒരു കാലത്ത് കർഷകന്റെ മുഖ്യവരുമാനമായിരുന്ന നാളികേരം ഇന്ന്

സ്വന്തം ഉപയോഗത്തിനുപോലും തികയാത്ത അവസ്ഥയിലായി. അത്യുൽപ്പാദന ശേഷിയുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങുകൾ കൃഷി ചെയ്യാനും ചെല്ലി ബാധയെ നിയന്ത്രിക്കുവാനും കഴിഞ്ഞില്ലെങ്കിൽ തെങ്ങ് ഒരു അപൂർവ്വ വസ്തുവായി മാറിയേക്കാം.

## ജാതികൃഷി

ജാതി കൃഷിയിൽ ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായ പ്രദേശമാണ് കാലടി. 120 വർഷങ്ങൾക്കു മുൻപ് ഇവിടെ ജാതി കൃഷി ചെയ്യുവാൻ തുടങ്ങിയിട്ടുണ്ട്. പെരിയാറിനോടു ചേർന്ന്

എക്കൽ നിറഞ്ഞ മണ്ണിലാണ് ജാതി കൃഷി ആരംഭിച്ചത്. പിന്നീട് എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിച്ചു. ജാതിക്കയുടെ കേന്ദ്രമായി കാലടി ഇന്നും അറിയപ്പെടുന്നു. ഇപ്പോൾ 590 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നിലവിലുണ്ട്. ജാതി കൃഷിയിലൂടെ സമ്പന്നരായ കർഷകർ മുൻകാലങ്ങളിലുണ്ടായിരുന്നു. ജാതിക്കായുടെ വിലയിടിവും ഉൽപ്പാദനക്ഷമതയിലുണ്ടായ കുറവും ഈ രംഗത്തുള്ള കർഷകരെ നിരാശരാക്കിയിരുന്നു. ജാതിക്ക ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പനങ്ങൾ നിർമ്മിക്കാനുള്ള ഫാക്ടറിക് ഏറ്റവും അനുയോജ്യമായ ഇടമാണ് കാലടി. അത് ഉപയോഗപ്പെടുത്തണം

## വാഴകൃഷി

വാഴകൃഷിയിലും ഒരു കാലത്ത് നാം സമ്പന്നരായിരുന്നു. ഏത്ത,വാഴ,പാളയംകോടൻ ,പൂവ്വൻ ,പടത്തി,കണ്ണൻ,കുഴിനേന്ത്രൻ, കദളി തുടങ്ങി അനേകം ഇനം വാഴകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗത്ത് കൃഷി ചെയ്തിരുന്നു.ഇപ്പോൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ഏത്തവാഴ കൃഷിയിലാണ്. ഇതിനു തന്നെ പ്രതിബന്ധങ്ങൾ ഏറെയാണ്.രാസവളവും കീടനാശിനികളും

ക്രമാതീതമായി ഉപയോഗിക്കുന്നതുകൊണ്ടു കായയ്ക്കും പഴത്തിനും സ്വാഭാവിക ഗുണമേന്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഏകദേശം 75 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്തു വരുന്നു. പണ്ടു മുതൽ വാഴ കൃഷി നമ്മുടെ നാട്ടിൽ സുലഭമായിരുന്നു. ടിഷ്യു കൾച്ചർ വാഴകളും കൃഷി ചെയ്തു വരുന്നു. വാഴ കൃഷികളിൽ പ്രധാനം ഏത്തവാഴയാണ്. വിലയിൽ വരുന്ന ഏറ്റകുറിച്ചിലുകൾ കർഷകരെ സാരമായി ബാധിക്കുന്നു. കാർഷികോൽപ്പനങ്ങൾ വിറ്റഴിക്കുന്നതിന് കാലടി കേന്ദ്രീകരിച്ച് ഒരു വിപണന കേന്ദ്രം അനിവാര്യമാണ്.

## റബർകൃഷി

ചെറിയ തോതിൽ ഇന്നും റബർ കൃഷി ഇവിടെ ചെയ്തു വരുന്നുണ്ട്. ചരൽ കലർന്ന

ചെമ്മണ്ണിലാണ് ഈ കൃഷി കൂടുതലായി കണ്ടു വരുന്നത്. റബർ ബോർഡിന്റെ ഒരു ഓഫീസ് കാലടിയിൽ പ്രവർത്തിച്ചു വരുന്നു. റബ്ബറിന്റെ വിലത്തകർച്ച ഈ കൃഷിയിൽ നിന്നും കർഷകരെ പിന്നോട്ടടിപ്പിക്കുന്നുണ്ട്.കാലടി പ്ലാന്റേഷൻ, മലയാറ്റൂർ-നീലിശ്വരം പഞ്ചായത്ത്, മൂക്കന്നൂർ ,കറുകുറ്റി എന്നീ ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ റബ്ബർകൃഷി ധാരളമുണ്ട്. ഈ പ്രദേശങ്ങളിലെ ഉൽപ്പാദനം പരിഗണിച്ച് കാലടിയിൽ ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ റബ്ബർ അധിഷ്ഠിത വ്യവസായത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം.

## കുരുമുളക്

നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞു വന്നുകൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് കുരുമുളക്. 100 വർഷത്തിനു മുമ്പുണ്ടായിരുന്നതിന്റെ 10 ശതമാനം പോലും ഇപ്പോൾ കാണപ്പെടുന്നില്ല.ഏക്കർ കണക്കിൽ നോക്കുമ്പോൾ ഉദ്ദേശം 100 ഏക്കറോളം സ്ഥലത്തു കുരുമുളകുണ്ടെന്ന് കണക്കാക്കപ്പെടുന്നുണ്ടെങ്കിലും കുടിയിടങ്ങളിലെ പരിശോധനയിൽ പരിതാപകരമായ സ്ഥിതിയാണ് കാണുന്നത്. പുരയിടത്തിലുള്ള വൃക്ഷങ്ങളിലാണ് ഈ പ്രദേശത്ത് കുരുമുളക് കൃഷി ചെയ്തു വരുന്നത്. കുരുമുളക് തോട്ടമായി കൃഷി ചെയ്യുന്നില്ല. കുറ്റി കുരുമുളക് കൃഷിയും, കരിമുണ്ടയും മറ്റ് സങ്കരയിനം വള്ളികളും പ്രചാരത്തിൽ വരുത്തേണ്ടതുണ്ട്. ജല സേചനം അധികമൊന്നും ആവശ്യമല്ലാത്ത ഈ കൃഷി കർഷകന് ഒരു അധിക വരുമാനമായി ഉപയോഗിക്കുവാൻ കഴിയും. ദ്രുതവാട്ടവും, പരിചരണമുറകളുടെ അഭാവവും ഈ കൃഷി നേരിടുന്ന പ്രധാന വെല്ലുവിളിയാണ്

## പച്ചക്കറി കൃഷി

മുൻ കാലങ്ങളിൽ പച്ചക്കറി കൃഷിയിൽ നിന്നും കർഷകർ പിന്നോക്കം പോയിരുന്നു. എന്നാൽ ഇപ്പോൾ കൂടുതൽ പേർ പച്ചക്കറി കൃഷിയിൽ വ്യാപൃതരാണെന്നത് ആശ്വാസകരമാണ്. അടുക്കളത്തോട്ടങ്ങളും ,മട്ടുപ്പാവു കൃഷിയും, ഗ്രോബാഗിലുള്ള കൃഷിയും വ്യാപിച്ചു വരുന്നുണ്ട്. .കൃഷി വകുപ്പിന്റെയും പഞ്ചായത്തിന്റെയും ഇടപെടലും കർഷകർക്ക് ആശ്വാസമാകുന്നുണ്ട്. രജിസ്റ്റർ ചെയ്ത രണ്ട് ക്ലസ്റ്ററിലെയും കർഷകരും മറ്റ് കർഷകരും ഈ കൃഷിയിൽ വ്യാപൃതരാണ്. കീട നാശിനികളുടെ അമിതമായ ഉപയോഗം മൂലം ഉത്പ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ കഴിച്ചതു മൂലമുണ്ടായിരുന്ന ആരോഗ്യ പ്രശ്നങ്ങൾ വിഷ രഹിത ജൈവ പച്ചക്കറി കൃഷിയിലേക്ക് ജനങ്ങളെ

കൊണ്ടെത്തിച്ചിട്ടുണ്ട്. എങ്കിലും നമുക്കാവശ്യമായ പച്ചക്കറിയുടെ മൂന്നിലൊന്നുപോലും നമുക്ക് ഉദ്പ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

## പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

14 ാംപഞ്ചവത്സരക്കാലത്ത് നാം നേടേണ്ട ലക്ഷ്യങ്ങൾ ചുവടെച്ചേർക്കുന്നു

1. തരിശു നിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുക.
2. കർക്ഷകർ ഉദ്പ്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സർക്കാർ ഏജൻസികളെ കൊണ്ട് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
3. കര നെൽകൃഷി പ്രോത്സാഹിപ്പിക്കുക
4. കാർഷിക മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമാക്കുന്നതിന് കാർഷിക തൊഴിലാളി കർമ്മസേനയുടെ പ്രവർത്തനം എത്രയും വേഗം നടപ്പിലാക്കുക
5. യഥാർത്ഥ കർഷകരെ ഉൾപ്പെടുത്തി പാടശേഖര സമിതികൾ പുനസംഘടിപ്പിക്കുക.
6. കർഷകർ ഉദ്പ്പാദിപ്പിക്കുന്ന കാർഷിക വിളകൾ വിപണനം ചെയ്യുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കുക.
7. കുറ്റി കുരുമുളക് കൃഷി വ്യാപിപ്പിക്കുക
8. ചെളിയുള്ള പാടശേഖരത്തിലും കൊയ്ത്ത് നടത്തുവാൻ കഴിയുന്ന കൊയ്ത്തുമെതി യന്ത്രം വാങ്ങുന്നതിന് പദ്ധതി ഉണ്ടാക്കുക
9. ജൈവ കൃഷി ചെയ്യുന്ന കർഷകർക്ക് ജൈവ വളം സബ്സിഡി നിരക്കിൽ നൽകി ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക.
10. കുള്ളൻ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുക
11. തെങ്ങിന് നല്ല ഇനം ജൈവ വളങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക
12. ജാതി കർഷകർക്ക് വളവും കീടനാശിനിയും സബ്സിഡി നിരക്കിൽ നൽകുക.
13. ജാതി കർഷകരുടെ സഹകരണസംഘം രൂപീകരിച്ച് ജാതി കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
14. ഏത്തവാഴയുടെ വിത്തിന് സബ്സിഡി നൽകുക
15. മട്ടുപ്പാവു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പന്തൽ നിർമ്മാണ ചിലവ് സബ്സിഡിയായി നൽകുക
16. കുമ്പളം , പയറ്, പാവലം,പടവലം , വെള്ളരി തുടങ്ങിയവ ഉൾപ്പെടുന്ന നല്ലയിനം പച്ചക്കറി വിത്തുകൾ(മുളക്കുന്നത്) കൃഷി ഭവൻ വഴി വിതരണം ചെയ്യുക.
17. കൃഷി പണികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക
18. തരിശു നിലത്ത് കൃഷി ചെയ്യുന്ന എല്ലായിനം വിളകൾക്കും സബ്സിഡി അനുവദിക്കുക

19. വളവും കീടനാശിനിയും ചെറുകിട കർഷകർക്കും നൽകുക
20. കർഷകർക്ക് ആവശ്യത്തിന് കുറ്റി പമ്പുകളും പമ്പു സെറ്റുകളും വിതരണം ചെയ്യുക
21. സ്ത്രീകൾക്കും കുട്ടികൾക്കും ഉപയോഗിക്കുവാൻ കഴയുന്ന 5 ലിറ്ററിന്റെ കുറ്റി പമ്പുകൾ വിതരണം ചെയ്യുക
22. പൂ കൃഷി പ്രോത്സാഹിപ്പിക്കുക
23. സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമില്ലാത്ത പച്ചക്കറികളുടെ വിത്തും, കമ്പും വിതരണം ചെയ്യുക
24. ഗാർഡൻ ടില്ലർ, ഹോണ്ടാ മിനി ടില്ലർ, എന്നിവ കർഷകർക്കു നൽകുക
25. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മത്സ്യ കുഞ്ഞുങ്ങളെയും തീറ്റയും സബ്സീഡി നിരക്കിൽ നൽകുക
26. മത്സ്യകൃഷിക്കുള്ള ടാങ്ക് നിർമ്മാണത്തിന് സബ്സിഡി നൽകുക
27. മത്സ്യകൃഷി ചില വ്യക്തികളിൽ കേന്ദ്രീകരിക്കാതെ ആവശ്യമുള്ള മുഴുവൻ കർഷകർക്കും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുക.
28. എല്ലാ തോടുകളും കുളങ്ങളും കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സൈഡ് കെട്ടി സംരക്ഷിക്കുക
29. തോടുകളിൽ തടയിണകളും ആവശ്യമായ സ്ഥലങ്ങളിൽചീപ്പിടലും നിർമ്മിച്ച് നീരോഴുക്ക് നിയന്ത്രിക്കുക
30. ഏറ്റവും വലിയ ജലസംഭരണിയായി വികസിപ്പിച്ചെടുക്കുവാൻ കഴിയുന്ന പിരാരൂർ തുറ അരികുകൾ ഇടിഞ്ഞ് വീണ് ഉപയോഗശ്യൂന്യമാണ്.ഈ ചിറ വൃത്തിയാക്കി സൈഡ് കെട്ടി സുരക്ഷിതമാക്കിയാൽ ധാരാളം വെള്ളം ഈ ചിറയിൽ സംഭരിക്കുവാൻ കഴിയും., 100 ഹെക്ടർ പ്രദേശത്ത് ഇതിന്റെ ഗുണം ലഭിക്കും.മത്സ്യം വളർത്തുന്നതിനും ടൂറിസത്തിനും ഈ ചിറ ഉപോയഗപ്പെടുത്താവുന്നതാണ്
31. ചരിത്ര പ്രാധാന്യമുള്ള തിരുവെള്ളമാൻതുള്ളി ക്ഷേത്രത്തോടു ബന്ധപ്പെട്ടുകിടക്കുന്ന വഴുതകുളം സൈഡ്കെട്ടി സംരക്ഷിക്കുക
32. സിയാലിന്റെ സഹകരണത്തോടുകൂടി ചെങ്ങൽ തോട് കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുള്ളതായി അറിയുന്നു.ഈ തോടിന്റെ ആരംഭം മാണിക്യമംഗലം തുറയിൽ നിന്നുമാണ്.അതിനാൽ മാണിക്യമംഗലം മുതലുള്ള ഏകദേശം 5 കി.മീ ദൈർഘ്യമുള്ള ഈ തോടുകൂടി മേൽ പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
33. പെരിയാറിൽ തടയിണ നിർമ്മിച്ച് പുഴയിലെ ജല നിരപ്പ് ഉയർത്തുക

34. ചെക്കുഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ സംരക്ഷണം, തോടുകളുടെയും പുഴകളുടെയും പാർശ്വഭിത്തി സംരക്ഷണം എന്നിവക്ക് മൈനർ ഇറിഗേഷൻ വകുപ്പിന്റെ സഹായം ലഭ്യമാക്കുക.
35. പെരിയാറിൽ സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുള്ള മുൻകരുതൽ എടുക്കുക.
36. പെരിയാറിൽ ചാലുകീറി ആവണംകോട് ലിഫ്റ്റ് ഇറിഗേഷനുള്ള ജല ലഭ്യത ഉറപ്പു വരുത്തുക.
37. ആവണംകോട് ലിഫ്റ്റ് ഇറിഗേഷന്റെ കനാലുകൾ വെള്ളം ലഭ്യമല്ലാത്ത കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക.
38. ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ നിന്നും മേക്കാലടി ഭാഗത്തേക്ക് കൈപ്പട്ടൂരിൽ നിന്നും ഒരു സബ് കനാൽ നിർമ്മിക്കുക.100 ഏക്കറിൽ കൃഷിക്ക് പ്രയോജനം ലഭിക്കും.

39. അമ്പാട്ട് ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം നിലച്ചു പോയി. ഇത് വീണ്ടും പുനസ്ഥാപിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.
40. ജലസേചന പദ്ധതികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി അംഗങ്ങളും കർഷക പ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സമിതിയുടെ പ്രവർത്തനം അനിവാര്യമാണ്.
41. ഇടമലയാർ, ചാലക്കുടി പദ്ധതികളുടെ പ്രവർത്തനം ഊർജ്ജസ്വലവും സ്ഥിരതയുള്ളതുമാക്കുന്നതിന് വേണ്ട ഇടപെടലുകൾ നടത്തുക.
42. മഴ വെള്ളം ഒഴുക്കി കളയാതെ മണ്ണിൽ സംരക്ഷിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക
43. ഭൂമി മണ്ണിട്ട് നികത്തുന്നതും മണ്ണ് കുഴിച്ചെടുക്കുന്നതും തടയുക
44. പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ കിണറുകളും മോട്ടോറുകളും അനുവദിക്കുക.
45. റൈസ് മില്ലുകൾ , ക്രഷറുകൾ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ അന്തരീക്ഷത്തിലേക്ക് തള്ളി വിടുന്ന കരിയും, ചാരവും, പുകയും പൊടിപടലവും അന്തരീക്ഷത്തെ മലിനമാക്കുന്നു.അമ്ലത്വം നിറഞ്ഞ ഇവ കൃഷിക്കും മനുഷ്യനും ഒരുപോലെ ദോഷം ചെയ്യുന്നു. ഇത് തടയുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകണം. കരിയും ചാരവും പൊടിപടലവും അന്തരീക്ഷത്തിൽ കലർത്തുന്ന വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
46. അമിതമായ പുക പുറന്തള്ളുന്ന വാഹനങ്ങളെ നിയന്ത്രിക്കുക

47. വാഹനങ്ങളിൽ മണ്ണ്, മണൽ, ചാരം മുതലായ സാധനങ്ങൾ മൂടി കൊണ്ടു പോകുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണം.
48. കക്കൂസ് മാലിന്യം, പ്ലാസ്റ്റിക്, കുപ്പിചില്ല്, ഇ–മാലിന്യം, സി.എഫ്.എൽ, കോഴിവേസ്റ്റ് തുടങ്ങിയ മാലിന്യങ്ങൾ തോടുകളിലും കുളങ്ങളിലും വഴിയരികിലും ഓടകളിലും തള്ളി പരിസരം മലിനമാക്കുന്നത് തടയുക
49. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുക.
50. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം നിയന്ത്രിക്കുക
51. 1/2 സെന്റിൽ കുറയാത്ത അടുക്കള കുളം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക
52. മത്സ്യ ക്ലബുകൾക്ക് വല, മോട്ടോർപമ്പ് വെള്ളത്തിന്റെ പി.എച്ച് അളക്കുന്നതിനുള്ള കിറ്റ്, തീറ്റ, മരുന്നുകൾ മുതലായവ സൗജന്യ നിരക്കിൽ നൽകുക
53. പടുത കുളം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക
54. കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുക
55. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക
56. പഞ്ചായത്തു പ്രദേശത്ത് മത്സ്യ തീറ്റ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
57. പൊതു കുളങ്ങൾ സംരക്ഷിച്ച് മത്സ്യ കൃഷിക്ക് ഉപയുക്തമാക്കുക.

**2.മൃഗസംരക്ഷണം**

ഗ്രാമപുരോഗതിയുടെ മുഖ്യ ഘടകങ്ങളിൽഒന്നാണ്മൃഗസംരക്ഷണം.മുൻകാലങ്ങളിൽ ഗ്രാമപ്രേദേശങ്ങളിൽ ഒരു പശുവോ, ആടോ, മുട്ടകോഴികളോ ഇല്ലാത്ത വീടുകൾ അപൂർവ്വമായിരുന്നു.പാലിന്റെയും മുട്ടയുടെയും കാര്യത്തിൽ സ്വയംപര്യാപ്തമായിരുന്നു ഓരോ ഗ്രാമപ്രദേശവും.മുൻകാലങ്ങളിൽ കൃഷിക്ക് നിലമൊരുക്കുന്നതിന് കാളകൾ അത്യാവശ്യ ഘടകമായിരുന്നു.എന്നാൽ ആധുനിക ഉഴവുയന്ത്രങ്ങളുടെ വരവോടെ കാളകളെ വളർത്തുന്നത് ഒഴിവാക്കപ്പെട്ടു.സ്ഥലത്തിന്റെ ലഭ്യകുറവും തീറ്റപ്പുല്ലിന്റെ യാമവും ഉൽപന്നത്തിന് നല്ല വില ലഭിക്കാത്തുമൂലം പല കർഷകരും ഈ മേഖലയിൽ നിന്നും

പിൻമാറികൊണ്ടിരിക്കുന്നു. തരിശു നിലങ്ങളിൽ തീറ്റപുൽ ഉൽപ്പാദിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടിയിരിക്കുന്നു.മൃഗസമ്പത്ത് ഗ്രാമ പുരോഗതിക്ക് സഹായകമായ ഘടകങ്ങളിലൊന്നാണ്. കാർഷിക സമ്പദ്വ്യവസ്ഥയിലധിഷ്ഠിതമായ ഗ്രാമ സമ്പദ്വ്യവസ്ഥകൾക്ക് മൃഗ സമ്പത്ത് വളരെ പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്.കാർഷികാവശ്യങ്ങൾക്കു പുറമേ ഭക്ഷണത്തിനും മറ്റു ഉൽപ്പന്ന നിർമ്മാണത്തിനും മൃഗസമ്പത്ത് വളരെയേറെ പ്രയോജനപ്പെടുത്താവുന്നതാണ്. നിത്യ ജീവിതത്തിൽ പോഷക പ്രധാനമായ വസ്തുക്കൾ മൃഗപരിപാലനം വഴി ഓരോ കുടുംബത്തിനും ലഭ്യമാക്കാവുന്നതാണ്. ആരോഗ്യം സംരക്ഷിക്കുന്നതിനും മൃഗ സമ്പത്ത് വളരെ പ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. ഭക്ഷണത്തിനും മറ്റ് ഭക്ഷ്യോൽപ്പന്ന നിർമ്മാണത്തിനും മൃഗസമ്പത്ത്

ഉപയോഗിക്കുവാൻ കഴിയും. ചാണകം നല്ലൊരു ജൈവവളമാണ്. മാംസം, പാൽ, മുട്ട, തുടങ്ങിയ ഭക്ഷ്യ പദാർത്ഥങ്ങൾ പക്ഷി

മൃഗാദികളിൽ നിന്നും നമുക്ക് ലഭിക്കുന്നു. മുൻ കാലങ്ങളിൽ നിലം ഉഴവുന്നതിന് കന്നു കാലികളെയാണ് ആശ്രയിച്ചിരുന്നത്. ട്രാക്ടർ, ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ വന്നതോടുകൂടി നിലം ഉഴവുന്നതിന് കന്നുകാലികളെ ഉപയോഗിക്കാതായി. പശു ഓരോ കുടുംബത്തിന്റേയും ആരേഗ്യകരമായ ജീവിതത്തിന്റെ ലക്ഷണമായി കണക്കാക്കിയിരുന്നു. കൃഷിയിടത്തിലെ പുല്ലും വയ്ക്കോലും കന്നുകാലികൾക്ക് ഭക്ഷണമായും ചാണകം വളവും ഇന്ധനവുമായും ഉപയോഗപ്പെടുത്തുവാൻ കഴിയും. സ്ഥല പരിമിതിയും പരിപാലന ചിലവിനുള്ള വർദ്ധനവും കർഷകരെ കാലി വളർത്തലിൽ നിന്നും പിന്തിരിപ്പിച്ചിട്ടുണ്ട്. മാംസത്തിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ ധാരാളമായി ഇവിടെ എത്തിക്കുന്നുണ്ട്. രോഗബാധയുള്ളവയും ഇതിൽ ഉൾപ്പെടുന്നു. പോഷകാഹാരപ്രദമായ മുട്ടയുടെ ഉൽപ്പാദനവും നമ്മുടെ നാട്ടിൽ കുറഞ്ഞ് വരുന്നു. ഇതിനും നാം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇത് നമ്മുടെ സാമ്പത്തിക ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്. പാലും, മുട്ടയും നമ്മുടെ നാടിന്റെ ഉപയോഗത്തിന് ആവശ്യമുള്ളത്

സ്വയം ഉദ്പ്പാദിപ്പിക്കുവാനുള്ള കൂട്ടായ ശ്രമം അനിവാര്യമാണ്.

മുൻ കാലങ്ങളിൽ പരമ്പരാഗതമായ രീതിയിലുള്ള മൃഗ പരിപാലന രീതികളാണ് പിൻതുടർന്നിരുന്നത്. ഉൽപ്പാദന ക്ഷമത കുറഞ്ഞ നാടൻ പശുക്കളെയാണ് അക്കാലത്ത് വളർത്തിപോന്നിരുന്നത്. എന്നാൽ ഇന്ന് നാടൻ പശുക്കളുടെ സ്ഥാനത്ത് അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെയാണ് വളർത്തുന്നത്. സ്ഥലത്തിന്റെ കുറവും

പരിപാലന ചിലവിന്റെ വർദ്ധനവും തീറ്റപ്പുല്ലിന്റെ ക്ഷാമവും കാലി വളർത്തുന്ന കർഷകർക്ക് പ്രതികൂലമായി ബാധിച്ചിരിക്കുന്നു. പലകർഷകരും ഈ മേഖലയിൽ നിന്നും പിൻമാറിയിരിക്കുകയാണ്. തരിശു സ്ഥലങ്ങളിൽ തീറ്റപുൽകൃഷി വ്യാപിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. നെൽകൃഷിയുടെ കുറവ് വയ്ക്കോലിന്റെ ക്ഷാമം വർദ്ധിപ്പിച്ചു. ഉൽപ്പാദന ചിലവിന് ആനുപാതികമായി ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്തതും മൃഗ പരിപാലന രംഗത്ത് വെല്ലുവിളിയാണ്. രോഗങ്ങൾ കാലി കർഷകർക്ക് മറ്റൊരു തിരിച്ചടിയാണ്. തെരുവുനായ്ക്കളുടെ ആധിക്യം കർഷകർ നേരിടുന്ന വൻ ദുരന്തമാണ്. നിരവധി ആടുകളും, കാലികളും, താറാവ്, കോഴി മുതലായവയും ഇവയുടെ ആക്രമണം മൂലം കൊല്ലപ്പെടുന്നു. ഇവയെ നിയന്ത്രിച്ചില്ലെങ്കിൽ കാലി വളർത്തൽ ദുഷ്കരമാകും. എല്ലാത്തരം പക്ഷിമൃഗാദികൾക്കും അവയെ വളർത്തുന്ന കർഷകർക്കും ഇൻഷുറൻസ് പരിരക്ഷ, നടപ്പാക്കേണ്ടത് അനിവാര്യമാണ്. ഉൽപ്പാദനം, സംസ്കരണം വൈവിദ്ധ്യവൽക്കരണം, വില നിർണ്ണയം, വിപണനം എന്നിവ പ്രദേശികമായി നടപ്പാക്കുന്നതിന് ഉതകുന്ന ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. മുയൽ, കോഴി, താറാവ്, ആട് മുതലായവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. അതു വഴി ഗ്രാമത്തിന് നല്ല ഉൽപ്പന്നങ്ങൾ ലഭ്യമാകും. മൃഗ സമ്പത്ത് വർദ്ധിപ്പിച്ച് ഈ മേഖലയിൽ സ്വയം പര്യാപ്തമാകുവാൻ കഴിയണം. ഫീഡ് മിക്സിംഗ് യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ച് കാലി തീറ്റയുടെ ക്ഷാമവും വിലവർദ്ധനയും പരിഹരിക്കുവാൻ കഴിയണം. ഡയറി ഫാമുകളുടെ പ്രോത്സാഹനവും ഈ രംഗത്ത് അനിവാര്യമാണ്. ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു സ്ലോട്ടർ ഹൗസ് രോഗ രഹിതമായ മാംസം ലഭിക്കുന്നതിന് അത്യാവശ്യമാണ്. ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ഓപ്പറേഷൻ തീയേറ്റർ മൃഗാശുപത്രിയിൽ തുടങ്ങുന്നത് കർഷകർക്ക് വളരെ ആശ്വാസം നൽകുന്നതാണ്.

## പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

മൃഗസംരക്ഷണ മേഖലയിൽ നാം നേരിട്ട്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിച്ച് വരുകയാണ്. തീറ്റപുൽ കൃഷിചെയ്യുക, തെരുവ് നായ്ക്കളെ നിയന്ത്രിക്കുക , ഡയറിഫാം അനുവദിക്കുക, പരിശീലന ക്ലാസ്സുകൾ നടത്തുക, കുടുംബശ്രീ വഴി മൃഗ സംരക്ഷണം പ്രോത്സാഹിപ്പിക്കുക,നല്ലക്ഷീര കർഷകനെ കണ്ടെത്തി അംഗീകാരം കൊടുക്കുക, സൗജന്യമായി ഉൽപ്പാദന ശേഷിയുള്ള കറവപ്പശുക്കളെ വിതരണം ചെയ്യുക,ഓപ്പറേഷൻ തീയേറ്റർ അനുവദിക്കുക എന്നിവ പഞ്ചവത്സരക്കാലത്തെ ലക്ഷ്യങ്ങളാണ്

നിർദ്ദേശങ്ങൾ

1. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക
2. സഹകരണാടിസ്ഥാനത്തിൽ ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിക്കുക
3. തരിശ്ശു നിലങ്ങളിൽ കാലിത്തീറ്റപ്പുല്ല് കൃഷി നടത്തുക
4. സസ്യാവശിഷ്ടങ്ങൾ കാലിത്തീറ്റയ്ക്ക് ഉപയോഗിക്കുക
5. ഗ്രാമത്തിലെ മൃഗങ്ങളെ ഇൻഷൂർ ചെയ്യുക
6. മൃഗങ്ങളുടെ രോഗങ്ങൾ യഥാസമയം കണ്ടെത്തി ഉചിതമായ ചികിൽസ നൽകുക
7. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി അടിയന്തിരമായി സർക്കാർ വക പുതിയ കെട്ടിടം പണിത് മാറ്റുക.
8. കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
9. മൃഗങ്ങളുടെ പകർച്ച വ്യാധികൾ തടയുക.
10. ശുചിത്വമുള്ള കാലിത്തൊഴുത്തുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക
11. മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുക
12. മൃഗ സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉചിതമായ പരിശീലനം നൽകുക
13. വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക
14. ലാഭകമായ മൃഗ സംരക്ഷണം പ്രോത്സാഹിപ്പിക്കുക
15. രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.
16. മികച്ച നേട്ടം കൈവരിക്കുന്ന കർഷകർക്ക് പ്രോത്സാഹനം നൽകുക
17. ആധുനിക മൃഗസംരക്ഷണ മാർഗ്ഗങ്ങൾ സംബന്ധിച്ച അറിവ് ഗ്രാമവാസികൾക്ക് ലഭ്യമാക്കുകയും, അതോടൊപ്പം കൂടുതൽ സൗകര്യങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക.
18. കൊതുകു നിവാരണ പദ്ധതികൾ നടപ്പിലാക്കുക
19. കാലി രോഗങ്ങൾ സംബന്ധിച്ചും നിവാരണ മാർഗ്ഗങ്ങൾ സംബന്ധിച്ചും ഗ്രാമീണരെ ബോധവൽക്കരിക്കുക
20. മൃഗാശുപത്രിയുടെ സേവനം കാര്യക്ഷമമാക്കുകയും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്യുക
21. നല്ലയിനം കാലികളെയും മറ്റു വളർത്തു മൃഗങ്ങളെയും വളർത്തു പക്ഷികളേയും സംബന്ധിച്ച് ഗ്രാമവാസികൾക്ക് വിവരം ലഭ്യമാക്കുകയും ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ പരിചരണ മാർഗ്ഗങ്ങൾ സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്യുക.
22. ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയേറ്റർ മൃഗാശുപത്രിയിൽ സജ്ജമാക്കുക.
23. ഉൽപ്പാദന ക്ഷമതവർദ്ധിപ്പിക്കുവാൻ അനുയോജ്യമായ സാങ്കേതിക വിദ്യയും മാനേജ്മെന്റ് സങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുക.

24. ഈ മേഖലയിൽ മുഴുവൻ സമയ തൊഴിൽ തേടുന്നവരുടേയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടേയും എണ്ണം വർദ്ധിപ്പിക്കുക.
25. തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കുക.
26. മൃഗ ചികിത്സാ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുക. മരുന്ന് വാങ്ങുവാൻ ഫണ്ട് അനുവദിക്കുക.
27. പേവിഷ നിർമ്മാർജ്ജനത്തിൽ ജന പങ്കാളിത്തം ഉറപ്പ് വരുത്തുക ആവശ്യമായ ഫണ്ട് നൽകുക
28. മൃഗ സംരക്ഷണ മേഖലയിൽ ഏർപ്പെടുന്നവർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുക
29. രോഗം ബാധിച്ച കാലികളുടെ മാംസം വിൽക്കുന്നത് തടയുക.
30. വന്ധ്യതാ നിവാരണ ക്യാമ്പ് സംഘടിപ്പിക്കുക
31. കന്നുകാലി പരിപാലന പദ്ധതി നടപ്പിലാക്കുക
32. ചാണകം ഉണക്കുവാനുള്ള യന്ത്രങ്ങൾ വാങ്ങി ക്ഷീര സംഘങ്ങൾക്ക് നൽകുക.
33. ശുദ്ധമായ മാംസോൽപ്പാദനവും വിപണനവും ലക്ഷ്യമാക്കിക്കൊണ്ട് ആധുനിക രീതിയിലുള്ള സ്ലോട്ടർ ഹൗസ് നിർമ്മിച്ചിരിക്കുന്നത് പ്രവർത്തന പഥത്തിലെത്തിക്കുക.
34. ചാണകം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുക.
35. കന്നുകാലി പരിപാലന പദ്ധതി നടപ്പിലാക്കുമ്പോൾ ക്ഷീര കർഷകർക്ക് മുൻഗണന നൽകണം.
36. ക്ഷീര കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ലിറ്റർ ഒന്നിന് 5/- രൂപ പ്രകാരം സബ്സിഡി അനുവദിക്കുക.
37. തരിശ്ശു ഭൂമിയിൽ തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 10000/- രൂപ സബ്സിഡി അനുവദിക്കുക.
38. പൊതു സ്ഥലങ്ങളിൽ കെട്ടുന്ന കന്നുകാലികളെ ആക്രമിച്ച് കൊല്ലുന്ന തെരുവ് നായ്ക്കളെ ഈ പഞ്ചായത്ത് പ്രദേശത്തുനിന്നും ഉന്മൂലനം ചെയ്യുക
39. മൃഗാശുപത്രികൾ വഴി ചികിത്സക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുക.
40. ആഴ്ചയിലൊരിക്കൽ മൃഗാശുപത്രിയിൽ നിന്നും ഡോക്ടർ വന്ന് ക്ഷീര സംഘങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക.
41. പട്ടിക വിഭാഗത്തിൽപ്പെട്ട ക്ഷീര കർഷകർക്ക് പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ച് കറവപ്പശുക്കളെ വിതരണം ചെയ്യുക.
42. ഡയറി ഫാം പ്രോത്സാഹിപ്പിക്കുക.
43. കാലിത്തൊഴുത്ത് നിർമ്മാണത്തിന് സഹായം നൽകുക.
44. വൈറ്റമിൻ സപ്ലിമെന്റ്, മിനറൽ മിക്സ്ച്ചർ, മീനെണ്ണ എന്നിവ സൗജന്യ നിരക്കിൽ കർഷകർക്ക് നൽകുക.
45. കർഷക സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുക.
46. വീട്ടമ്മമാർക്ക് പാലുൽപ്പന്ന നിർമ്മാണത്തിൽ പരിശീലനം നൽകുക.
47. തൊഴുത്ത് വൃത്തിയാക്കുന്നതിന് അണു നാശിനി വിതരണം ചെയ്യുക.
48. ഉദ്പ്പാദന ശേഷി കൂടുതലുള്ള കറവ പശുവിനെ ക്ഷീര കർഷകർക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

**3.സാമൂഹ്യ നീതി**

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽആകെ 28 അംഗനവാടികളാണുള്ളത്.ഇതിൽസ്വന്തമായികെട്ടിടമില്ലാത്ത 11അംഗൻവാടികൾക്കും കെട്ടിടം പണിയുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾസ്വീകരിക്കുകയുംകെട്ടിടം പണിയുന്നതിന് ഫണ്ട്കണ്ടെത്തുകയുംചെയ്യേണ്ടതാണ്. സ്വന്തമായികുടിവെള്ളസൗകര്യമില്ലാത്ത അംഗൻവാടികൾക്ക് കുടിവെള്ളസൗകര്യംഉണ്ടാക്കേണ്ടതുണ്ട്.സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥ,അങ്കണവാടിക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങളുടെ ലഭ്യത കുറവ്, ഗ്യാസ് അടുപ്പ്, ഫർണീച്ചർ, കളിപ്പാട്ടങ്ങൾ, ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക

**ശാരീരിക മാനസീകവെല്ലുവിളി നേരിടുന്നവർ**

നിലവിൽ ശാരീരീക മാനസീക വൈകല്യമുള്ള 61 കുട്ടികൾക്കാണ് സ്ക്കോളർഷിപ്പ് നൽകുന്നത്.

അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും അംഗപരിമിതർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

വൃദ്ധർ

60 വയസ്സിന് മുകളിലുള്ള എല്ലാ വയോജനങ്ങളുടേയും ജീവിത ഭദ്രത ഉറപ്പാക്കുക. ഒറ്റപ്പെട്ട് കഴിയുന്ന വയോധികർക്കും മക്കളുടെ ജോലി തിരക്കു മൂലം കുടുംബത്തിൽ ഒറ്റപ്പെടുന്നവർക്കും മാനസീക ശാരീരീക ഉല്ലാസത്തിനായി പകൽ വീടുകളുടെപ്രവർത്തനം മെച്ചപ്പെടുത്തൽ ആവശ്യമാണ്.

വയോജന കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ട രോഗ പരിശോധനകൾ നടത്തി മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

ഗ്രാമപഞ്ചായത്തിൽ ആകെ 28 അങ്കൺവാടി ഉണ്ട്.സ്വന്തമായി കെട്ടിടം ഇല്ലാത്ത 11 എണ്ണം ഉണ്ട്. ഇതിന് കെട്ടിടം പണിയുക എന്നതും, ഭൂമി ഇല്ലാത്ത അങ്കൺവാടികൾക്ക് ഭൂമി കണ്ടെത്തുക എന്നതും അങ്കണവാടി സൗകര്യം ഇല്ലാത്ത പ്രദേശങ്ങളെ മനസ്സിലാക്കി പുതിയതായി അങ്കണവാടികൾ സ്ഥാപിക്കുക എന്നതുമാണ് ഒരു ലക്ഷ്യം. നിലവിൽ ഉള്ള അങ്കണവാടികളുടെ കുറവുകൾ പരിഹരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാന മിഷന്റെ ഭാഗമായ മാലിന്യ നിർമ്മാർജ്ജനം പരിസ്ഥിതി സൗഹൃദം , പ്ലാസ്റ്റിക് വിമുക്തമായ അങ്കണവാടിയാക്കി മാറ്റുക. പഞ്ചായത്തിൽ ആകെ വൈദ്യുതി, കുടിവെള്ളം, റോഡ് സൗകര്യങ്ങൾ കോമ്പൗണ്ട് വാൾ എന്നിവ എല്ലാം ഒരുക്കി സുരക്ഷിതമാക്കി അങ്കണവാടികളെ മാറ്റും. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാനസീകമായ ഉല്ലാസത്തിനായി മെഡിക്കൽ ക്യാമ്പുകൾ,ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർ, വയോജനങ്ങൾ , മാനസീകവും ശാരീരികവുമായ ഉല്ലാസത്തിന് വയോജന കൂട്ടായ്മകൾ, രോഗ പരിശോധനയും മരുന്ന് നൽകലും, പകൽവീട് പദ്ധതി ഉൾപ്പെടെ നടപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

**4.വനിതാവികസനം**

ഇന്നത്തെ അവസ്ഥ

1994 ലെ പഞ്ചായത്ത് രാജ്/നഗരപാലിക നിയമങ്ങളിലൂടെ സ്ത്രീകൾക്ക് തദ്ദേശഭരണത്തിൽ

അമ്പതു ശതമാനം പ്രതിനിധ്യം നൽകിയതോടൊ സ്ത്രീകൾ മടിക്കൂടാതെ സാമൂഹ്യ ,സാംസ്ക്കാരിക-രാഷ്ട്രീയ

രംഗങ്ങളിൽ മുൻകാലങ്ങളിലേതിനേക്കാൾ പ്രവർത്തന നിരതരായി വിദ്യാഭ്യാസ മേഖലയിലും തൊഴിൽ

മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം പതിന്മടങ്ങു വർദ്ധിച്ചു. എന്നാൽ പല മേഖലകളിലും തൊഴിലാളികളിലെ ചൂഷണങ്ങൾ നിലനിൽക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിനും പെൺകുട്ടികളോടുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും ഉതകുന്ന നടപടികൾ കൂടുതൽ ശക്തമായി നടപ്പാക്കേണ്ടതുണ്ട്.

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുൻപന്തിയിലായിരുന്നു.മുൻകാലങ്ങളിൽ കേരളത്തിലെ പുരുഷൻമാരുടെ വിദ്യാഭ്യാസവുമായി താരതമ്യം ചെയ്താൽ സ്ത്രീകളുടെ വിദ്യാഭ്യാസം വളരെ പരിമിതമായിരുന്നു. സ്ത്രീകളുടെ മുന്നേറ്റത്തിൽ അനാചാരങ്ങൾ ഏറെ തടസ്സം നിന്നിരുന്നു. പൊതു രംഗത്ത് പ്രവർത്തിച്ചിരുന്ന സ്ത്രീകളെ മോശമായിട്ടാണ് സമൂഹം കണ്ടിരുന്നത്.

കുടുംബങ്ങളിൽ സ്തീകൾക്ക് മാന്യമായ സ്ഥാനം ഉണ്ടായിരുന്നില്ല. നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഇടപെടൽ തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ പരിഗണന ലഭിക്കുവാനിടവരുത്തി.  കൂലിയുടെ കാര്യത്തിൽ ഈ തുല്യത നേടാനായിരുന്നില്ല. പ്രായപൂർത്തിയായ മുഴുവൻ സ്ത്രീകൾക്കും വോട്ടവകാശം ലഭ്യമായിരുന്നെങ്കിലും മറ്റ് സാമൂഹ്യ ഇടപെടലിൽ നിന്നും ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ നിന്നും സ്ത്രീകൾ അകറ്റി നിർത്തപ്പെട്ടിരുന്നു. നമ്മുടെ പഞ്ചായത്തിൽ 3 ഹൈസ് സക്കൂളുകൾ നിലവിലുണ്ടായിരുന്നെങ്കിലും അവിടെ വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ എണ്ണം നാമമാത്രമായിരുന്നു. കൃഷി പണികൾ നിർമ്മാണ ജോലികൾ, പനമ്പു നെയ്ത്ത്, പായ നെയ്ത്ത്, തുടങ്ങി എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾ തൊഴിലെടുത്തിരുന്നു. രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും തൊഴിലാളി സംഘടനകളിലും, സാംസ്ക്കാരിക സംഘടനകളിലും, ശാസ്ത്ര സാഹിതയ പരിക്ഷത്ത് തുടങ്ങിയവയിലും സ്ത്രീകളുടെ പങ്കാളിത്തമുണ്ടായിരുന്നെങ്കിലും അത് വളരെ പരിമിതമായിരുന്നു. ഏതാനും സ്ത്രീകളുടെ നേതൃത്വത്തിൽ മഹിളാ സമാജങ്ങൾ പ്രവർത്തിച്ചിരുന്നു.

സ്ത്രീകൾ വിദ്യാഭ്യാസ മേഖലയിലും, തൊഴിൽമേഖലയിലും ഇക്കാലത്ത് വൻ കുതിച്ചു ചാട്ടമാണ് നടത്തിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പുരുഷൻമാരെ ബഹുദൂരം

പിന്നിലാക്കി. തൊഴിൽ രംഗത്തും ഈ മുന്നേറ്റം കാണാം. പൊതു മേഖലാ ബാങ്കുകളിലും സർക്കാർ സർവ്വീസിലും തൊഴിൽ നേടുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളായി. ഉയർന്ന മാർക്കോടെ വിജയിച്ചു വരുന്നവരുടെ എണ്ണത്തിലും സ്ത്രീകൾ വളരെ മുന്നിലാണ്. രാഷ്ട്രീയ, സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ വലിയ സാന്നിദ്ധ്യം പ്രകടമാണ്. പുതു തലമുറയിലെ കുട്ടികൾക്കിടയിൽ സ്ത്രീ–പുരുഷ  വേർ തിരിവ് വളരെ കുറഞ്ഞിട്ടിണ്ടെന്നുള്ളത് വളരെ [illegible] വിദ്യാഭ്യാസത്തിന്റെ കുറവും, മയക്കുമരുന്നിന്റെയും ,മദ്യത്തിന്റെയും അമിതമായ

ഉപയോഗവും അശ്ലീല ആസ്വാദനത്തിന്റെ വർദ്ധനവും, ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനവും ചെറിയൊരു വിഭാഗം പുരുഷൻമാരെ സ്ത്രീകളുടെ ശത്രുക്കളാക്കിയിരിക്കുന്നു. ഇത്തരക്കാരുടെ അരുതായ്മകൾ സ്ത്രീകൾക്ക് ഇന്നും ഭീക്ഷണിയാണ്. തൊഴിലിടങ്ങളിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ബന്ധുക്കളിൽ നിന്നും, അയൽവാസികളിൽ നിന്നും എന്തിന് കുടുംബാംഗങ്ങളിൽ നിന്നുവരെ അനുഭവപ്പെടുന്ന പീഡനങ്ങളിൽ നിന്നും പ്രത്യേകിച്ച് കുട്ടികളെ സംരക്ഷിക്കേണ്ടതുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിനുള്ള ഊർജ്ജിതമായ ഇടപെടൽ സ്ത്രീ സുരക്ഷക്ക് അത്യന്താപേക്ഷിതമാണ്. ഇതിനായി വാർഡ് തലത്തിൽ വനിതകളുടെ നേതൃത്വത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ .തടയുന്നതിന് ഒരു ജാഗ്രതാ സമിതിയും പരാതി പരിഹാര

സെല്ലും രൂപീകരിച്ച് പ്രവർത്തിച്ചാൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറക്കുന്നതിനും സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കും.

വീടുകളിൽ കുട്ടികളെ വളർത്തുന്നതിൽ ആൺകുട്ടികളോടും പെൺകുട്ടികളോടും ഉള്ള മനോഭാവത്തിലുള്ള വ്യത്യാസം ഒരു അളവ് വരെ ഇന്നും നിലനിൽക്കുന്നുണ്ട്. ഈ പ്രവണത സമൂഹത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. സ്ത്രീകൾക്ക് സ്വതന്ത്രമായും സുരക്ഷിതമായും ജീവിക്കാനുള്ള സാഹചര്യം രൂപപ്പെടേണ്ടതുണ്ട്.

### <u>പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ</u>

സ്ത്രീകളുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയുടെ നിലവാരത്തെ കാണിക്കുന്നു. പൗരാണിക ഭാരത ചരിത്രം പരിശോധിച്ചാൽ സത്രീകൾക്ക് ഉന്നതമായ സ്ഥാനം ലഭിച്ചിരുന്നതായി കാണാം.

സ്ത്രീകൾ ആദരിക്കപെട്ടിരുന്നു, ബഹുമാനിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളോട് ഉള്ള

പെരുമാറ്റത്തിലും പ്രവർത്തനത്തിലും അപകടകരമായ ചില സൂചനകൾ കാണുന്നു. ഇതിന് മാറ്റം വരുത്താൻ സർക്കാരിന്റെ പുതിയ വിഷൻ പ്രവർത്തനങ്ങളേയും ജാഗ്രത സമിതിയും കുടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകൾക്ക് 50% സംവരണം ലഭ്യമാക്കപ്പെട്ട സംസ്ഥാനം ആണ് കേരളം എന്നുള്ളത് സ്ത്രീ

ശാക്തീകണം വളരെ നല്ല നിലയിൽ നടപ്പാക്കി മുന്നോട്ട് പോകുന്നു എന്നും നമ്മളെ സംബന്ധിച്ച് അഭിമാനിക്കാവുന്നതാണ്. എന്നാൽ സ്ത്രീകൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ, ജീവിതശൈലി, രോഗങ്ങൾ മാറ്റി എടുക്കുന്നതിന് ഈ രംഗത്തെ ക്ലാസ്സുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നതോടൊപ്പം അവർക്ക് ആവശ്യമായ ആശുപത്രി സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാഭ്യാസപരമായും, തൊഴിൽപരമായും കായികവും, കലാപരവും സാംസ്ക്കാരികവുമായ വനിതകളുടെ സേവനങ്ങൾ കുറെകൂടി മെച്ചപ്പെടുത്തി ചെയ്യേണ്ടതുണ്ട്. വനിതകൾക്കായി പ്രത്യേക തൊഴിൽ പരിശീലനവും വിദ്യാഭ്യാസ പരിശീലനവും അവരുടെ ജീവിത നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിന് സ്വയം തൊഴിൽ പദ്ധതികളും ചെറുകിടവ്യവസായ യൂണിറ്റുകളും തുടങ്ങുന്നതിനുള്ള പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.ചെറുകിട തൊഴിൽ സംരംഭ പരിശീലനം ഒരു [illegible]

പഞ്ചായത്ത് ലക്ഷ്യം വക്കുന്നു. കുടുംബശ്രീ തൊഴിലുറപ്പ് രംഗത്ത് കാർഷീക മേഖലയിൽ കുറെകൂടി

മെച്ചപ്പെട്ട ഇടപെടലുകൾ വനിതകൾക്കായി നടപ്പാക്കാൻ 13-ാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിടുന്നു. പഞ്ചവത്സരക്കാലത്ത് നേടേണ്ട ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള പൊതു നിർദ്ദേശങ്ങൾ

1. വൃദ്ധർ, മദ്ധ്യ വയസ്സിലെത്തിയവർ, യുവതികൾ, കൗമാരക്കാർ തുടങ്ങി സത്രീകൾക്ക് ഓരോ ഘട്ടത്തിലും ആവശ്യമായ കൗൺസിലിങ്ങ് നൽകുന്നതിനാവശ്യമായ വിദഗ്ദ്ധ ട്രയിനറെ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.
2. സ്ത്രീകൾക്ക് സൗജന്യ യോഗ പരിശീലനം വാർഡ് തലത്തിൽ നൽകുക
3. തയ്യൽ പരിശീലനം ലഭ്യമായ വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യു ക.
4. പേപ്പർബാഗ്, തുണിസഞ്ചി എന്നിവയുടെ നിർമ്മാണത്തിനും വിപണനത്തിനും പദ്ധതി ആവിഷ്ക്കരിക്കുക
5. ചന്ദനത്തിരി, മെഴുകുതിരി, സോപ്പ്, സോപ്പുപൊടി, ദ്രാവക സോപ്പ് എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ നൽകുകയും വിപണനത്തിനുള്ള നടപടി എടുക്കുകയും ചെയ്യുക.
6. ബുക്കു നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കുക.
7. വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക
8. കുടുംബശ്രീ തലത്തിൽ മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ പരിശീലനവും, വിപണനകേന്ദ്രം ഇവ നടപ്പിലാക്കുക.
9. ചവിട്ടി നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കുക
10. ജൈവ പച്ചക്കറിക്ക് കുടുംബശ്രീ വഴി പ്രോത്സാഹനം നൽകുക. ഇതിനാവശ്യമായ ട്രയിനിങ്ങും കാർഷീകോപകരണങ്ങളും നൽകുക.
11. കുടുംബശ്രീ വഴി ആര്യവേപ്പിൻ തൈകൾ നടുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. മഞ്ഞൾ കൃഷിയും വ്യാപിപ്പിക്കുക.

12 17 വാർഡുകളിലും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക. കാലടി പഞ്ചായത്തിനോടനുബന്ധിച്ച് ആയുർവ്വേദ ഹോസ്പിറ്റൽ

13.വനിതകൾ മാത്രം താമസിക്കുന്ന വീടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തുന്നതിനാവശ്യമായ പദ്ധതി എ.പി.എൽ/ ബി.പി.എൽ വ്യത്യാസ മില്ലാതെ നടപ്പിലാക്കുക

13 വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുവാനുള്ള ബോധ വത്ക്കരണം വാർഡു തലത്തിൽ നടത്തുക

14 കുറഞ്ഞ നിരക്കിൽ ഒരു ഭക്ഷണശാല കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തിനോടനുബന്ധിച്ച് തുടങ്ങുക

15 തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുക.

16 റെസിഡൻസ് അസോസിയേഷൻ ഇല്ലാത്ത വാർഡുകളിൽ അവ രൂപീകരിച്ച് രജിസ്റ്റർ ചെയ്യുക.

17 സ്ത്രീ സഹജമായ രോഗങ്ങൾ( ക്യാൻസർ, ഗർഭാശയ രോഗങ്ങൾ മുതലായവ) തടയുന്നതിനുള്ള രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

18 സ്ത്രീകളുടെ പോഷകാഹാര കുറവ്, കാൽസ്യത്തിന്റെ കുറവ് തുടങ്ങിയവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങുക

19 പെൺകുട്ടികൾക്ക് സ്ക്കൂൾ തലത്തിൽ കൗൺസിലിങ്ങ് ഏർപ്പെടുത്തുക

20 തൊഴിലിടങ്ങളിൽ സ്ത്രീകൾക്കു നേരെയുണ്ടാകുന്ന പീഢനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

21 ജന തിരക്കുള്ള പ്രധാന ജംഗ്ഷനുകളിൽ സ്ത്രീകൾക്ക് പ്രത്യേകം ടോയ്ലറ്റ് സ്ഥാപിക്കുക.

22 കുട്ടികളെ വളർത്തുന്നതി ലുള്ള ലിംഗ വ്യത്യാസം തടയുന്നതിനുള്ള ബോധവത്ക്കരണം നടത്തുക.

23 ഉദ്യോഗസ്ഥരായ സ്ത്രീകളുടെ കുട്ടികളെ പരിചരിക്കുന്നതിന് ക്രഷേകൾ ആരംഭിക്കുക.

24 സ്ത്രീ-പുരുഷ ഭേദമില്ലാതെ ഒരേ തൊഴിലിന് ഒരേ കൂലി ഏർപ്പെടുത്തുക.

25 ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യമായ പോഷകാഹാരം നൽകുക.

26 സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനും ആത്മവിശ്വാസം നേടുന്നതിനുമുള്ള പരിശീലനം സ്ത്രീകൾക്ക് നൽകുക.

27 ജീവിത ശൈലി രോഗങ്ങൾ തടയുന്നതിനുള്ള പരിശീലനം നൽകുക.

28 മയക്കുമരുന്നിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും നിയമപരമായി തടയുകയും ചെയ്യുക.

29 പകൽവീടുകൾ തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച് സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുക.

30 ഓരോ വാർഡിലും ഗാർഡൻ ടില്ലർ, മിനി ടില്ലർ എന്നിവ ഉപയോഗിക്കുവാനുള്ള പരിശീലനം കുടുംബശ്രീകൾക്ക് നൽകുക.

31 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് വാർഡു തലത്തിൽ സ്ത്രീകളുടെ നേതൃത്വത്തിൽ പരാതി പരിഹാര സെൽ രൂപീകരിച്ചു പ്രവർത്തിക്കുക.

സ്ത്രീസുരക്ഷയ്ക്ക് അത്യന്താപേക്ഷിതമായി 100 % പുരുഷൻമാർക്കും ചിന്താവൈകല്യങ്ങ ൾ , മാനിസിക വൈകല്യങ്ങൾ , പ്രവൃത്തി വൈകല്യങ്ങൾ ഇവക്കടിമപ്പെടാതിരിക്കുവാൻ ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിന് എല്ലാ വാരഡുകളിലും സൗകര്യമൊരുക്കുക.

ട്രയിനർമാർ വാർഡൊന്നിന് 3-4 എണ്ണമെങ്കിലും ഉണ്ടായിരിക്കണം. ഇവർക്കാവശ്യമായ ട്രയിനിംങ്ങ് നൽകുന്നതിനും, ക്ലാസുകൾ നയിക്കുന്നതിനും ചായ മുതലായവയ്ക്കും ഉള്ള ചെലവ് പ്രോജക്റ്ററുകൾ സിഡി മുതലായവയ്ക്ക് വരുന്ന ചിലവുകൾ മുതലായവ ഉൾപ്പെടുത്തി

പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കുവാനായാൽ സമൂഹത്തിൽ നല്ല സാമൂഹ്യ ബോധവും, സംസ്ക്കാര രൂപീകരണവും നടത്തുവാൻ സാധിക്കും. കുറ്റ വാസന ഇല്ലാതാകും.

പരസ്പര ധാരണയില്ലാത്ത ,ആത്മാർത്ഥതയില്ലാത്ത കാപട്യങ്ങൾ മാത്രമുള്ള ഒരു സംസ്ക്കാരം അധിവേഗം രൂപപ്പെട്ടുകൊണ്ടിരക്കുന്ന ഈ സമൂഹത്തെപ്പറ്റി നേരത്തെ തന്നെ ഒരു ഉൾക്കാഴ്ച ഉണ്ടാകേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

അതു പോലെ ഒരൊറ്റ കോമ്പൗണ്ടിൽ ചെറിയ ചെറിയ സുരക്ഷിതമല്ലാത്ത 25 വീടുകൾക്ക് , 10 വീടുകൾക്ക്, 50 വീടുകൾക്ക് എല്ലാം ചെലവ് കുറഞ്ഞതും ഈടുറ്റതുമായ നവീന നിർമ്മാണ രീതികൾ(ഉദാ: ലാറിബേക്കർ, നിർമ്മിതി വഴി ബഹു.നില കെട്ടിടങ്ങൾ നിർമ്മിച്ച് അവയിൽ കുടുംബങ്ങളെ താമസിപ്പിക്കാവുന്നതാണ്. ഇവരിൽ നിന്നും ഒരൊറ്റ കോമ്പൗണ്ടിൽ തന്നെ

1. തൊഴിൽ താൽപ്പര്യമനുസരിച്ച് ഗ്രൂപ്പുകളുണ്ടാക്കാം.
2. കുട്ടികൾക്ക് ഗാർഡൻ, കളി സൗകര്യങ്ങൾ ഉൾപ്പെടുത്തി നിർമ്മിക്കാം.
3. ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകാം. സ്റ്റിച്ചിംങ്ങ്, എംബ്രോയ്ഡറി, ഉടുപ്പ് നിർമ്മാണം, ഡ്രസ് മെറ്റീരിയൽസ്, സാരി, ബനിയൻ, മുണ്ടുകൾ, മുതലായവയുടെ വിൽപ്പന.
4. സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങൾ, ബ്രേക്ക് ഫാസ്റ്റിനുള്ള ഭക്ഷണം, ഉച്ച ഭക്ഷണം, അത്താഴം, ഇവ തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകാം.
5. പച്ചക്കറി, പഴ മൂല്യവർദ്ധിത ഉദ്പ്പന നിർമ്മാണത്തനാവശ്യമായ പരിശീലനം നൽകാം.
6. പാലുൽപ്പനങ്ങൾക്കും ,ചാണകം, ഗോമൂത്രം ഇവ ലഭിക്കുന്നതിന് കന്നുകാലി വളർത്തുന്ന ഗ്രൂപ്പുകൾ ഉണ്ടാക്കാം.
7. ലഘുഭക്ഷണ ശാലകളും മൊത്തം കുടുംബാംഗങ്ങൾക്കുള്ള ഭക്ഷണങ്ങളും തയ്യാറാക്കുന്ന ഗ്രൂപ്പുകളുണ്ടാക്കാം.
8. വള, കമ്മൽ, പേഴ്സ്, ബാഗ്, ചെരിപ്പ്,നിർമ്മാണം നടത്താം.
9. പ്രാർത്ഥനയ്ക്കും, മാനിസികോല്ലാസത്തിനും ആവശ്യമുള്ള സ്ഥലമുണ്ടാക്കാം.
10. വിവിധ ഇനം പച്ചക്കറി, പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ, എന്നിവ ആധുനിക രീതിയിൽ ജൈവികമായി എല്ലാ ദിവസവും ലഭ്യമാകുന്നതിന് ആവശ്യമായ ജൈവ വളങ്ങൾ ഇവിടെ തന്നെ വളർത്തുന്ന കന്നുകാലികളിൽ നിന്ന് ലഭിക്കും.
11. മാലിന്യ നിർമ്മാർജ്ജനത്തിനും പാചക ഗ്യാസിനും ഉള്ള $30M^{3}$, $50M^{3}$ ബയോഗ്യാസിനും പ്ലാന്റുകൾ നിർമ്മിക്കാം.
12. [illegible]

**5.ആരോഗ്യം**

ഇന്നത്തെ അവസ്ഥ

ആരോഗ്യമെന്നത് രോഗമില്ലാത്ത അവസ്ഥ എന്ന നിസ്സാരവത്ക്കരണത്തിൽ നിന്നും വ്യത്യസ്തമായി മനുഷ്യന്റെ സമഗ്രമായ ആരോഗ്യത്തെയാണിത് ലക്ഷ്യം വയ്ക്കുന്നത്. അതിൽ ശാരീരികവും മാനസികവും, സാംസ്ക്കാരികവും, സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയും

ഇടപെടലുകളും ഉൾചേർന്നിരിക്കുന്നുണ്ട്. ലോകത്താകമാനം വളർന്നുവന്ന പുതു ലേക ക്രമത്തിന്റെ ഭാഗമായി ആപേക്ഷികമായി ദാരിദ്രവും, ചികിത്സാ ചെലവുകളും ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. മുൻപുണ്ടായിരുന്ന പല രോഗങ്ങളും പ്രതിരോധിക്കാൻ കഴിഞ്ഞുവെങ്കിലും അവയിൽ പലതും പുതിയ രീതിയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു.

ക്ഷയം, മലമ്പനി, ,പകർച്ചപനികൾ പോലുള്ളവ കൂടുതൽ പ്രതിരോധ ശേഷിയാർജ്ജിച്ച് തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. കൂടാതെ മുൻപില്ലാതിരുന്ന പല പുതിയ രോഗങ്ങളും ഉണ്ടായികൊണ്ടിരിക്കുന്നു. മലയാളികൾ ലോകത്താകമാനം എത്തിച്ചേർന്നത് മൂലം ലോകത്തിന്റെ ഏത് കോണിൽ ഉണ്ടാകുന്ന രോഗവും കടൽ കടന്ന് ഇവിടെയെത്തും. വിമാനത്താവളങ്ങളും പരിസരവും അത്തരം രോഗ സംക്രമണത്തിന് സാധ്യതയുള്ള സോണുകളാണ്.

രോഗങ്ങളെ അതിന്റെ സ്വഭാവമനുസരിച്ച് മുഖ്യമായി രണ്ട് വിഭാഗങ്ങളിൽ വിഭജിച്ചിരിക്കുന്നു. ഒന്ന് രോഗാണുക്കൾ മൂലം പകരുന്നവയും മറ്റൊന്ന് ജീവിത ശൈലി മൂലം ഉണ്ടാകുന്നവയും. ലോകത്താകമാനം ശരാശരി നാൽപ്പതു വയസ്സിനു ശേഷമുള്ളവരെയാണ് ജീവിത ശൈലി രോഗങ്ങൾ ബാധിക്കുന്നതെങ്കിൽ കേരളത്തിൽ മുപ്പതു വയസ്സിൽ തന്നെ ബാധിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി മലയാളികളുടെ ഭക്ഷണ ക്രമത്തിൽ വന്ന മാറ്റമാണ് ഇതിനു കാരണം. രക്ത സമ്മർദ്ദം, ഹാർട്ട് അറ്റാക്ക്, സെറിബ്രൽ ഹെമറേജ്, ഷുഗർ എന്നിങ്ങനെയുള്ള രോഗങ്ങളാണ് ജീവിതശൈലികൊണ്ടുണ്ടാകുന്നവ.

വ്യക്തി ശുചിത്വത്തിന്റെ അപ്പോസ്തലൻമാരായാണ് കേരളീയരെ വിശേഷിപ്പിക്കുന്നതെങ്കിലും കൂടുതൽ സൂക്ഷ്മതലത്തിൽ പരിശോധിച്ചാൽ പുറം പൂച്ചുകൾ വെളിച്ചത്താകും. ഭക്ഷണത്തിനു മുൻപും ടോയ്ലറ്റിൽ പോയതിനുശേഷവും കൈകൾ സോപ്പിട്ട് കഴുകി ശുചിയാക്കുന്നവർ കുറയും തോറും ചില പകർച്ച വ്യാധികൾ പിൻ തുടരുക തന്നെ ചെയ്യും.

വ്യക്തി ശുചിത്വം പോലെ തന്നെ പരമ പ്രധാനമായ പരിസര ശുചിത്വത്തിന്റെ കാര്യത്തിലും വളരെയേറെ പിന്നിലാണ് കേരളീയർ.സ്വന്തം മാലിന്യം അന്യർക്ക് വിതരണം ചെയ്യുന്നതിൽ ആനന്ദം കണ്ടെത്തുന്നതിനു പകരം മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരക്കുന്നതിനുള്ള വിവേകം വളർത്തിയെടുക്കാൻ വേണ്ട പ്രചാരണ പരിപാടികൾക്ക് മു

ൻഗണന നൽകണം. അതോടൊപ്പം കോളനികൾ, റസിഡൻസ് അസോസിയേഷനുകൾ പോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കാൻ ഇടമില്ലാത്തതിനാൽ അവിടെ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടി വരും. കിണർ, കുളം, തോട്, പുഴ മറ്റു തണ്ണീർത്തടങ്ങൾ എന്നിവയിലേക്ക് മാലിന്യം നിക്ഷേപിക്കുന്നതുമൂലമുണ്ടാകുന്ന ജലമ ലിനീകരണവും പരിസര മലിനീകരണവും വലിയ ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്.

കൊതുക്, ഈച്ച, രോഗങ്ങൾ പരത്തുന്ന മറ്റ് ഷഡ്പദങ്ങളും എലി പോലുള്ള മറ്റ് ഷുദ്ര ജീവികളും, തെരുവ് നായ, പൂച്ച പോലുള്ള സസ്തിനികളും ,പാമ്പും പഴുതാരയുമെല്ലാം തന്നെ പരസര മലിനീകരണത്തിന്റെ ഉപോത്പ്പനങ്ങളാണ്.

മനുഷ്യൻ ഉപയോഗിക്കുന്ന വാഹനങ്ങൾ, യന്ത്രങ്ങൾ എന്നിവയിൽ നിന്നും പുറത്തേക്ക് വിടുന്ന കാർബൺഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ് വാതകങ്ങൾ , ഫാകടറികളിൽ നിന്നും ഉണ്ടാകുന്ന അവശിഷ്ടങ്ങളും, സൾഫർ, മെർകുറി, പോലുള്ളവയുടെ സംയുക്തങ്ങൾ, ആസർസെനിക, ലെഡ്, കാഡമിയം പോലുള്ള ഹെവി മെറ്റലുകൾ മൂലമുള്ള വിഷ സംയുക്തങ്ങൾ എന്നിവയും മനുഷ്യന്റെയും മറ്റ് ജീവകളുടെയും ആരോഗ്യത്തെ ബാധിക്കുന്നവയാണ്. ക്രഷറുകളിൽ നിന്നും വരുന്ന പാറപൊടിയും, അന്തരീക്ഷ മലിനീകരണം മൂലമുണ്ടാകുന്ന വാതകങ്ങളും ശ്വാസകോശ രോഗങ്ങൾ, ക്യാൻസർ എന്നിവയുണ്ടാക്കാം.

ജല സ്ത്രോതസ്സുകൾ മലിനീകരിക്കുന്നതിൽ പങ്കാളിത്തം വഹിക്കുന്ന അറവുശാലകൾ, മത്സ്യ-മാംസ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ്, ഫ്ളാറ്റ് സമുച്ചയങ്ങൾ, ഹോട്ടലുകൾ, ലോഡ്ജുകൾ, സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ആരോഗ്യസ്ഥാപനങ്ങൾ, വൻകിട ചെറുകിട വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, എല്ലാം തന്നെ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമാക്കണം. മലിനജല നിയന്ത്രണ മാർഗ്ഗങ്ങള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ എന്നിവയുണ്ടോ എന്ന നിരീക്ഷണവും നിയന്ത്രണവും സാധ്യമാകണം.

മയക്കു മരുന്നിന്റെ ഉപയോഗം, മദ്യത്തിന്റെ ഉപയോഗം, പുകവലി എന്നിവ താഴ്ന്ന വരുമാനക്കാരിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നു. ഇതിനോടനുബന്ധമായി മാനസിക രോഗവും അതു വഴി ഉണ്ടാകുന്ന കുടുംബ തകർച്ചയും കുറ്റവാസനകളും മാഫിയാ വത്ക്കര ണവും, കൊലപാതകങ്ങളും അച്ചടക്ക ലംഘനങ്ങളും ഏറിവരുന്നുണ്ട്.

ചികിത്സാരംഗമാകട്ടെ പുതിയ സാമ്പത്തിക നയങ്ങളുടെ ഭാഗമായി വ്യവസായ വത്ക്കരിക്കപ്പെട്ടു. ദരിദ്രരും , ഇടത്തട്ടുകാരുമടക്കം ആധുനിക ചികിത്സ യെ ഭയപ്പാടൊടെയാണ് നോക്കികാണു ന്നത്. മാരക രോഗങ്ങൾക്കുള്ള ചികിത്സ കഴിഞ്ഞ് വരുമ്പോഴേക്കും ഇടത്തട്ടുക്കാരന്റെ തടക്കം സമ്പത്തും കിടപ്പാടവും ഭൂമിയുമെല്ലാം നഷ്ടപ്പെട്ടിട്ടുണ്ടാകും.

കാലടി ഗ്രാമപഞ്ചായത്തും തൊട്ടടുത്തുള്ള മലയാറ്റൂരും കോടനാടുമെല്ലാം തീർത്ഥാടക ടൂറിസ്റ്റ് പ്രദേശമാകയാൽ പലതരം വ്യാധികൾ വ്യാപിക്കാനുള്ള സാഹചര്യം നിലനിൽക്കുന്ന ഇടങ്ങളാണ്. മേൽ പറഞ്ഞ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ദരിദ്രരെയും ഇടത്തട്ടുകാരെയും മുന്നിൽകണ്ടുള്ള ഗ്രാമീണ ആരോഗ്യ പദ്ധതി ഉണ്ടാകേണ്ടിയിരിക്കുന്നു. കാലടിയിലുണ്ടായിരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രം സി.എച്ച്.സി ലെവലിലേക്ക് ഉയർന്നിട്ടുണ്ടെങ്കിലും രോഗി കളെ ഉൾകൊള്ളാനുള്ള ക്ഷമത എത്ര മാത്രം വികസിച്ചിട്ടുണ്ടെന്ന് വിലയിരുത്തപ്പെടണം.

പണ്ട് ഇംപേഷ്യന്റ്, പേവാർഡ്, പ്രസവ വാർഡ്, ഡോക്ടർക്കും നഴ്സിനുമുള്ള ക്വാർട്ടേഴ്സുകൾ എന്നി സൗകര്യങ്ങൾ ആശുപത്രി വികസനത്തിനു ശേഷം പലതും ഒഴിവാക്കപ്പെട്ടിരിക്കുന്നു. 24 മണിക്കൂറും വിദഗ്ദ്ധ ഡോക്ടറെ ലഭിക്കുന്നില്ല. ആസ്മ, ഹൃദ്രോഗം, അപകടം പോലുള്ള സാഹചര്യങ്ങളെ നേരിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന്റെ അഭാവം പണചെലവുള്ള സ്വകാര്യ ആശുപത്രിയിലേക്ക് ശരണം പ്രാപിക്കേണ്ട അവസ്ഥ സൃഷ്ടിക്കുന്നു. പണ ചെലവ് ഓർത്ത് അടിയന്തിര ചികിത്സ മാറ്റി വച്ചതു മൂലം മരിച്ചവരും ഉണ്ടെന്ന യാഥാർത്ഥ്യം ഗൗരവമേറിയതാണ്.

## ആരോഗ്യം

ആരോഗ്യ മേഖലയിൽ പഴയകാലത്തെ അപേക്ഷിച്ച് വലിയ പുരോഗതി നേടാൻ പഞ്ചായത്ത് കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യം എന്നാൽ മനുഷ്യന്റെ സമഗ്രമായ ആരോഗ്യത്തെയാണ് ലക്ഷ്യം വയ്ക്കുന്നത്. അതിൽ വ്യക്തിയുടെ മാനസികവും ശാരീരികവുമായ അവസ്ഥയോടൊപ്പം സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങൾ കൂടി ഉൾപ്പെട്ടിരിക്കുന്നു. രോഗത്തിന് ചികിത്സിക്കുന്നതിനേക്കാൾ പ്രാധാന്യം നൽകേണ്ടത് രോഗം വരാതിരിക്കുന്നതിനാണ്.വ്യക്തി ശുചിത്വം പോലെ തന്നെ പ്രധാനമാണ് പരിസര ശുചിത്വവും.കൊതുക് പരത്തുന്നതുപോലെയുള്ള രോഗങ്ങൾ-ഡെങ്കി, ചിക്കൻഗുനിയ എന്നിവയും എലിപനി, പക്ഷിപനി പോലെയുള്ളവയും പടരാതിരിക്കുന്നതിന് മുൻ കരുതൽ നടപടികൾ എടുക്കേണ്ടത് വളരെഅത്യാവശ്യമാണ്. കൊതുക് വളരുന്ന സാഹചര്യം ഉണ്ടാക്കാതിരിക്കുക, കൊതുകുകളെ ഉദ്ഭവത്തിൽ തന്നെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, എലികൾക്ക് യഥേഷ്ടം വിഹരിക്കുവാൻ കഴിയും വിധം മാലിന്യങ്ങൾ കൂട്ടിയിടാതിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പും പഞ്ചായത്തും തുടർച്ചയായി നൽകുന്നുണ്ടെങ്കിലും ഒരു വിഭാഗം ജനങ്ങൾ അത് പാടെ അവഗണിക്കുന്നതായി കണ്ടു വരുന്നു.പരിസര മലിനീകരണവും ആരോഗ്യവുമായി അഭേദ്യമായിബന്ധപ്പെട്ടിരിക്കുന്നു. ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് വളരെ ഗൌരവപൂർവ്വം കാണേണ്ട വസ്തുതയാണ്.അറവുശാല മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സജ്ജീകരണങ്ങൾ ഈ ആധുനിക കാലത്ത് അത്യാവശ്യമാണ്.ചികിത്സ രംഗം വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുന്നു.പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും ആധുനിക ചികിത്സ അപ്രാപ്യമായികൊണ്ടിരിക്കുന്നു.

## പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സംസ്ഥാന സർക്കാരിന്റെ ആർദ്ര മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിന് കീഴിൽ ഉള്ള ആയുർവ്വേദം,അലോപ്പതി,ഹോമിയോ എന്നീ ആസ്പത്രികളെ നല്ല സേവനം ജനങ്ങളിലാകെ എത്തപ്പെടുവാൻ ക്രമീകരിച്ചുകൊണ്ടും ഈ സ്ഥാപനങ്ങളെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തികൊണ്ടും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി രോഗങ്ങൾക്ക്

അടിസ്ഥാനമായ കാരണങ്ങളെ കുറിച്ച് പഠനം നടത്തി രോഗികൾക്ക് ആവശ്യമായ സഹായങ്ങൾ നേരിട്ട് വീടുകളിൽ എത്തിച്ചും, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന ജനങ്ങളുടെ ചെലവ് ഗണ്യമായി കുറക്കുന്നതിനുവേണ്ടി ഇടപ്പെട്ടും, ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ സൗജന്യ പരിശോധന ഉറപ്പാക്കിയും, ജീവിതശൈലി, രോഗങ്ങളിൽ നിന്ന് ജനങ്ങളെ മുക്തമാക്കുന്നതിനും, ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ചും ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തടുക്കുക എന്നതാണ് 14-ാം പഞ്ചവത്സരപദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം.

## നിർദ്ദേശങ്ങൾ

1. ആശുപത്രിയോടനുബന്ധിച്ച് ക്യാൻസർ ഡിറ്റക്ഷൻസെന്റർ, ഹൃദ്രോഗ ചികിത്സ വിഭാഗം, പ്രമേഹ ചികിത്സാ വിഭാഗം, ഫിസിക്കൽ തെറാപ്പിസെന്റർ, പ്രസവ വാർഡ്, ബാല ചികിത്സാ വിഭാഗം എന്നിവ അത്യാന്താപേക്ഷിതമാണ്.
2. ജീവിത ശൈലി രോഗ നിർണ്ണയ പരിപാടിയും ചികിത്സയും ഉറപ്പാക്കുക.
3. പഞ്ചായത്ത് അതിർത്തിയിലുള്ള സന്നദ്ധ സംഘടനകൾ, ക്ലബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താൽപ്പര്യമുള്ള മറ്റു ഗ്രൂപ്പുകൾ, എന്നിവരുടെ സഹകരണത്തോടെ സാംക്രമിക രോഗങ്ങൾ, ജീവിത ശൈലി രോഗങ്ങൾ, ക്യാൻസർ, പാലിയേറ്റീവ് കെയർ, പ്രഥമ ശുശ്രൂഷ എന്നിവയെ കുറിച്ചുള്ള ബോധ വത്ക്കരണ ക്ലാസുകളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുക.
4. കൊതുക്, ഈച്ച , നിയന്ത്രണ പരിപാടികൾ,ആവിഷ്ക്കരിച്ചു നടപ്പാക്കുക.വെന്റ് പൈപ്പുകൾ നെറ്റ് കെട്ടി സംരക്ഷിക്കുക
5. ഓരോ വീട്ടിലും ഓരോ ഹെൽത്ത് ഡയറി സൂക്ഷിക്കുക
6. വീടുകളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പരിപാടികൾക്ക് നേതൃത്വം കൊടുക്കുക.
7. പൊതു കിണറുകളും, സ്വകാര്യ കിണറുകളും ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള പരിപാടികൾക്ക് നേതൃത്വം കൊടുക്കുക.
8. പാലിയേറ്റീവ് കെയറിനായി സ്വന്തമായൊരു വാഹനം ലഭ്യമാക്കുക
9. അന്യ സംസ്ഥാന തൊഴിലാളികൾ ധാരാളമായി തൊഴിലെടുക്കുന്ന പ്രദേശമാകയാൽ അവർക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം നൽകുക.

- കുടുസു മുറികളിൽ ധാരാളം പേർ താമസിക്കുന്ന അവസ്ഥ
- തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസ്സർജ്ജനം
- ശരിയായ ശുചീകരണ മില്ലായ്മ
- പകർച്ച വ്യാധികളുടെ വ്യാപനം

- മദ്യത്തിന്റെയും ,മയക്കുമരുന്നുകളുടെയും ഉപയോഗവും വ്യാപനവും
- ആശയ വിനിമയത്തിന്റെ പോരായ്മ

ഇത്തരം അവസ്ഥക്ക് പരിഹാരം കാണുക.

10. ഹോട്ടലുകൾ, പൊതു ക്യാന്റീനുകൾ പോലുള്ള ഇടങ്ങളിൽ അടുക്കളയും പരിസരവും വൃത്തിയുള്ളതാണോ എന്നുള്ള പരിശോധന
11. പാചകം തൊഴിലായെടുക്കുന്നവർ വ്യക്തി ശുചിത്വം പാലിക്കുന്നുണ്ടോ എന്ന പരിശോധന, പകർച്ച വ്യാധികളുണ്ടോ എന്ന പരിശോധന
12. വൃത്തിയും അണുവിമുക്തവുമായ ഭക്ഷണമാണോ എന്നുള്ള പരിശോധന യഥാകാലം നടത്തുക

13. സമൂഹത്തിൽ അനിയന്ത്രിതമായി കൊണ്ടിരിക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗവും വിതരണവും കർശനമായി നിയന്ത്രിക്കുകയും വ്യാപകമായുള്ള ബോധവത്ക്കരണ

14. പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
15. വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും കാരണങ്ങൾ കണ്ടെത്തുന്നതിനുമുള്ള കൗൺസിലിംങ്ങ് നടത്തി കുടുംബാഗങ്ങളെകൂടി ഉൾപ്പെടുത്തിയുള്ള പരിഹാര നിർദ്ദേശങ്ങൾ വയ്ക്കുക.
16. മയക്കു മരുന്നുകളുടെയും അതുവഴിയുള്ള കുറ്റവാസനകളുടെയും കാരണം കണ്ടെത്താൻ ഷാഡോ പോലീസ് സംവിധാനം ഫല പ്രദമായി ഉപയോഗിച്ച് പരിഹാരം കാണുക.
17. പഞ്ചായത്ത് അതിർത്തിയിൽ തൊഴിലെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ വിശദ വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്തിലും പോലീസ് സ്റ്റേഷനിലും സൂക്ഷിക്കുക.
18. മലമ്പനി, ക്ഷയം, പോലുള്ള രോഗങ്ങൾ വീണ്ടും തിരിച്ചു വരുന്ന അവസ്ഥ പരിഗണിച്ച് പ്രതിരോധ പരിപാടികൾ ആസൂത്രണം ചെയ്യുക.

## ആയുർവ്വേദ-ഹോമിയോ ഡിസ്പെൻസറികൾ

കാലടി ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 1993 ലാണ് ആദ്യമായി ഹോമിയോ ഡിസ്പെൻസറി ആരംഭിച്ചത്. മാണിക്യമംഗലത്ത് വാടക കെട്ടിടത്തിലാരംഭിച്ച സ്ഥാപനം ഇന്നും അതെ അവസ്ഥയിൽ തന്നെയാണുള്ളത്. പ്രതിദിനം 55 നും 60 നും ഇടയിൽ രോഗികൾ എത്തുന്ന സ്ഥാപനത്തിൽ കുട്ടികളുടെയും സ്ത്രീകളുടെയും സമഗ്ര വികസനത്തിനുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ നടപ്പാക്കി വരുന്നു.

വിദ്യാർത്ഥികളുടെ മാനസിക ബൗദ്ധിക വികസനം ലക്ഷ്യമാക്കി "**സദ്ഗമയ**"സ്ത്രീ സാന്ത്വനം, ആരോഗ്യ മാനസിക സന്തോഷം ലക്ഷ്യമാക്കി "സീതാലയം" എന്നിവ നടപ്പാക്കി വരുന്നു. സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്. ഔഷധങ്ങൾ വാങ്ങുവാൻ പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുന്നു.

2001 മുതൽ ആണ് മാണിക്യമംഗലത്ത് ആയുർവ്വേദ ഡിസ്പെൻസറി ആരംഭിച്ചത്. പ്രതിദിനം [illegible] മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, എന്നിവ എല്ലാ വർഷവും നടത്തി വരുന്നുണ്ട്.

പഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുതതി പാചക വാതക അടുപ്പ്, കമ്പ്യൂട്ടർ എന്നിവയും തുടർച്ചയായി ഔഷധങ്ങളും വാങ്ങുന്നുണ്ട്.

## ആവശ്യങ്ങൾ

1. ആയുർവ്വേദ ഡിസ്പെൻസറിയെ അപേഗ്രേഡ് ചെയ്ത് ഹോസ്പിറ്റലായി ഉയർത്തുക
2. ജീവിത ശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി യോഗാ ക്ലിനിക് സ്ഥാപിച്ച് ഇൻസ്ട്രെക്ടറെ നിയമിക്കുക.
3. AYUSH,NAM(National Ayurveda Mission)എന്നിവയുടെ കീഴിൽ ആയുർവ്വേദത്തിൽ നടത്തുന്ന വിവിധ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കത്തക്കവണ്ണം സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക
4. ആയുർവ്വേദ ഹോമിയോ ചികിത്സകൾ എല്ലാവർക്കും എളുപ്പം ലഭ്യമാകുന്ന തരത്തിൽ പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ പരസരത്തിൽ പുതിയ കെട്ടിടം പണിത് ഇരു സ്ഥാപനങ്ങളും മാറ്റി സ്ഥാപിക്കുക.
5. മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ടുകൾ കാലാനുസൃതമായി വർദ്ധിപ്പിച്ചു നൽകുക.
6. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ജീവിത ശൈലികളെ സംബന്ധിച്ചുള്ള ക്ലാസുകളും യോഗയും നടപ്പാക്കുക
7. പിരാരൂർ ഭാഗത്ത് ഒരു ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുക
8. സബ് സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
9. എല്ലാ സ്ക്കൂളുകളിലും ശുദ്ധജലം ഉറപ്പ് വരുത്താനുള്ള ഫിൽറ്ററുകൾ സ്ഥാപിക്കുക
10. പ്രഥമ ശുശ്രൂഷയെകുറിച്ചുള്ള ക്ലാസുകൾ വിവിധ ഇടങ്ങളിൽ നടത്തുക
11. അന്തരീക്ഷ മലിനീകരണം തടയുവാൻ ക്രഷർ യൂണിറ്റുകളുടെ പരിസരത്ത് ധാരാളം വൃക്ഷങ്ങൾ നടുന്നതിനും ക്രഷർ യൂണിറ്റിൽ ജലം സ്പ്രേ ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
12. പൊതു കിണറുകൾ, കുളങ്ങൾ തുടങ്ങിയവ പുനരുദ്ധരിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
13. ജീവിത ശൈലി രോഗങ്ങളുടെ നിയന്ത്രണത്തിനായി പഞ്ചായത്ത് അതിർത്തിയിലുള്ള തുറകൾ, ചിറകൾ പോലുള്ളവയുടെ തീരങ്ങൾ, ചില ഗ്രാമീണ ഇടവഴികൾ എന്നിവയിലൂടെ വാഹനങ്ങൾ പ്രവേശിക്കാത്ത വിധം ഇടയ്ക്കിടക്ക് സ്റ്റെപ്പുകൾ കെട്ടിയുള്ള നടപ്പാതകൾ നിർമ്മിക്കുക.
14. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സൗജന്യ അപകട ഇൻഷൂറൻസ്, ലൈഫ് ഇൻഷൂറൻസ് പദ്ധതികൾ ആരംഭിക്കുക.

**6.പട്ടികജാതി**

ഇന്നത്തെ അവസ്ഥ

അടുത്തകാലത്തായി കേരളമാകെ ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ് കേരള നവോത്ഥാനവും നവോത്ഥാന നായകന്മാരും. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭ കാലഘട്ടത്തിൽ ഇന്ത്യയിലാകെ നടന്ന ജനമുന്നേറ്റത്തെയാണ് നവോത്ഥാനം സൂചിപ്പിക്കുന്നത്. സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾ എല്ലാ സദ്ഗുണങ്ങളും ആസ്വദിക്കുമ്പോൾ മറുവിഭാഗം അവഗണനയും അടിമത്തവും അനുഭവിക്കുന്ന നൂറ്റാണ്ടുകളിലൂടെ കടന്നു വന്നവരാണ്.

കേരളത്തിന്റെ വികാസ പരിണാമ ചരിത്രത്തിൽ ഇവർനൽകിയ സംഭാവനകൾ ആരും വിലമതിച്ചിട്ടില്ല. കായികാധ്വാനം വേണ്ട ഇടങ്ങളിൽ മാത്രം കാണപ്പെട്ടവരായതിനാൽ പൊതുഇടങ്ങൾ അന്യമായിരുന്നവർ പക്ഷേ സ്ഥിരമായി അവഗണിക്കപ്പെടുന്നവരായി ഉല്പാദന മേഖലകളായ കൃഷി, കന്നുകാലി പരിപാലനം പോലുള്ളവയിലും കെട്ടിടനിർമ്മാണം അവയുടെ അനുബന്ധ വസ്തുക്കളായ കല്ല് , ഇഷ്ടിക, മരം പോലുള്ളവയുടെ ശേഖരണം ഇങ്ങനെ വിവിധ മേഖലകളിൽ മാത്രമല്ല റോഡുണ്ടാക്കാനും പാലം പണിയാനും ക്ഷേത്രം നിർമ്മിക്കാനും അദ്ധ്വാനം ചെലവാക്കി നാടുനീളെ കിണറുകളും കുളങ്ങളും, തോടുകളും നിർമ്മിച്ചും, കാടുകൾ വെട്ടിത്തെളിച്ച് നാടുണ്ടാക്കുകയും കൃഷിയിടങ്ങൾ സൃഷ്ടിക്കുകയും ദുർഗന്ധവും ചെളിയും വകവെയ്ക്കാതെ കൃഷിചെയ്ത് നാടിനെ തീറ്റിപോറ്റുകയും സ്വയം അഴുക്കിൽ നിന്ന് മറ്റുള്ളവരുടെ വസ്ത്രം അലക്കുകയും ചെയ്തവർ. എല്ലാം കഴിയുമ്പോൾ ഇവരെയെല്ലാം പതിത്തം കല്പിച്ച് പൊതുധാരയിൽ നിന്നും മാറ്റി നിർത്തിയത് എന്തുകൊണ്ട്? മാറുമറയ്ക്കാനും മുട്ടിറക്കത്തിൽ മുണ്ടുടുക്കാനും കല്ലുമാല എറിഞ്ഞുകളയാനും അനുവദിക്കാതിരുന്നതിനും കാരണമെന്ത്? അക്ഷരത്തിൽ നിന്നും അകറ്റി നിർത്തിയതും അതിനു ശ്രമിച്ചവരുടെ നാവറുത്തതും, ചെവിയിൽ ഈയം ഉരുക്കിയൊഴിച്ചതും കണ്ണുകൾ കുത്തിപ്പൊട്ടിച്ചതും അതു നടപ്പാക്കിയവരുടെയെല്ലാം ഭയംകൊണ്ടാണ്, ഒരു ഉൾക്കിടിലംകൊണ്ടാണ്. കാരണം അടിമകളാക്കപ്പെട്ട ഇവരുടെ ഉയിർത്തെഴുന്നേൽപ്പ് അതേവരെ സമൂഹത്തിന്റെ മേൽത്തട്ടിൽ ചോദ്യം ചെയ്യാൻ പറ്റാത്ത വിധത്തിൽ വിരാജിച്ചിരുന്നവരുടെ അവസ്ഥയെ അട്ടിമറിച്ചേക്കാം എന്ന വിചാരമാണ്.

ഇത്തരം പ്രവർത്തികൊണ്ട് ഉദ്ദേശിച്ച മറ്റൊരു കാര്യം സ്ഥിരമായൊരു വർക്കിംഗ് ക്ലാസ്സ് താഴെത്തട്ടിൽ വിദ്യഅഭ്യസിക്കാനും ചിന്തിക്കാനും അവസരം ലഭിക്കാതെ നിലനിന്നില്ല എങ്കിൽ മേൽപ്പറഞ്ഞവർക്ക് മെയ്യനങ്ങാതെ ഭക്ഷണം കഴിക്കാനും ഭരണവും സമ്പത്തും മേൽക്കോയ്മയും നിലനിർത്താനും അധീശത്വം നഷ്ടപ്പെടാതിരിക്കാനും കഴിയില്ലായിരുന്നു.

അതിനുവേണ്ടി അവർ അവരുടേതായ സ്മൃതികളും പുരാണങ്ങളും സൃഷ്ടിച്ചുവെച്ചു. അവസരങ്ങൾ എത്ര നഷ്ടപ്പെട്ടാലും അടിച്ചമർത്തിയാലും മനുഷ്യനെന്ന ജീവി വർഗ്ഗത്തിന്റെ പരിണാമ

ദശയിൽ വികസിതമായി വന്ന തലച്ചോറും കൈകാലുകളും അതുപയോഗിച്ചുള്ള ചിന്തയും പ്രവർത്തിയും അടക്കിവെക്കാനാകില്ല. ഇതിനു തെളിവുകൾ ലോക ചരിത്രത്തിൽ നിന്നും കണ്ടെടുക്കാം. സ്പാർട്ടക്കസിനേയും മാർട്ടിൽ .ലൂഥർകിങ്ങിനേയും നെൽസൺ മണ്ടേലയെപ്പോലെയും ചരിത്രം കണ്ടെത്തിയവർ ഇന്ത്യയിലുമുണ്ടായി ആഗണത്തിൽപ്പെട്ടവർ. അവരിൽ പ്രധാനപ്പെട്ട ചിലരാണ് ഡോ. അംബേദ്കർ , അയ്യൻകാളി എന്നിവർ.

തിരുവിതാംകൂറിൽ വെങ്ങാനൂർ എന്ന ഗ്രാമത്തിൽ ജനിച്ച അയ്യൻകാളി നിരക്ഷരനെങ്കിലും സാമൂഹിക അസമത്വങ്ങളെ തിരിച്ചറിയത്തക്ക ബുദ്ധി വികസിച്ചിട്ടുള്ള ആളായിരുന്നു. സ്വന്തം ചുറ്റുപാടുകളെ വിവേചിച്ചറിയാനുള്ള യുക്തിബോധം അദ്ദേഹത്തെ തന്റെ ജനങ്ങളെ വരിഞ്ഞു മുറുക്കിയിരുന്ന അടിമ ചങ്ങലപൊട്ടിച്ചെറിയാൻ പ്രേരിപ്പിച്ചു. തന്റെ മുമ്പിൽ കൊട്ടിയടക്കപ്പെട്ട എല്ലാ വഴികളിലൂടെയും നിർഭയം സഞ്ചരിച്ച അദ്ദേഹം തന്റെ പിൻമുറക്കാർക്ക് മാർഗ്ഗ ദർശിയായിരുന്നു.

എന്തെല്ലാം പ്രശ്നങ്ങളാണ് അക്കാലത്ത് നേരിടേണ്ടി വന്നതെന്ന് വിലയിരുത്തുമ്പോഴാണ് അയ്യൻകാളിയെന്ന ധീര വിപ്ലവകാരിയെ വിലയിരുത്താനാകൂ.

തൊഴിലിടങ്ങളിൽ:- കന്നുകാലികളുടെ സ്ഥാനം, പന്ത്രണ്ടു മണിക്കൂറിലധികം ജോലി, കൂലിയായി അഞ്ച് നാളി നെല്ല് തെങ്ങിൽ കെട്ടിയിട്ടുള്ള മർദ്ദനം, നിലത്ത് കുഴിയുണ്ടാക്കി കുഴിയിൽ ഇലവെച്ച് അതിൽ വിളമ്പുന്ന ഭക്ഷണം .

വസ്ത്രം:- സ്ത്രീകൾ മാറുമറക്കരുത്, മുട്ടിറക്കി മുണ്ടുടുക്കരുത്, കല്ലുമാല ധരിക്കണം.

സഞ്ചാരം:- ഊടുവഴികളിലൂടെ, സവർണ്ണനെക്കണ്ടാൽ പ്രത്യേക ശബ്ദമുണ്ടാക്കി വളരെ ദൂരം മാറി നിൽക്കണം. പൊതു വഴിയിൽ പ്രവേശനമില്ല.

താമസം :- കൃഷിയിടങ്ങൾക്ക് നടുവിലുള്ള കൂര, ചിലയിടങ്ങളിൽ മരത്തിൽ ``ഏർമാടം``, സവർണ്ണർ എത്താത്ത മറ്റിടങ്ങൾ.

വിദ്യാഭ്യാസം :- പാരമ്പര്യ രീതിയിൽ - അച്ഛനിൽ നിന്ന് മകനിലേക്ക് - തൊഴിൽ വിദ്യാഭ്യാസം മാത്രം

തൊഴിൽ:- കൃഷി രാത്രികാലങ്ങളിൽ കൃഷിയ്ക്ക് കാവൽ. അനുബന്ധ തൊഴിലുകൾ, വേലികെട്ട്, വീട്ടുപകരണങ്ങളുടെ നിർമ്മാണം, കല്ല് വെട്ട്, പാറപൊട്ടിക്കൽ, കാട് തെളിച്ച് കൃഷി ഭൂമിയും പറമ്പും ഉണ്ടാക്കൽ കിണർ, കുളം, തോട്, എന്നിവ നിർമ്മിക്കൽ കെട്ടിട നിർമ്മാണത്തിന് സഹായിക്കൽ മരം മുറിക്കൽ, വസ്ത്രമലക്കൽ, സ്വന്തം സമുദായങ്ങൾക്ക് വേണ്ടിയുള്ള മുടി മുറിക്കൽ, ഷേവിംഗ് പോലുള്ളവ.

ഇവരുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ഉപയോഗിക്കാം, വിൽക്കാം, വാങ്ങാം. തീണ്ടാൻ (തൊടാൻ) പാടില്ല, വിദ്യാഭ്യാസം ചെയ്യാൻ പാടില്ല, പൊതുവഴി നടക്കാൻ പാടില്ല. ചരിത്രത്തിന്റെ പരിതോവസ്ഥയിൽ നിന്നാണ് അയ്യൻകാളി ഉയിർക്കൊണ്ടത്. ഇത്തരം അവസ്ഥ ഏറിയും കുറഞ്ഞും മറ്റു പിന്നോക്ക വിഭാഗക്കാർക്കും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ക്ഷേത്രം നിർമ്മിച്ച ആശാരിക്കും ദൈവത്തിന്റെ ശില്പം തീർത്ത ശില്പിക്കും പണി പൂർത്തിയാക്കി ഏൽപ്പിച്ച് കഴിഞ്ഞാൽ പിന്നെ മാറിനിന്ന് തൊഴുതു പ്രാർത്ഥിക്കാനുള്ള അവകാശമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ വിദ്യാഭ്യാസം ചെയ്യാൻ അവർക്ക് അവസരം ലഭിച്ചിട്ടുണ്ട്.

മതം മാറി ക്രിസ്ത്യാനിയും , മുസ്ലീമും ആയവർക്ക് പക്ഷെ അയിത്തത്തിൽ നിന്നും രക്ഷ നേടാൻ കഴിഞ്ഞു. അവർക്ക് പൊതു വഴിയിലൂടെ നടക്കാം മാന്യമായി ആധുനിക രീതിയിലുള്ള വസ്ത്രം ധരിക്കാം വിദ്യാഭ്യാസം ചെയ്യാം സ്വർണ്ണ മാലകൾ ധരിക്കാം പൊതുധാരയിൽ

നയിച്ചവരെയാണ് നവോത്ഥാന നായകന്മാരെന്ന് നാം വിളിക്കുന്നത്. അവർ എല്ലാവരേയും മനുഷ്യരായി മാത്രമാണ് കണ്ടത് അഥവാ മനുഷ്യരായി പരിഗണിക്കാൻ വേണ്ടിയാണ് പ്രവർത്തിച്ചത് .

. അയ്യൻകാളിയുടെ കാർഷിക സമരവും വില്ലുവണ്ടിയാത്രയും മറ്റു രക്ത രൂക്ഷിത വിപ്ലവ പ്രവർത്തനങ്ങളും തിരുവിതാംകൂറിൽ മാത്രമല്ല കൊച്ചി രാജ്യത്തും സ്വാധീനം ചെലുത്തുകയുണ്ടായി. അയ്യൻകാളി നടത്തിയ സമരങ്ങളുടെ ഒരു തീപ്പൊരി കാലടിയിലും തെറിച്ച് വീഴുകയുണ്ടായി കാലടിയിൽ അതിനുള്ള കളമൊരുക്കിയതിന്റെ മുഖ്യ ഉത്തരവാദിയായി തീർന്നത് ശ്രീ. പറയത്ത് കുട്ടൻ മേനോൻ എന്ന ഗാന്ധിയനായ മനുഷ്യ സ്നേഹിയായിരുന്നു.

കാലടിയുടെ ചരിത്രത്തിൽ വേണ്ടത്ര പരിഗണിക്കപ്പെടാതിരുന്ന അദ്ദേഹം വിശാലമായ ഭൂസ്വത്തുള്ള കുടുംബത്തിൽ പിറന്നതാണെങ്കിലും തനിക്കവകാശപ്പെട്ട സ്വത്തിന്റെ ഭൂരിഭാഗവും പൊതു സേവനത്തിനായി നീക്കിവെയ്ക്കുകയുണ്ടായി അവയാണ് തോട്ടേക്കാട് കോളനിയ്ക്കും രാമകൃഷ്ണാശ്രമത്തിനുമായി എത്തിച്ചേർന്നത്. എന്നാൽ അദ്ദേഹം ആരാലും ശ്രദ്ധിക്കപ്പെടാതെ ചരിത്രത്തിന്റെ ഊടു വഴിയിലെങ്ങോ നഷ്ടപ്പെടുകയായിരുന്നു.

കുട്ടൻ മേനോന്റെ ശ്രമഫലമായി അന്ന് ഹരിജനങ്ങൾ എന്ന് വിളിച്ചിരുന്ന പട്ടികജാതിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള യത്നം ആരംഭിക്കുകയുണ്ടായി. അദ്ദേഹം ഏകനായി സ്ക്കൂളിൽ പോകാൻ പ്രായമായ പട്ടിക ജാതി കുട്ടികളെ തേടിയിറങ്ങി.

അവർക്കുവേണ്ടി മറ്റൂർ കുന്നിൽ കൊല്ലവർഷം 1108 (1933) ൽ ഒരു ഹരിജൻ സ്ക്കൂളും (കുടിപള്ളിക്കൂടം) സ്ഥാപിച്ചു. ആ സ്ക്കൂളിലെ ആദ്യത്തെ വിദ്യാർത്ഥിയും പിന്നീട് ഹരിജന ക്ഷേമ പ്രവർത്തനങ്ങളിൽ കുട്ടൻ മേനോനോടൊപ്പം എപ്പോഴും ഉണ്ടായിരുന്ന ആളാണ് പട്ടിക ജാതിക്കാരനായ ശ്രീ. എം പി രാജഗോപാലൻ .

മറ്റൂർ കുന്നിൽ സ്ഥാപിച്ച ഹരിജൻ സ്ക്കൂളിൽ എല്ലാവർക്കും പ്രവേശനമുണ്ടായിരുന്നു എങ്കിലും ഉയർന്ന ജാതിക്കാർ ആരും തന്നെ ആ സ്ക്കൂളിൽ കുട്ടികളെ ചേർത്തിരുന്നില്ല ഇതിനൊരപവാദമായിരുന്നത് തെക്കിനേടത്ത് മനയിൽ രാമൻ നമ്പൂതിരിപ്പാട് മാത്രമായിരുന്നു. അദ്ദേഹം തന്റെ മൂത്ത പുത്രനേയും പുത്രിയേയും ആ സ്ക്കൂളിലേക്കയച്ചു.

പറയത്ത് വക സ്ഥലമായിരുന്ന മറ്റൂർ കുന്നിൽ സ്ക്കൂളിനോടനുബന്ധിച്ച് ഹരിജനങ്ങൾക്ക് ഒന്നിച്ചു കൂടി അവരുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു ഹരിജൻ സംഘവും രൂപീകരിക്കുകയുണ്ടായി .

| | |
|---|---|
| അന്നത്തെ സർവ്വെ നമ്പർ | – 143/1/11 |
| റീസർവ്വെ നമ്പർ | – 8/1 |
| തണ്ടപ്പേർ നമ്പർ | – T No. 446 |
| വിസ്തീർണ്ണം | – 60 സെന്റ് |

തണ്ടപ്പേര് ഉടമ – ഹരിജൻ സംഘത്തിനുവേണ്ടി സംഘം പ്രസിഡന്റ് മാണിക്യമംഗലം കര പറയത്തു വീട്ടിൽ നായർ സ്ഥാനി ഹരിജനോദ്ധാരാംഗം ഇരവി ഡോ. കുട്ടൻ മേനോൻ.

**<u>ഹരിജൻ സ്കൂൾ സന്ദർശിച്ചവരും പ്രഗത്ഭൻമാരുമായിരുന്ന ചിലരുടെ വിവരം</u>**

- തിരുവിതാംകൂർ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് പ്രസിഡന്റും ഹരിജനുമായിരുന്ന ശ്രീ കെ കുമാർ
- മാണിക്യമംഗലം വില്ലേജിലാകെയുള്ള ഹരിജനങ്ങളുടെ സ്ഥിതി വിവരങ്ങൾ ശേഖരിക്കാൻ വേണ്ടി ശ്രീ എം പി രാജഗോപാലന്റെ കൂടെ ചേർന്ന് ഓരോ വീടും കയറിയിറങ്ങിയ ആളാണ് പിന്നീട് പാർളമെന്റ് അംഗമായി മാറിയ ശ്രീ ആർ വേലായുധൻ.

- കൊച്ചി ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീ അമ്പാടി ശങ്കരമേനോൻ.
- മറ്റൂരിൽ സംഘടിപ്പിച്ച ഹരിജൻ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും ഹരിജൻ സ്കൂൾ സന്ദർശിക്കുന്നതിനും വേണ്ടി ആൾ ഇന്ത്യ ഹരിജൻ സംഘത്തിന്റെ ജനറൽ സെക്രട്ടറിയും ജവഹർലാൽ നെഹ്റുവിന്റെ കസിനുമായിരുന്ന രാജേശ്വരി നെഹ്റുവിനെ ക്ഷണിച്ചു വരുത്തുകയുണ്ടായി. അവർ ഹരിജൻ സ്കൂൾ പ്രവർത്തനങ്ങൾക്കായി പ്രതിമാസം 7 രൂപ വച്ച് അനുവദിച്ചു. എന്നാൽ ടി തുക ശമ്പളത്തിന് തികയാതിരുന്നതിനാൽ ശ്രീ. കുട്ടൻമേനോൻ, രാജഗോപാലൻ, എം കെ കേശവൻ, എം കെ ഗോപാലൻ എന്നിവർചേർന്ന് സമ്പന്നരുടേയും മനുഷ്യ സ്നേഹികളുടേയും വീടുകളിലും പൊതു സ്ഥലങ്ങളിലും കയറിയിറങ്ങി ഭജനയും പാട്ടും പാടി പണം ശേഖരിക്കുകയുണ്ടായി. അങ്ങനെകിട്ടിയ ഫണ്ട് കൊണ്ട് ശ്രീ ചിത്തിര ഹരിജൻ അഗതി മന്ദിരം മറ്റൂരിൽ സ്ഥാപിക്കുകയും ചെയ്തു. ടി ഓർഫനേജിന്റെ ഉദ്ഘാടനം ശ്രീമത്. ആഗമാനന്ദ സ്വാമികളാണ് നിർവ്വഹിച്ചത്. കാലക്രമനത്തിൽ ആസ്ഥാപനങ്ങളെല്ലാം ആശ്രമത്തിന്റെ ഭാഗമാക്കുകയായിരുന്നു.

അക്കാലത്തു നടന്ന ഒരു സാമൂഹിക നവോത്ഥാന പരിപാടിയായിരുന്നു ക്ഷേത്ര പ്രവേശനത്തിനുവേണ്ടിയുള്ള സമരവും തുടർന്നുണ്ടായ ക്ഷേത്ര പ്രവേശന വിളംബരവും ഇതിൽ നിന്നും ആവേശമുൾക്കൊണ്ട് അന്ന് ദേവസ്വം ബോർഡിന്റെ കീഴിൽ അടുത്തുണ്ടായിരുന്ന കോതകുളങ്ങര ക്ഷേത്രത്തിലേക്ക് കുട്ടൻമേനോന്റെ നേതൃത്വത്തിൽ ഹരിജനങ്ങൾ കാൽനടയായി പോയി ക്ഷേത്ര ദർശനം നടത്തി. ഇത്തരം പരിപാടികൾക്ക് സഹായിച്ച വ്യക്തികളാണ് വേങ്ങൂർ കാഞ്ഞിലി കർത്താക്കന്മാരുടെ കുടുംബാംഗങ്ങളായിരുന്ന ശ്രീ ഗോപാല പിള്ള, അദ്ദേഹം NSS സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. മറ്റൊരാൾ NSS സ്കൂളിന്റെ മലയാളം മുൻഷിയായിരുന്ന ശ്രീ. ശങ്കരപിള്ളയായിരുന്നു. ഇതിനിടയിൽ കൊല്ല വർഷം 1110(1935) ൽ ശ്രീ പറയത്ത് കുട്ടൻ മേനോന്റെ ശ്രമഫലമായി വിപ്ലവകാരിയും തിരുവിതാംകൂർ MLC യുമായി മാറിയിരുന്ന ശ്രീമാൻ. അയ്യൻകാളിയെ കാലടിയുടെ മണ്ണിലേക്ക് ക്ഷണിച്ചു വരുത്തി ഇവിടെയുള്ളവരെ പരിചയപ്പെടുത്തി. ഇത് കാലടിയുടെ .ചരിത്രത്തിലെ മറ്റൊരു നാഴിക കല്ലായിരുന്നു.

(1924 ൽ കേരളത്തിൽ വന്ന മഹാത്മാ ഗാന്ധി അയ്യൻകാളിയെ സന്ദർശിച്ച് ആശയ വിനിമയം നടത്തിയ വേളയിൽ താങ്കളുടെ ആളുകളെക്കുറിച്ച് താങ്കൾക്കുള്ള പ്രതീക്ഷ എന്താണെന്ന ചോദ്യത്തിന് മറുപടിയായി "എന്റെ സമൂഹത്തിൽ നിന്നും പത്ത് ബി എ ക്കാരുണ്ടായി കാണണമെന്നാണ് എനിയ്ക്ക് ആഗ്രഹം" എന്നാണ് അയ്യൻകാളി പറഞ്ഞത്.

ഇത്തരം സന്ദർഭങ്ങൾ മനസ്സിലാക്കാൻ ഇടവന്ന കാലടി പഞ്ചായത്തിലെ പട്ടിക വിഭാഗങ്ങൾക്ക് വലിയ ആവേശം പകർന്നിരുന്നു. അത്തരം ആവേശം ഉൾക്കൊണ്ടാണ് കുറേപ്പേർ വിദ്യാഭ്യാസം ചെയ്യാനും അതിൽ നിന്നും വളർന്നു വന്ന പട്ടിക ജാതിക്കാരനായ ശ്രീ എം കുട്ടപ്പൻ I.A.S കാരനായത്. കേരള ചരിത്രത്തിലെ നവോഥാന മുന്നേറ്റങ്ങൾ ഒരു വശത്ത് നടക്കുമ്പോൾ തന്നെ അഖിലേന്ത്യ തലത്തിൽ ഡോ. ബി ആർ അംബേദ്കർ വർണ്ണ വ്യവസ്തക്കെതിരെയും വർണ്ണ വ്യവസ്തയെ ഊട്ടിയുറപ്പിക്കുന്ന പുരാണങ്ങൾക്കും ഇതിഹാസങ്ങൾക്കും മനുസ്മൃതിക്കുമെതിരെ ആഞ്ഞടിക്കുകയായിരുന്നു. മഹാത്മാ ഗാന്ധിയുടെ പലനിലപാടുകളോടും എതിർപ്പ് പ്രകടിപ്പിച്ച അംബേദ്കർ പൂനാകരാറിലൂടെ പട്ടിക വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും സംവണം ലഭിക്കത്തക്കവിധം ഭരണ ഘടനയിൽ നിയമങ്ങൾ ഉൾക്കൊള്ളിക്കുന്നതിൽ വിജയിക്കുകയുണ്ടായി.

പട്ടിക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ച ആളാണ് മഹാത്മാ ഗാന്ധി എന്നത് ആശ്ചര്യം ജനിപ്പിക്കുന്നതായിരുന്നു. വർണ്ണ വ്യവസ്തയിലും ഭഗവത് ഗീതയിലെ കർമ്മ വ്യവസ്തയിലും അടിയുറച്ച് വിശ്വസിച്ചിരുന്നതിനാൽ അതിനപ്പുറമാകാൻ കഴിയുമായിരുന്നുമില്ല.

ഒരു നല്ല സമൂഹം സൃഷ്ടിക്കപ്പെടണമെന്ന ആഗ്രഹമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിനുള്ളത്. ഭക്ഷണം വസ്ത്രം , ആരോഗ്യം , വിദ്യാഭ്യാസം, പാർപ്പിടം , കുടിവെള്ളം എന്നിവ എല്ലാവർക്കും ലഭ്യമാക്കണം. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷം തികയുമ്പോഴും സമൂഹത്തിന്റെ പൊതുഘടനയിൽ നിന്നും വലിയ മാറ്റമൊന്നും വന്നിട്ടില്ല. സമൂഹത്തിലാകമാനം എല്ലാ മേഖലകളിലും മാറ്റം വന്നിട്ടുണ്ടെങ്കിലും എല്ലാവരുടേയും വളർച്ച തുല്യതയിലേക്കല്ല. പണ്ടത്തെ ലക്ഷാധിപതികൾ കോടീശ്വരൻമാരായി പുതിയ ലക്ഷാധിപതികൾ പുതിയ സ്ഥാനത്തേക്കു വന്നു. മുൻപ് താഴെത്തട്ടിലുണ്ടായിരുന്നവർ ഇപ്പോഴും താഴെത്തട്ടിൽ തന്നെ. വളർന്നവർ ഒരു ശതമാനം പോലുമായില്ല. തൊഴിൽ രംഗത്തും സമ്പത്താർജ്ജിക്കുന്നതിലും പട്ടിക വിഭാഗങ്ങൾ പിന്നിൽതന്നെയാണ്. അവർക്കുവേണ്ടി പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തണം.

കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള വിദേശങ്ങളിലും IT മേഖലയിലെല്ലാം തന്നെ ഈ വിഭാഗക്കാർ വളരെ പിന്നിലാണ്. മാത്രമല്ല നേരത്തെ വീടില്ലാത്തവരും ഭൂമിയില്ലാത്തവരുമായിരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 4 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പ്രത്യേക സങ്കേതങ്ങളിലായിരുന്നുവെങ്കിൽ ഇപ്പോൾ പണ്ട് നൽകിയ നാല് സെന്റും പത്തുസെന്റും ഭാഗിച്ച് രണ്ടും രണ്ടരയും സെന്റുകളിലേക് പുതിയ തലമുറ ഒതുങ്ങി പോയിരിക്കുന്നു. കോളനികളിലേക്കും പട്ടിക വിഭാഗ സങ്കേതങ്ങളിലേക്കും മാത്രം ഒതുങ്ങി പോയ ഇവർക്ക് സമൂഹത്തിന്റെ പൊതു ധാരയിലിപ്പോഴും വലിയ സ്ഥാനമൊന്നുമില്ല. ഈ അവസ്ഥയെ മറികടക്കാൻ പൊതു സമൂഹം തന്നെ ഉണരേണ്ടിയിരിക്കുന്നു. പട്ടിക വിഭാഗത്തിനുവേണ്ടി നീക്കി വെച്ചിരിക്കുന്ന ഫണ്ട് ഏത് വിധത്തിൽ ചിലവഴിക്കണമെന്ന് അവർക്കോ പൊതു സമൂഹത്തിനോ ധാരണയില്ല അത്തരം ധാരണയുള്ളവരെ കണ്ടെത്തി അവരുടെ സഹകരണത്തോടെ മാത്രമേ പട്ടികവിഭാഗം ഫണ്ട് വിനിയോഗിക്കൂ എന്ന് തീരുമാനിക്കാത്തിടത്തോളം കാലം ഈ അവസ്ഥ തുടരുക തന്നെചെയ്യും.

സാംസ്കാരിക രംഗത്തുള്ള പിന്നോക്കാവസ്ഥ യുവാക്കളെ മദ്യത്തിന്റേയും മയക്കു മരുന്നുകളുടേയും ലോകത്തേക്ക് ആകർഷിക്കുന്ന അവസ്ഥയുണ്ട്. ഈ വിഭാഗക്കാരുടെ ആചാരങ്ങളും കലകളുമാകട്ടെ മദ്യവുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നു. തനതു കലകളായ നാടൻ പാട്ടും [illegible] മരംകൊട്ട് എന്നീ താളവാദ്യങ്ങളും, കുടകളി, കൈകൊട്ടികളി, മുടിയാട്ടം എന്നീ കലകളും, നാവോറ്,

ചാവുപാട്ട് എന്നിവയും ചില വിഭാഗങ്ങളിലുണ്ട്. ഇത്തരം കലകളെ മദ്യത്തിൽ നിന്നും വിമുക്തമാക്കി പരിഷ്കരിക്കാൻ അവരുടെ ഇടയിലുള്ള കലാകാരൻമാരേയും, സാഹിത്യം-സാംസ്കാരിക രംഗത്തുള്ളവരേയും ഒന്നിച്ചുചേർക്കാനുള്ള ഭാവനാത്മക ഇടപെടലുണ്ടാകാൻ കർമ്മ സമിതിയും ജന പ്രതിനിധികളും ഒന്നിക്കണം ഇപ്പോഴത്തെ അവസ്ഥയാകട്ടെ സവർണ്ണ വിഭാഗങ്ങളുടെ ആചാരാനുഷ്ടാനങ്ങളെ അന്ധമായി പിൻതുടരുന്നവരായി ഭൂരിപക്ഷം പട്ടിക വിഭാഗങ്ങളും മാറിയിരിക്കുന്നു. ( പിന്നോക്ക വിഭാഗങ്ങൾ നേരത്തേ തന്നെ അത്തരം ആചാരങ്ങളിലേക്ക് മാറപ്പെട്ടിരുന്നു) ഇതാകട്ടെ തനത് കലകളെ നഷ്ടപ്പെടുത്താൻ ഇടവരുത്തുകയുണ്ടായി.

കേരളത്തിലാകെ വ്യത്യസ്ഥ ആചാര- വിചാരങ്ങൾ ഉൾക്കൊള്ളുന്ന 68 പട്ടിക ജാതി വിഭാഗങ്ങളും 35 പട്ടിക വർഗ്ഗ വിഭാഗങ്ങളുമുണ്ട്.

ഇവർക്ക് ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട സംവരണം അവർക്കു തന്നെ പൂർണ്ണമായി ലഭിക്കേണ്ടതുണ്ട്. അവരേക്കാൾ ഉയർന്ന നിലവാരത്തിലുള്ളവർ ഈ പൂളിലേക്ക് കടന്നുവരാൻ ശ്രമിക്കുന്നത് ശരിയല്ല. അങ്ങനെ കടന്നു വരുന്നവർക്ക് പ്രത്യേക പൂൾ ഉണ്ടാക്കുന്നതാകും അഭികാമ്യം .

കാലടി ഗ്രാമപഞ്ചായത്തിൽ ആദ്യമായി ഭരണ സമിതി രൂപീകരിച്ചത് 1955-56 കാലഘട്ടത്തിലാണ്. അന്ന് പട്ടിക ജാതി വിഭാഗത്തിൽ നിന്നും പഞ്ചായത്ത് മെമ്പറായത് ശ്രീ. സി എൻ. കുമാരനാണ്. പട്ടിക ജാതി വിവിധോദ്ദേശ സഹകരണസംഘംമുണ്ടായതാകട്ടെ പ്രവർത്തനം നിലച്ച് നാട്ടുകാർ വേസ്റ്റ് നിക്ഷേപിക്കുന്ന സ്ഥലമായി മാറിയിരിക്കുന്നു. ടി സഹകരണ സംഘം പുനരുജ്ജീവിപ്പിച്ച് വെറും കക്ഷി രാഷ്ട്രീയത്തിന്റെ വേദിയാകാതെ സംരക്ഷിക്കേണ്ടതുണ്ട്. എല്ലാ രാഷ്ട്രീയ കക്ഷികളിലേയും പ്രഗത്ഭരെ ഒത്തു ചേർത്ത് പു നരുജ്ജീവിപ്പിക്കാൻ നടപടിയുണ്ടാകണം. അല്ലാതെയുണ്ടായ സംരംഭങ്ങളെല്ലാം തകർന്നു പോയത് സ്മരണീയമാണ്.

## പട്ടിക ജാതി വികസനം

## സെൻസസിൽ കാണുന്നത്

2011 ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിൽ 1422 പുരുഷൻമാരും 1503 സ്ത്രീകളും ചേർന്ന് 2925 പേരാണ് പട്ടിക ജാതിക്കാർ. ഇത് ജനസംഖ്യയുടെ 10.34% ആണ്. പട്ടിക വർഗ്ഗക്കാരായി 26 പുരുഷൻമാരും 35 സ്ത്രീകളുമായി 61 പേരാണുള്ളത്. ഇത് ജനസംഖ്യയുടെ 0.22% ആണ്.

6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ ആകെ 2667 പേരുണ്ട്. ഇതിൽ 1328 ആൺ കുട്ടികളും 1339 പെൺകുട്ടികളും ആണുള്ളത്.

## ആൺ-പെൺ അനുപാതം ഒരു പഠനം

കേരളത്തിൽ ആൺ-പെൺ അനുപാതത്തിൽ സ്ത്രീകളാണ് മുൻപന്തിയിൽ നമ്മുടെപഞ്ചായത്തിൽ 49.79% ആൺ കുട്ടികൾക്ക് 50.21% പെൺകുട്ടികൾ ആണുഉള്ളത്. ഇതിൽ ആൺ പെൺ വ്യത്യാസം 0.42% മാത്രമാണുള്ളത്.

പട്ടിക ജാതിക്കാരിൽ 48.62% പുരുഷൻമാർക്ക് 51.38 % സ്ത്രീകൾ വരുന്നു. ഇതാകട്ടെ ആൺ പെൺ വ്യത്യാസത്തിൽ 2.76% വരും. പട്ടിക വർഗ്ഗക്കാർക്ക് 42.62% പുരുഷന് 57.38% സ്ത്രീകൾ കാണുന്നു. ഇത് ആൺ പെൺ വ്യത്യാസത്തിന്റെ 14.76% ആണെന്നുള്ളത് ചിന്തനീയമാണ്.

ജനിച്ചതിനുശേഷം 6 വയസ്സുവരെ ആൺ പെൺ വ്യത്യാസം 0.42% ആയിരിക്കുമ്പോൾ പട്ടിക ജാതിക്കാർക്ക് 2.76% വും പട്ടിക വർഗ്ഗക്കാർക്ക് 14.76% വും എന്നത് പഠന വിധേയമാക്കേണ്ട ഘടകമാണ്. കാരണം പട്ടികജാതി/ പട്ടികവർഗ്ഗക്കാരെ ഒഴിവാക്കിയുള്ള ജനറൽ വിഭാഗത്തിലെ ആൺ–പെൺവ്യത്യാസം കേവലം 0.92% മാത്രമേയുള്ളൂ എന്നതാണ്.

ഇവിടെ കുട്ടികൾ ജനിക്കുമ്പോൾ പട്ടിക വർഗ്ഗക്കാരുടെ ആൺകുട്ടികൾ മാത്രം മരിച്ച് പോകുന്നതായോ അവർക്ക് മാത്രം പെൺകുട്ടികൾ കൂടുതലായി ജനിക്കുന്നതായോ അറിവില്ല പട്ടിക വിഭാഗക്കാരിൽ പുരുഷൻമാർ മാത്രം രോഗബാധിതരായി മരിക്കാനുള്ള സാദ്ധ്യത സ്ത്രീകളേക്കാൽ കൂടാനും സാദ്ധ്യതയില്ല. അഥവാ പുരുഷൻമാർ കൂടുതലായി മരിക്കുന്നുണ്ടെങ്കിൽ/ രോഗം ബാധിക്കുന്നുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പഠനമർഹിക്കുന്നു. ഭക്ഷണത്തിന്റെ അപര്യാപ്തത, രോഗാതുരത, ഗുരുതരമായ മദ്യപാനം, ചികിത്സയോടുള്ള വിമുഖത എന്നിവ പഠന വിധേയമാകുന്നു.

## കാലടി പഞ്ചായത്തിലെ പട്ടിക വിഭാഗ സങ്കേതങ്ങൾ

1. മറ്റൂർ പട്ടികജാതി കോളനി
2. തോട്ടേക്കാട് പട്ടികജാതി കോളനി
3. തോട്ടകം പട്ടിക ജാതി കോളനി
4. വട്ടപ്പറമ്പ് പട്ടിക ജാതി കോളനി
5. മാണിക്യമംഗലം നെട്ടിനംമ്പിള്ളി കോളനി
6. കാളമട്ടംപട്ടിക ജാതി കോളനി
7. തുറമട്ടം പട്ടികജാതി കോളനി
8. മരോട്ടിച്ചോട് പട്ടിക ജാതി കോളനി
9. ആര്യപ്പാറ പട്ടിക ജാതി കോളനി
10. നെല്ലിപ്പറമ്പ് പട്ടിക ജാതി കോളനി
11. വരക്കട പട്ടിക ജാതി കോളനി
12. കുറ്റിലക്കര പട്ടിക ജാതി കോളനി
13. മട്ടപ്പുറം പട്ടിക ജാതി കോളനി
14. പൂപ്പിള്ളിച്ചാൽ പട്ടിക ജാതി കോളനി
15. മുണ്ടങ്ങാമഠം പട്ടിക ജാതി കോളനി
16. ചിറ്റേപ്പാടം പട്ടിക ജാതി കോളനി
17. മഠത്തേടത്ത് പട്ടിക ജാതി കോളനി

## ലക്ഷം വീട് കോളനികൾ

ഇവയിൽ പട്ടിക വിഭാഗങ്ങളും മറ്റു വിഭാഗങ്ങളും ഉൾക്കൊള്ളുന്നു.

1. മറ്റൂർ
2. പിരാരൂർ
3. മരോട്ടിച്ചോട്
4. മാണിക്യമംഗലം

5. മേക്കാലടി

## നാല് സെന്റ് കോളനികൾ

റോഡ് പുറംമ്പോക്കിലും കടത്തിണ്ണകളിലും കഴിഞ്ഞിരുന്നവരും ഭൂരഹിതരും ഭവന രഹിതരുമായിരുന്നവരെ പുനരധിവസിപ്പിക്കാൻ വേണ്ടി രൂപീകരിച്ചതാണ്.

1. മരോട്ടിച്ചോട്
2. തോട്ടകം

ആയിരക്കണക്കിന് പേരാണ് ഇത്തരം സങ്കേതങ്ങളിൽ അടിഞ്ഞു കൂടിയിരിക്കുന്നത്. ഇവരിൽ എത്രപേർ പൊതു ധാരയിൽ മറ്റുള്ളവരോടൊപ്പം നിൽക്കുന്നുണ്ടെന്ന് പരിശോധിക്കപ്പെടണം. അവരുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ പിന്നോക്കാവസ്ഥ എന്നിവ ഒരു സർവ്വേ നടത്തി കണ്ടു പിടിക്കുന്നതോടൊപ്പം ഈ ഗ്രൂപ്പിലേക്ക് വരാൻ തയ്യാറായി കാത്തു നിൽക്കുന്നവരേയും പരിഗണിക്കുമ്പോൾതന്നെ കാലടി പഞ്ചായത്തിന്റെ ആസൂത്രണ പ്രക്രിയയ്ക്ക് ഒരു യഥാർത്ഥ ദിശാബോധം ലഭിക്കുന്നതായിരിക്കും. പ്രാദേശികമായി ഇത്തരം പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് കഴിയുന്നിടത്തൊക്കെ ഫ്ളാറ്റുകൾ, പൊതു കുളങ്ങൾ, കുടിവെള്ളസംവിധാനം, കളി സ്ഥലം, പൊതു മന്ദിരം, വൈദ്യുതി , തൊഴിൽ, കൃഷി, കാലിവളർത്തൽ മാലിന്യ സംസ്കരണം, കാലിവളർത്തൽ മാലിന്യ സംസ്കരണം, പൊതു കക്കൂസ് , സെപ്റ്റിക് ടാങ്ക്, ആവശ്യമെങ്കിൽ പൊതു അടുക്കള, ഇങ്ങനെ സമഗ്രമായി കാണാൻ കഴിഞ്ഞാൽ ഒരു പക്ഷെ ഭൂമിയുടെ പ്രശ്നം പോലുള്ളവ തടസ്സം കൂടാതെ നേരിടാനാകും. എന്നാൽ ഇത്തരം മാറ്റങ്ങൾ എടുത്ത് ചാടി ചെയ്യാവുന്നവയല്ല. ഏതെങ്കിലും വ്യക്തിക്കോ രാഷ്ട്രീയത്തിനോ മാത്രം ക്രെഡിറ്റ് എടുത്ത് കളയാം എന്നു കരുതിയാൽ വലിയ തിരിച്ചടിയാകും ലഭിക്കുക എന്നത് കേരള ചരിത്രം പഠിച്ചാലറിയാം സർവ്വ കക്ഷികളേയും

പ്രസ്ഥാനങ്ങളേയും ജനങ്ങളേയും വിശ്വാസത്തിലെടുത്തു വേണം ഇറങ്ങിതിരിക്കാൻ.

## പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

14–ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ടിയുള്ള പൊതു നിർദ്ദേശങ്ങൾ ചുവടെച്ചേർക്കുന്നു

1. ഓരോ പട്ടിക ജാതി സങ്കേതങ്ങൾ , കോളനികൾ എന്നിവ പ്രത്യേകം തെരെഞ്ഞെടുത്ത് വിശകലനം ചെയ്ത് വേണ്ട പരിഹാര നടപടികൾ ചെയ്യുക.
2. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് നീക്കി വെക്കുക.
    1. പഠനോപകരണങ്ങൾ നൽകുക
    2. ആവശ്യമുള്ളവർക്ക് ലാപ്ടോപ്പ് നൽകുക
    3. സ്ക്കൂളിൽ പോകുന്ന യു. പി മുതലുള്ള കുട്ടികൾക്ക് സൈക്കിൾ നൽകുക
    4. സർക്കാർ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് – L.P. പ്രീ – പ്രൈമറി കുട്ടികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുക
    5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാര ബോധനത്തിനായി പ്രത്യേക ക്ലാസ്സുകൾ ആരംഭിക്കുക.

6. എൽ പി വിഭാഗത്തിൽ അക്ഷരമുറക്കാത്ത കുട്ടികളെ കണ്ടെത്തി ചെറുപ്പം മുതൽ തന്നെ അക്ഷരം ഉറപ്പിക്കുക.
7. എല്ലാ ക്ലാസ്സുകളിലേയും മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകുക.

3. പഞ്ചായത്തിലുള്ള പുറമ്പോക്ക് ഭൂമികൾ കണ്ടെത്തി അവിടെ ലൈബ്രറി, കമ്മ്യൂണിറ്റി ഹാൾ, എന്നിവ നിർമ്മിച്ച് അവിടെ ട്യൂഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, എന്നിവ നടത്താനുള്ള സംവിധാനം ചെയ്യുക.

4. മറ്റൂർ പട്ടിക ജാതി കോളനിയിലുണ്ടായിരുന്ന പൊതു മന്ദിരവും ലൈബ്രറിയും വിദ്യാഭ്യാസ വകുപ്പിന്റെ കൈകളിൽ അകപ്പെട്ടുപോയതിനാൽ സ്ക്കൂളിന്റെ തെക്കുവശത്ത് പട്ടിക ജാതിക്കാരനല്ലാത്തയാൾ വാങ്ങി തിരിച്ചിരിക്കുന്ന ഭൂമി വാങ്ങി അവിടെ പൊതു മന്ദിരവും ലൈബ്രറിയും സ്ഥാപിക്കുക. (നിയമപരമായി പട്ടിക വിഭാഗക്കാരുടെ ഭൂമി ഇതര സമുദായക്കാർ കൈവശത്തിലാക്കാൻ പാടില്ല) .
5. – സർക്കാരിൽ നിന്നും പട്ടിക വിഭാഗങ്ങൾക്ക് ലഭിക്കുന്ന പദ്ധതികൾ എന്തൊക്കെ അവയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങൾ എങ്ങിനെ നടത്താം

– മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ മാനസിക പ്രശ്നങ്ങൾ –

കുടുംബ തകർച്ച– വ്യക്തിത്വം മുരടിപ്പ് പോലുള്ള ഗൗരവമുള്ള പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം ?

– യുവാക്കളെ ലക്ഷ്യബോധമുള്ളവരാക്കി സാമൂഹിക പ്രശ്നങ്ങളിലും കുടുംബ പ്രശ്നങ്ങളിലും എങ്ങിനെ ഇടപെടാം?

ഇത്തരം കാര്യങ്ങളെക്കുറിച്ച് ബോദ്ധ്യമാകത്തക്കവിധമുള്ള ക്ലാസ്സുകൾ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.

6. വനിതകൾക്കുവേണ്ടി തയ്യൽ യൂണിറ്റും വിപണന കേന്ദ്രവും തയ്യൽ മെഷീനും ഏർപ്പെടുത്തുക.
7. സാദ്ധ്യതയുള്ള വനിതകൾക്ക് ഗുണ മേന്മയുള്ള കന്നുകാലികളെ വിതരണം ചെയ്യുക.
8. ആവശ്യമുള്ള ഇടങ്ങളിൽ കുടിവെള്ള പൈപ്പ് ലെയിനുകൾ സ്ഥാപിക്കുക.
9. മുൻപുണ്ടായിരുന്ന കുഴി കക്കൂസുകൾക്കു പകരം സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ചു നൽകുക. 20 വർഷം കഴിഞ്ഞ സെപ്റ്റിക് ടാങ്കുകൾ പഠന വിനധേയമാക്കി പരിഷ്കരിക്കേണ്ടവ പരിഷ്കരിക്കുക.
10. എല്ലാ വീടുകളിലേയും കിണർ വെള്ളം പരിശോധിച്ച് കോളീ ഫോം ബാക്ടീരിയ ഇല്ലെന്ന് ഉറപ്പ് വരുത്തുക
11. ചുറ്റുമതിൽ കെട്ടാൻ ബാക്കി കിടക്കുന്ന പുരയിടങ്ങൾക്ക് ചുറ്റുമിൽ കെട്ടുക.
12. ഇതേ വരെ പട്ടയം ലഭിക്കാത്ത വീട്ടുകാർക്ക് പട്ടയം നൽകുക
13. മാലിന്യ സംസ്കരണത്തിനുള്ള ബയോപോട്ട് സൗജന്യമായി നൽകുക.
14. ഇനിയും BPL ലിസ്റ്റിൽപെടാതെ പോയവരുണ്ടെങ്കിൽ കണ്ടെത്തി ലിസ്റ്റിൽ ചേർക്കുക.
15. തനത് – പരമ്പരാഗത കലകളിൽ ഏർപ്പെടുന്നവർക്ക് പ്രോത്സാഹനം നൽകുക. പ്രാഗത്ഭ്യംതെളിയിച്ചവരെ ആദരിക്കുക.
16. പട്ടിക ജാതി സഹകരണ സംഘം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം വിപുലീകരിക്കുക.
17. [illegible] നൽകുക.

18. യുവാക്കൾക്കായി വിദേശത്ത് തൊഴിൽ സാദ്ധ്യതയുള്ള തൊഴിലുകളിൽ വൈദഗ്ദ്ധ്യം നേടുന്നതിനുള്ള കോഴ്സുകളിൽ സൗജന്യമായി പരിശീലനം നൽകി വിദേശത്ത് പോകാനുള്ള അവസരമൊരുക്കുക.

19. കാർഷിക തൊഴിൽ രംഗത്ത് തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്കായി ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം സ്ത്രീ– പുരുഷ ഭേദമില്ലാതെ നൽകുകയും യന്ത്രങ്ങളും മറ്റുപകരണങ്ങളും നൽകി സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുക

20. ഇത്തരം പേരെയുപയോഗിച്ച് ഒരു "പഞ്ചായത്ത് കാർഷിക സന്നദ്ധ സേന" രൂപീകരിച്ച് തരിശ്ശ് രഹിത പഞ്ചായത്തിന് അവസരമൊരുക്കുക

21. പട്ടിക വിഭാഗ ഫണ്ട് വിനിയോഗിക്കുന്നതിൽ പല തദ്ദേശ ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുക യും വേണ്ട രീതിയിൽ വിനിയോഗിക്കാതെ ലാപ്സാക്കുകയോ വകമാറ്റി ചെലവാക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു.ഈ അവസ്ഥയ്ക്ക് പരിഹാരമായി ഓരോ പഞ്ചായത്തിലുമുള്ള വികസന സമിതി – കർമ്മ സമിതികളിലുള്ള പട്ടിക വിഭാഗ പ്രതിനിധികൾക്കും പ്രൊജക്ട് കൈകാര്യം ചെയ്യുന്ന മറ്റുള്ളവർക്കും സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന " കില " (KILA) യിൽ വെച്ച് വിദഗ്ധ പരിശീലനം നൽകി അവരെ ഉപയോഗിച്ച്കൊണ്ട് പ്രൊജക്ട് രൂപീകരണവും പദ്ധതി നിർവ്വഹണവും നടത്തുക.

എല്ലാ വർഷവും പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ ജനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നവോത്ഥാന സദസ്സ് നടത്തുക. സദസ്സിൽ കേരളത്തിലെ നവോത്ഥാന നായകൻമാരെക്കുറിച്ചുള്ള പൊതു അനുസ്മരണം നടത്തണം. അതിൽ പൊതുസമൂഹം ഇപ്പോഴും വേണ്ടത്ര മനസ്സിലാക്കാത്ത അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, എന്നിവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകുകയും കൂടാതെ നാരായണ ഗുരു, പണ്ഡിറ്റ് കറുപ്പൻ, ചട്ടമ്പിസ്വാമികൾ, വി ടി ഭട്ടത്തിരിപ്പാട്, ചാവറ കുര്യാക്കോസ് ഏല്യാസ് അച്ചൻ , മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബ്ബ് പേലുള്ളവരുടേയും അനുസ്മരണങ്ങൾ നടത്തണം. ഇതിനുവേണ്ടി പ്രത്യേക ഫണ്ട് കണ്ടെത്തണം

**7.പ്രാദേശിക സാമ്പത്തിക വികസനം**

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽആകെ 230 അയൽക്കൂട്ടങ്ങളും 79 ജെ.എൽ.ജി ഗ്രൂപ്പുകളും 33 തൊഴിൽ ഗ്രൂപ്പുകളുമാണുള്ളത്.ലൈസൻസ്കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്, ആരംഭഘട്ടത്തിലുള്ളവരുമാനക്കുറവ്, ഉത്പന്നങ്ങൾക്കായുള്ളവിപണികണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, സർക്കാർതലത്തിലുള്ളസഹായങ്ങൾലഭ്യമാകാത്തത്എന്നിവചെറുകിടവ്യവസായങ്ങൾആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. പഞ്ചായത്ത്തലത്തിൽ പ്രത്യേകമായിവ്യവസായമേഖലകൾആരംഭിക്കുക , സംഭരണവിപണന കേന്ദ്രങ്ങൾ ആരംഭിക്കുക, സബ്സിഡിതുകഉയർത്തുകഎന്നിവഇതിനു പരിഹാരമാണ്.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

ചെറുകിട സൂക്ഷ്മ വ്യവസായ സംരഭങ്ങൾ തുടങ്ങിയാലേ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവൂ. അതുവഴി ആ കുടുംബങ്ങൾക്ക് മാസം ഒരു നിശ്ചിത വരുമാനം നേടി കൊടുക്കുവാനും സാധിക്കും.

**8.ദാരിദ്ര്യലഘൂകരണം**

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ നിരവധി കുടുംബങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രിയദർശിനി ,മട്ടപ്പുറം എന്നീ കോളനികളിൽ റോഡസൗകര്യമില്ലായ്മമൂലം ഭവന നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾഎത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഗ്രാമപഞ്ചായത്തിലെ നിരാലംബരുടെസർവ്വേ നടത്തിഅവർക്ക്വേണ്ടസൗകര്യങ്ങൾഎത്തിക്കുക. ആശ്രയ പദ്ധതി പ്രകാരം 167 കുടുംബങ്ങൾക്ക്സഹായംഎത്തിക്കുന്നു.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

സംസ്ഥാന ഗവൺമന്റിന്റെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി കാലടി ഗ്രാമപഞ്ചായത്തിൽ സർവ്വേ നടത്തി പൂർത്തീകരിച്ചിട്ടുള്ള കുടുംബങ്ങൾക്ക് നിർമ്മാണം പൂർത്തീകരിക്കുക എന്നതും ആശ്രയ അഗതി കുടുംബങ്ങൾക്ക് ഏതാണ്ട് 167 . ഇവർക്ക് ആവശ്യമായ സഹായം എത്തിച്ചുകൊണ്ട് സമൂഹത്തിലെ അർഹതപ്പെട്ട ആളുകളെ പ്രത്യേകം കണ്ടെത്തി അവരുടെ ആവശ്യം മനസ്സിലാക്കി തൊഴിൽ സൗകര്യം ഉണ്ടാക്കുകയും, കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പാക്കിയും തൊഴിലുറപ്പ് പദ്ധതിയേയും, കുടുംബശ്രീ സംവിധാനങ്ങളേയും കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തിയും ദാരിദ്ര്യം ലഘൂകരിക്കുക എന്നതാണ് 13–ാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം.

**9.പൊതുഭരണവും ധനകാര്യവും**

ഇന്നത്തെ അവസ്ഥ

മുൻ വർഷങ്ങളെ അപേക്ഷിച്ച് പഞ്ചായത്തിന്റെ ധനസ്ഥിതിയിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധികാരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി നികുതി ചോർച്ച ഒഴിവാക്കി പൂർണ്ണമായും പിരിച്ചെടുത്താൽ തനത് വരുമാനം വർദ്ധിക്കുകയും, അതുവഴി അധിക വിഭവ സമാഹരണം സാദ്ധ്യമാകുകയും ചെയ്യും.

പഞ്ചായത്തിന്റെ പദ്ധതിയേതര ചെലവുകൾ പരിശോധിക്കുമ്പോൾ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും വർദ്ധിച്ചിട്ടുള്ളതായി കാണാം. ആയതിനുള്ള കാരണം ജീവനക്കാരുടെ ശമ്പള വർദ്ധനവും, പഞ്ചായത്ത്ഭരണസമിതി അംഗങ്ങളുടെ ഹോണറേറിയം വർദ്ധനവും ആണ്. പഞ്ചായത്തിന് കൂടുതൽ അധികാരങ്ങൾ ലഭിച്ചതിനാൽ ഭരണചെലവിലും ആനുപാതികമായ വർദ്ധനവ് ഉണ്ടായതായി കണക്കാക്കാം. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനും. അധിക ചെലവ് വഹിക്കേണ്ടി വരുന്നു. സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിനുള്ള കറന്റ് ചാർജ്ജിനത്തിലും, പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജും വർഷം തോറും വർദ്ധിച്ചു വരുന്നു. തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കുകയാണെങ്കിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് നലകി ചെലവ് നിയന്ത്രിക്കാം.

വാട്ടർ അതോറിറ്റി ജീവനക്കാരുമായും സംയുക്ത പരിശോധന നടത്തി ഉപയോഗശ്യൂന്യമായ ടാപ്പുകൾ നീക്കം ചെയ്ത് കുടിവെള്ള ചാർജ്ജ് നിയന്ത്രിക്കാം. പഞ്ചായത്ത് ഓഫീസിനു മുകളിൽ സോളാർ പാനൽ സ്ഥാപിച്ച് ഓഫീസ് ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കി ചെലവ് ചുരുക്കുക.

പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും, പദ്ധതിയേതര ചെലവ് ചുരുക്കിയും ഉണ്ടാകുന്ന നീക്കിയിരിപ്പ് തുക പദധതി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിൽ കഴിഞ്ഞ 5 വർഷത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ ഭാഗികമായി മാത്രമേ പ്രയോജനപ്പെടുത്തിയതായി കാണുന്നുള്ളു. 9-ാം പഞ്ചവതസര പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ 8 ധനകാര്യ സ്ഥാപനങ്ങളായിരുന്നു പഞ്ചായത്ത് പ്രദേശത്തുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

1. യൂണിയൻ ബാങ്ക്
2. ബാങ്ക് ഓഫ് ഇന്ത്യ
3. എസ്.ബി.ഐ
4. കാനറാ ബാങ്ക്
5. സൗത്ത് ഇന്ത്യൻ ബാങ്ക്
6. ഐ.സി.ഐ.സി ഐ ബാങ്ക്
7. എച്ച്.ഡി.എഫ്.സി
8. ജില്ലാ സഹകരണ ബാങ്ക്
9. കാലടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്
10. കേരള ഗ്രാമീൺ ബാങ്ക്
11. ഫെഡറൽ ബാങ്ക്
12. കാലടി-കാഞ്ഞൂർ റൂറൽ സഹകരണ ബാങ്ക്

ഈ സ്ഥാപനങ്ങളുടെ വായ്പാ സൗകര്യങ്ങളും മറ്റ് പരോക്ഷ സഹകരണങ്ങളും തേടിയാൽ പദ്ധതി പ്രവർത്തനങ്ങളുടെ വിഭവ സമാഹരണത്തിന് ആക്കം കൂട്ടാൻ സാധിക്കും.പദ്ധതി പ്രവർത്തനങ്ങളുടെ വിജയത്തിന് പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളുടെ കായികവും, സാമ്പത്തികവുമായ സംഭാവന വിസ്മരിക്കാവുന്നതല്ല. ഗുണഭോക്താക്കളുടെ സഹകരണത്തോടെ സൃഷ്ടിക്കപ്പെടുന്നആസ്തികളുടെ നിർമ്മാണവും, സംരക്ഷണവും സുതാര്യമായിരിക്കും. 12-ാം പഞ്ചവത്സര പദ്ധതികാലത്ത് സമാഹരിച്ച ഗുണഭോക്തൃ വിഹിതം താഴെ കാണിച്ചിരിക്കുന്നു.

| വർഷം | തുക |
|---|---|
| 2012-13 | 162500 |
| 2013-14 | 373646 |
| 2014-15 | 350933 |
| 2015-16 | 306561 |
| 2016-17 | 337217 |

14-ാം പഞ്ചവത്സര പദ്ധതിക്കാലത്തും ഗുണഭോക്തൃ വിഹിതം പ്രധാന വിഭവ സ്രോതസ്സായി പരിഗണിക്കാവുന്നതാണ്.

തനത് വരുമാന സമാഹരണത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. അവയൽ പ്രധാനപ്പെട്ടവ മാത്രം താഴെ ചൂണ്ടി കാണിക്കുന്നു.

1.പൂർണ്ണമായ തോതിൽ നികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല.

2.പഞ്ചായത്തിന്റെ വരുമാനദായക ആസ്തികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

3.കാര്യക്ഷമമായ പരിശോധനയുടെ അഭാവം കൊണ്ട് നികുതി നിർണ്ണയം പൂർണ്ണ തോതിൽ ആകുന്നില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള ഒട്ടേറെ സാധ്യതകൾ പഞ്ചായത്തിന്റെ മുന്നിലുണ്ട്.

1. ഏറ്റവും പ്രധാനമായി ലഭിച്ചുകൊണ്ടിരിക്കുന്ന വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുക
2. സ്വകാര്യ തൊഴിൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ജീവനക്കാരുടെ എണ്ണം കണക്കാക്കി തൊഴിൽ നികുതി ലഭ്യമാക്കുക
3. അനധികൃത കെട്ടിടങ്ങൾക്ക് പിഴ ചുമത്താവുന്നതാണ്.
4. പരസ്യ ബോർഡുകൾക്ക് പെർമിറ്റ് ഫീസ് ചുമത്താവുന്നതാണ്.
5. ഹോസ്റ്റലുകൾ, ഹോംസ്റ്റേ തുടങ്ങിയവ പരിശോധിച്ച് നികുതി ചുമത്താവുന്നതാണ്.
6. ഫണ്ടുകളുടെ നിർബന്ധിത വകയിരുത്തലുകൾ പദ്ധതി നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു.
7. എല്ലാ കച്ചവട സ്ഥാപനങ്ങളെയും ഡി.ആന്റ് ഒ ലൈസൻസിന് കീഴിൽ കൊണ്ടുവരാൻ കഴിയാത്തതും, ലൈസൻസ് ഫീസ് ഘടന സ്ഥാപനത്തിന്റെ ടേണോവർ പ്രകാരമാക്കി ഫീസ് ഘടന പരിഷ്ക്കരിക്കേണ്ടതുമാണ്.
8. വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസൃതമായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ വർദ്ധിക്കുന്നില്ല.
9. എല്ലാ വർഷവും കെട്ടിടങ്ങളുടെ പരിശോധന നടത്തി ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ നികുതി പുതുക്കി നിശ്ചയിക്കുക.
10. നിഷ്ക്രിയമായി കിടക്കുന്ന ചാക്ക് നിർമ്മാണ യൂണിറ്റ് ഉപയോഗ പ്രദമാക്കി വരുമാനം വർദ്ധിപ്പിക്കാം.
11. സ്ക്രാപ്പ് സാധനങ്ങൾ ലേലം ചെയ്യുക
12. മാലിന്യ സംസ്ക്കരണ ഏജൻസികൾക്ക് നൽകുന്ന അജൈവ മാലിന്യങ്ങൾക്ക് വില ഈടാക്കാവുന്നതാണ്.
13. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായപ്പകൾ ലഭ്യമാക്കി ഉൽപ്പാദനം-തൊഴിൽ മേഖലകളിൽ സാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്.
14. തൊഴിലുറപ്പ് പ്രവർത്തനങ്ങളുടെ മേഖല വർദ്ധിപ്പിക്കുന്നതിലൂടെ പഞ്ചായത്തി ന്റെ നേരിട്ടുള്ള ചെലവ് നിയന്ത്രിക്കാവുന്നതാണ്.

## 10.കുടിവെള്ളം , ശുചിത്വം

### ഇന്നത്തെ അവസ്ഥ

ലോകത്താകെ നടന്ന യുദ്ധങ്ങളെല്ലാം സമ്പത്തിനും ആധിപത്യത്തിനും എണ്ണക്കും വേണ്ടിയാണെങ്കിൽ ഇനിയൊരു യുദ്ധമുണ്ടായാൽ അത് വെള്ളത്തിന് വേണ്ടിയായിരിക്കുമെന്നാണ് പറയപ്പെടുന്നത്. അത്രയ്ക്ക് രൂക്ഷമാണ് കുടിവെള്ളപ്രശ്നം. കുടിവെള്ളം വിലയ്ക്കു വാങ്ങേണ്ടി

വരുമെന്ന് കേരളീയർ ആരും തന്നെ പ്രതീക്ഷിച്ചിട്ടില്ലായിരുന്നു. പശ്ചിമ ഘട്ടത്തിന്റെ താഴ്വരയിൽ പെരിയാറിന്റെ തീരത്ത് വെള്ളപ്പൊക്കമുണ്ടായാൽ ആദ്യം മുങ്ങിപോകുന്ന ഇടമാണ് കാലടി ഉൾപ്പെടുന്ന പ്രദേശം. വേനലായാൽ ലോറിയിൽ വരുന്ന കുടിവെള്ളം കാത്ത് വേഴാമ്പലുകളെപോലെതപസ്സിരിക്കുന്നവരാണ് നാമിപ്പോൾ.

ഓരോ വർഷവും ഭൂമിയിലെ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു. ചൂട് കൂടിക്കൊണ്ടുമിരിക്കുന്നു. ഒരു മനുഷ്യന്റെ ആയുർദൈർഘ്യത്തിൽ തന്നെ തൊട്ടറിയുന്ന എത്രയോ മാറ്റങ്ങളാണ് നമ്മുടെ ചുറ്റുപാടിൽ വന്നുകൊണ്ടിരിക്കുന്നത് എന്ന് പ്രായമായവരോട് ചോദിച്ചാലറിയാം എത്രയോ തോടുകളും കുളങ്ങളും കിണറുകളും അപ്രത്യക്ഷമായി? നിലനിൽക്കുന്നവ തന്നെ എത്രമാത്രം മലിനമായി, വിഷകരമായി?

മനുഷ്യനല്ലാതെ മറ്റൊരു ജീവിയും പ്രകൃതിയിൽ ഇത്രമാത്രം നേരിട്ട് ഇടപെടുന്നതായി ഇല്ല. നാം തന്നെയാണ് കുഴപ്പങ്ങൾക്ക് മൂല ഹേതു എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

നമുക്കെങ്ങനെ ഈ ദുരവസ്ഥയെ മറികടക്കാം എന്ന കൂട്ടായ ചിന്തയിൽ നിന്നുമാത്രമേ പരിഹാരം കാണാനാകൂ. ഹ്രസ്വ കാലയളവിൽ നടത്തേണ്ടതും ദീർഘ സ്ഥായിയിൽ പൂർത്തീകരിക്കേണ്ടതുമായ കാര്യങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കണം. നമുക്ക് നേരിട്ടിടപെടാൻ കഴിയാത്ത കാലാവസ്ഥയെ മാറ്റി നിർത്തി കുടിവെള്ളം എങ്ങിനെ സംരക്ഷിക്കപ്പെടാമെന്ന് ചർച്ച ചെയ്യാം.

<u>പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ</u>

പ്രതിവർഷം 300 സെന്റീ മീറ്റർ മഴ ലഭിക്കുന്ന ഇടമാണ് നമ്മുടെ കേരളം അതായത് ഒരു വർഷം പെയ്യുന്ന മഴ ഒഴുകിപോകാതെ പെയ്യുന്ന സ്ഥലത്തുതന്നെ കെട്ടി നിർത്തിയാൽ ഏകദേശം 10 അടി ഉയരത്തിൽ ജലം സംഭരിക്കാനാകും. (6 അടി ഉയരമുള്ള ആൾ നിന്നാൽ തലക്കു മുകളിൽ 4 അടി വെള്ളം കൂടി കാണും) എന്നാൽ ഈ വെള്ളം മഴ കഴിഞ്ഞാൽ ഒരു മണിക്കൂറിനകം എല്ലാം തോടുകളിലൂടെയും മറ്റും ഒഴുകി പുഴയിലും അതുവഴി കടലിലുമെത്തും. വളരെക്കുറച്ച് മാത്രമേ ഭൂമിയിൽ കിനിഞ്ഞിറങ്ങുന്നുള്ളൂ. ഈ കിനിഞ്ഞിറങ്ങൽ പ്രക്രിയയിലൂടെ ലഭ്യമാകുന്ന ജലമാണ് കിണറുകളിലും കുളങ്ങളിലും എത്തുന്നത്. ഈ അറിവിനെയാണ് നമുക്ക് പ്രയോജനപ്പെടുത്തേണ്ടത്.

## <u>എന്തുചെയ്യണം</u>

1. നാം താമസിക്കുന്ന വീടിന്റേയും പുരയിടത്തിന്റേയും താഴ്ന്ന ഒരു സ്ഥലം തെരെഞ്ഞെടുത്ത് അവിടെ കഴിയുന്നത്ര വിസ്തൃതമായ കുഴികളെടുത്ത് പുരയിടത്തിൽ വീഴുന്ന ജലമെല്ലാം കുഴിയിലേക്കൊഴുകിയെത്താൻ അനുവദിക്കുക.
2. പെയ്യുന്ന മഴവെള്ളമെല്ലാം ടാങ്കെട്ടി പിന്നീടുള്ള ഉപയോഗത്തിനായി സംഭരിച്ചുവെക്കുക.
3. വേനൽ കാലത്ത് വറ്റി പോകുന്ന കിണറുകൾ വർഷക്കാലത്ത് റീച്ചാർജ്ജ് ചെയ്യുക. ഇതിനായി വീടുകൾക്കും കെട്ടിടങ്ങൾക്കും മുകളിൽ പെയ്യുന്ന ജലമെല്ലാം ശേഖരിച്ച് അരിച്ച് കിണറുകളിലേക്ക് റീച്ചാർജ്ജ് ചെയ്യുക. കലങ്ങിയ ജലമുള്ള കിണറുകളിലും ഈ രീതി സ്ഥിരമായി പരീക്ഷിക്കാവുന്നതാണ്.
4. പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് ലീക്ക് പ്രൂഫ് ആക്കിയ കുളങ്ങൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് സൂക്ഷിക്കാവുന്നതാണ്.
5. നിലവിലുള്ള പൊതു സ്വകാര്യ സ്ഥാപനങ്ങൾ വലിയ കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ജല സംഭരണികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

6. ഭാവിയിൽ പഞ്ചായത്ത് അതിർത്തിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കുകയും പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പു വരുത്തുകയും വേണം.
7. കൂടാതെ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ കിണറുകൾ, കുളങ്ങൾ , ചിറകൾ , തുറകൾ, തോടുകൾ, പുഴ , ചതുപ്പുകൾ, നെൽപ്പാടങ്ങൾ , കുന്നുകൾ , മലകൾ എന്നിവ സംരക്ഷിച്ച് നിലനിർത്തുക. മൂടിപോയതും നികത്തിയതുമായ കിണറുകളും കുളങ്ങളും മറ്റു ജല സ്രോതസ്സുകളും മാലിന്യ മുക്തമാക്കി പുനഃസ്ഥാപിക്കുക.
8. ഹോട്ടലുകൾ, ഫ്ളറ്റുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, കല്യാണ മണ്ഡപങ്ങൾ, ദേവാലയങ്ങൾ, വീടുകൾ ഹൗസിംഗ് കോളനികൾ എന്നിവിടങ്ങളിലുണ്ടാകുന്ന മാലിന്യങ്ങൾ അതാതിടങ്ങളിൽ ത ന്നെ വേർതിരിച്ച് സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് സംസ്കരിച്ച് ശുദ്ധമായ

9. ജലം മാത്രം ഓടകളിലേക്ക് ഒഴുക്കാൻ വേണ്ട നടപടിയെടുക്കുക.
10. മാലിന്യം ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.
11. കമ്പോസ്റ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, പൈപ്പ് –പോട്ട്– വെർമി കമ്പോസ്റ്റുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ പ്രചരിപ്പിക്കുക.
12. ഓടകളിലേയും, തോട്, പുഴ, കുളം പോലുള്ള ജല സ്രോതസ്സുകളുടേയും സമീപത്ത് സ്ഥിതിചെയ്യുന്ന വീടുകൾ , ഫാക്ടറികൾ, ഫ്ളാറ്റുകൾ, ഹോട്ടലുകൾ ഇതര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള അഴുക്കുചാലുകൾ, കക്കൂസ് മാലിന്യങ്ങൾ ഉൾക്കൊള്ളുന്ന കുഴലുകൾ എന്നിവ ജല സ്രോതസ്സുകളിലേക്കും ഓടകളിലേക്കും തുറന്ന് വിടുന്ന പ്രവണത കണ്ടു വരുന്നു. ഇത്തരം പ്രവൃത്തികൾ കുറ്റകരമായി പ്രഖ്യാപിക്കുക.
13. കനാലുകൾ, തോടുകൾ, പുഴ മറ്റു ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ വാഹനങ്ങൾ കഴുകൽ, മൃഗങ്ങളെ കുളിപ്പിക്കൽ, മലമൂത്ര വിസർജ്ജനം നടത്തൽ മാലിന്യങ്ങൾ നിക്ഷേപിക്കൽ എന്നിവ കണ്ടു വരുന്നു. ഇവ കുറ്റ കരമാക്കുകയും അത്തരം പ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.
14. മാലിന്യ സംസ്കരണം, ശുചിത്വം എന്നിവയെക്കുറിച്ച് എല്ലാ അയൽക്കൂട്ടങ്ങളിലും ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ശുചിത്വ ബോധം സൃഷ്ടിക്കുകയും ചെയ്യുക
15. പെരിയാറിൽ പാലത്തിന് താഴെ ശാസ്ത്രീയമായ രീതിയിൽ കോൺക്രീറ്റ് തടയണ നിർമ്മിക്കുക. ഇത് ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് വെള്ളം ലഭ്യമാക്കാനും കാലടി പാലത്തിന്റെ കാലുകൾ മണ്ണൊഴുകി ഇളകി പോകാതിരിക്കാനും ഇടവരുത്തും.
16. 17–ാം വാർഡിൽ വാണിച്ചാൽ പാടശേഖരത്തിലേക്ക് ഇറിഗേഷൻ കനാൽ വെള്ളം എത്തിക്കാനുള്ള സംവിധാനം ചെയ്യുകയും വാണിച്ചാൽ തോട് ശുചിയാക്കുകയും ചെയ്യുക.
17. വാർഡ് 16 ൽ കുറ്റിലക്കര ഭാഗത്ത് ആവണംകോട് ലിഫ്റ്റ് ഇറിഗേഷന്റെ വെള്ളം ലഭിക്കാനുള്ള തോട് നിർമ്മിക്കുക.
18. വാർഡ് 4 ൽ വിവേകാനന്ദ കോളനിയിലുള്ള കുഴൽ കിണറുകൾ പ്രവർത്തന ക്ഷമമാക്കുകയും പൈപ്പ് ലെയിൻ നീട്ടുകയും ചെയ്യുക.
19. വാർഡ് 1 ൽ നിലവിലുള്ള പൊതു കുളങ്ങൾ കെട്ടി സംരക്ഷിക്കുക.
20. വാർഡ് 7 ൽ തുറയിൽ നിന്നും ജലം പമ്പ് ചെയ്ത് മാണിക്യമംഗലം പള്ളിയുടെ പുറകിൽ പുളിഞ്ചോട് ഭാഗത്തേക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടിയാരംഭിക്കുക.
21. മാണിക്യമംഗലം തുറ ആഴം കൂട്ടി കൂടുതൽ ജലം സംരക്ഷിക്കപ്പെടുന്നതിനുള്ള ഒരു ജലസംഭരണിയായി സൂക്ഷിക്കുക.

22. പിരാരൂർ തുറ മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടുകയും സൈഡ് കെട്ടി സംരക്ഷിക്കുകയും ചെയ്യുക തുറ കയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുകയും ചെയ്യുക.
23. ചാലക്കുടി ഇറിഗേഷൻ സ്കീമിന്റെ അവസാന ഭാഗമായ മറ്റൂർ വില്ലേജ് ഓഫീസിന് സമീപമുള്ള മട ഭാഗത്ത് തടയണ കെട്ടി ജലം സംഭരിച്ചുവെക്കുക.
24. പിരാരൂർ കാളമട്ടം പ്രദേശത്ത് ജലം എത്തിക്കുന്നതിന് " നല്ലരി " യുടെ പറമ്പിലൂടെയുള്ള തോട് വൃത്തിയാക്കി ഉപയോഗ്യമാക്കുക.
25. 1996 ലെ വികസന രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ലോക ബാങ്ക് സ്കീമിൽ പറഞ്ഞിട്ടുള്ളതുപോലെ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ മറ്റൂർ കന്നിൽ (ശങ്കരകോളേജും ആദിശങ്കര എഞ്ചിനീയറിംഗ് കോളേജും സ്ഥിതി ചെയ്യുന്ന കുന്ന്) കൂടുതൽ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് നിർമ്മിച്ച് വിപുലമായ കുടിവെള്ള പദ്ധതി നടപ്പിലാക്കുക.

## <u>ശുചിത്വ നിർദ്ദേശങ്ങൾ</u>

പരിസര ശുചിത്വം ഏറ്റവും കുറവുള്ള പ്രദേശങ്ങളിൽ ഒന്നാണ് കാലടി പഞ്ചായത്ത് പരിസരം. വീടുകളും പൊതു സ്ഥാപനങ്ങളും എല്ലാം ഇതിൽ നിന്നും വിഭിന്നമല്ല. പുതിയ ഭരണ സമിതി നിലവിൽ വന്നതിനുശേഷം ചില നടപടികൾ എടുത്തു വരുന്നുണ്ടെന്നുള്ളത് ആശ്വാസകരമാണ്. കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യസം പോലെ എല്ലാ വിഷയ മേഖലകളിലും ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളതിനാൽ ചില കാര്യങ്ങൾ ചുരുക്കി പ്രതിപാദിക്കാം

1. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റിന് വേണ്ടത്ര വലിപ്പം ഇല്ലാത്തതിനാൽ കൂടുതൽ കപ്പാസിറ്റിയുള്ള പ്ലാന്റുകൾ ആവശ്യമുള്ളത്ര സ്ഥാപിക്കുകയും അവയിൽ നിന്നുള്ള ഗ്യാസ് ഉപയോഗിച്ച് വൈദ്യുതിയുണ്ടാക്കി കൂടുതലുള്ളത് KSEB യുടെ പൂളിലേക്ക് നൽകുകയും ചെയ്യുക.
2. പ്ലാസ്റ്റിക് നിരോധനം പോലെ തന്നെ ഫ്ളക്സുകളും നിരോധനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുക.
3. മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക .
4. പൊതു സ്ഥലങ്ങളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യം തരം തിരിച്ച് ശേഖരിക്കുക. ; അത്തരം ബിന്നുകൾ ഓരോ വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലും സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ നടപടി ഉണ്ടാക്കുകയും ചെയ്യുക.
5. ഓരോ വാർഡുകളിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ അയൽക്കൂട്ട ശുചിത്വ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ഏകോപിപ്പിക്കുക.
6. എല്ലാ വീടുകളിലും ഹെൽത്ത് കാർഡുകൾ ആവിഷ്കരിച്ച് നടപ്പാക്കുക.
7. അജൈവ മാലിന്യങ്ങൾ:- ഇ- മാലിന്യങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഗ്ലാസ്സ്- ലോഹങ്ങൾ - ബൾബ്- തുകൽ- സിമന്റ് - മാർബിൾ- ടൈൽ, കളിപ്പാട്ടങ്ങൾ പോലുള്ലവയുടെ ശേഖരണവും സംസ്കരണവും ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇതിൽ മാർബിൾ, ടൈൽ, സിമന്റ് കോൺക്രീറ്റ് എന്നിവ പൊടിച്ച് റോഡ് പണിയുന്നയവസരത്തിൽ ഉപയോഗിക്കുക.
8. റോഡിന്റെ വശങ്ങൾ , നടപ്പാതകൾ, പൊതു ഇടങ്ങൾ എന്നിവ വൃത്തിയാക്കി പുല്ലുകളും, കായ്ക്കുന്നതും, പുഷ്പ്പിക്കുന്നതുമായ സസ്യങ്ങളും ചെടികളും വെച്ച് സൗന്ദര്യ വൽക്കരണം നടത്തുക.
9. ശബരിമല സീസൺ, മലയാറ്റൂർ- കാഞ്ഞൂർ പള്ളി പെരുന്നാളുകൾ, ടൂറിസ്റ്റുകളുടെ സന്ദർശനം ഇങ്ങനെ പലവിധത്തിൽ എപ്പോഴും തിരക്കേറിയ ടൗൺ പ്രദേശത്ത്

ആവശ്യത്തിനുള്ള പൊതു കക്കൂസുകൾ കുളിമുറികൾ എന്നിവയില്ല. ബസ്സ്റ്റാന്റ് പ്രദേശത്ത് ഓരേ സമയം കുറച്ചധികം പേർക്ക് ഉപയോഗിക്കുവാൻ പറ്റിയ വിധത്തിൽ കൂടുതൽ എണ്ണം കക്കൂസുകളും കുളിമുറികളും സ്ഥാപിക്കുക.

10. പ്ലാസ്റ്റിക് വസ്തുക്കൾ റോഡു പണി നടക്കുമ്പോൾ ടാറിനൊപ്പം ചേർത്ത് റോഡ് പണി നടത്തുക.

## 11.വിദ്യാഭ്യാസം, കലയും സംസ്ക്കാരവും,യുവജനവും

കാലടി ചരിത്രപരമായി വിദ്യാഭ്യാസ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. സർവ്വജ്ഞപീഠം കയറിയ ശ്രീശങ്കരൻ ജനിച്ച സ്ഥലമാണെങ്കിലും അക്ഷരസംയുക്തനായ ശുദ്രനും മറ്റും വളരെയേറെക്കാലത്തോളം അകലെത്തന്നെയായിരിന്നു.ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നടന്ന ജനസംസ്ക്കരണ പ്രസ്ഥാനങ്ങളുടെ കുത്തൊഴുക്കിൽ ഇവിടെയും മാറ്റങ്ങൾ ദൃശ്യമായി.

കാലടി പഞ്ചായത്ത് അതിർത്തിയിൽ ആദ്യമായി ആരംഭിച്ച മലയാളം സ്കൂൾ മാണിക്യമംഗലത്തായിരുന്നു. (ഇപ്പോഴത്തെ ഗവ.അപ്പർ പ്രൈമിറി സ്കൂൾ,കാലടി,കൈപ്പട്ടൂർ) തുടർന്നാണ് മാണിക്യമംഗലം എൻ.എസ്.എസ് സ്കൂൾ സ്ഥാപിതമായത്.പല വ്യത്യസ്തതകൾ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ്. ഇന്ത്യയോളം വളർന്ന ശ്രീശങ്കരാചാര്യരും അദ്ദേഹത്തിന്റെ അദ്വൈത ചിന്തകളും അതേവരെയുണ്ടായിരുന്ന ചിന്താ പദ്ധതിയിൽ വിപ്ലവം വരുത്തിയ ഒന്നാണ്. സാമൂഹ്യമാറ്റത്തിന് അതെത്രമാത്രം ഉതകിയെന്നത് തർക്ക വിഷയമാണെങ്കിലും ചണ്ഡാളനും തന്റെ ഭിന്നാഭിപ്രായം പ്രകടിപ്പിക്കാൻ ഇടവരുത്തിയ ചിന്താ പദ്ധതിയായിരുന്നു. അക്ഷര സംയുക്തനായ ശൂദ്രനും മറ്റും വീണ്ടും വളരെയേറെക്കാലം അക്ഷരത്തിൽ നിന്നും പൊതുധാരയിൽ നിന്നും അകലെത്തന്നെയായിരുന്നു. ഈ കഴിഞ്ഞ നൂറ്റണ്ടിന്റെ ആദ്യത്തിൽ നടന്ന നവോത്ഥാന

പ്രവർത്തനങ്ങളുടെ കുത്തൊഴുക്കിൽ ഇവിടെയും മാറ്റങ്ങൾ ദൃശ്യമായി. കാലടി എന്ന പേര് കേരളത്തിൽ മറ്റുചിലയിടങ്ങളിലും നിലനിൽക്കുന്നതായി കാണാം പേരുകൾ സൂചിപ്പിക്കുന്നത് കേരള ചരിത്രത്തിലെ ജൈനമത സ്വാധീനത്തെയാണ്. കേരളത്തിൽ മാത്രമല്ല കർണ്ണാടകത്തിലും ജൈനമത സങ്കേതങ്ങളിൽ കാലടി/പാദപൂജ ചെയ്യുന്നതായി മനസ്സിലാക്കാം.

സ്കൂളുകൾ കൂടാതെ ഒരു കോളേജും ഒരു സർവ്വകലാശാലയും കാലടി പഞ്ചായത്തതിർത്ഥിക്കുള്ളിലുണ്ട്. 1954 ൽ ആഗമാനന്ദ സ്വാമികളുടെ ശ്രമഫലമായി സ്ഥാപിച്ച ശ്രീ ശങ്കരാകോളേജിൽ പോസ്റ്റ് ഗ്രാജേഷൻ വരെ സൗകര്യമുണ്ട്. സംസ്കൃത ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കൃതഭാഷയ്ക്കും സാഹിത്യത്തിനും വളരാനും വികസിക്കാനും കേരള ഗവ.നേതൃത്വം1994 മുതൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രവർത്തനമാരംഭിച്ചു.എന്നാൽ ഇന്നത് ഒരു സാധരണ കോളേജ് പോലെ മറ്റെല്ലാ വിഷയങ്ങളും പഠിപ്പിക്കുന്ന ഒരു സ്ഥാപനമാണ്.

ബധിര വിദ്യാർത്ഥികൾക്ക് മാത്രമായി സ്ഥാപിച്ചിട്ടുള്ള ഒരു സ്കൂളാണ് സെന്റ്.ക്ലെയർ ഓറൽ ബധിര വിദ്യാലയംമാണിക്യമംഗലം അടുത്ത പഞ്ചായത്തികളിലൊന്നും തന്നെ ഇത്തരം വിദ്യാലയങ്ങളില്ല.

(കേരളത്തിലെ ജൈനസങ്കേതങ്ങളിൽ ഒന്നായ കല്ലിൽ ക്ഷേത്രം നമ്മുടെ തൊട്ടടുത്തായ മേതലയിലാണ് സ്ഥിതിചെയ്യുന്നത്).

കാലടി ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ ഇരുപത് വർഷത്തിന്റെ ചരിത്രം വിശകലനം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ വളർച്ച നേടിയിട്ടുള്ളത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലാണെന്ന് കാണാം. ചുറ്റു പാടുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതലാണിത്. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, മേഖലകളിലായി പ്രീ– പ്രൈമറി തലം മുതൽ യൂണിവേഴ്സിറ്റി വരെ വിസ്തൃതമാണത്.

കൂടാതെ സാക്ഷരതാ പ്രസ്ഥാനത്തിന്റെ ചുവട് പിടിച്ച് സാക്ഷരതാ മിഷന്റെ കീഴിൽ വളർന്നു വന്ന പ്രൈമറി തലം മുതൽ പ്ലസ് ടു വരെ തുല്യതാ പരിപാടിയും ചേർന്ന് വിപുലമായ ഒരു ശൃംഗലയാണുള്ളത്. പ്രൈമറി തലം വരെ നൂറു ശതമാനം സാക്ഷരതാ നേട്ടം സൂചിപ്പിക്കുന്നത് വിദ്യാഭ്യാസത്തോടുള്ള സമൂഹത്തിന്റെ പൊതു ബോധത്തെയാണ്. ഈ പൊതു ബോധത്തെ മുതലാക്കിക്കൊണ്ടാണ് അൺ–എയ്ഡഡ്– സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുളച്ച് വന്നത്. പണം കൊടുത്തു വാങ്ങുന്നതെന്തും ശ്രേഷ്ഠമാണെന്ന സങ്കൽപ്പം കൂടിയാകുമ്പോൾ ഹൈസ്കൂൾ തലം വരെ സർക്കാർ നേരിട്ട് പണം മുടക്കി നൽകുന്ന മൂല്യവത്തായ വിദ്യാഭ്യാസത്തിന് മൂല്യം കൽപ്പിക്കാതായി. അതായത് സർക്കാർ എയ്ഡഡ് മേഖല ഒരുവശത്തും അൺ എയ്ഡഡ്– സ്വാശ്രയ മേഖല മറുവശത്തുമായി നിന്ന് നടത്തുന്ന കമ്പോള മത്സരമായി വിദ്യാഭ്യാസ രംഗവും മാറി.

<u>സ്കൂളുകളുടെ പൊതു വിവരം</u>

1. ബ്രഹ്മാനന്ദോദയം ഹൈസ്കൂൾ,കാലടി
2. എൻ.എസ്.എസ് എച്ച്.എസ്  ഗേൾസ് മാണിക്യമംഗലം
3. ഗവ.യു.പി സ്കൂൾ,കാലടി
4. ബി.എസ്.യു.പി.എസ്, കാലടി
5. എച്ച്.ഡബ്ല്യൂ.എൽ.പി എസ് മറ്റൂർ
6. ബി.ജെ.ബി.എസ് കാലടി
7. ജമാ അത്ത് സ്കൂൾ,കാലടി
8. സെന്റ്.ആന്റണീസ് എൽ.പി.സ്കൂൾ,മറ്റൂർ
9. എൻ.എസ്.എസ് എൽ.പി സ്കൂൾ മാണിക്യമംഗലം
10. എൻ.എസ്.എസ്.ബോയ്സ് ഹൈസ്കൂൾ,മാണിക്യമംഗലം

<u>പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ</u>

ജനങ്ങളുടെ കയ്യെത്തും ദൂരത്തുള്ള ശക്തിയേറിയ സർക്കാരാണ് ഗ്രാമപഞ്ചായത്തുകൾ ഈ പ്രാദേശിക സർക്കാരും ജനങ്ങളുമായി കൈകോർത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്തു വരുത്തുന്ന ഓരോ മാറ്റവും ഭാവി സമൂഹത്തിന്റെ മേന്മയ്ക്കു വേണ്ടിയുള്ളതാക്കണം. അതിനായി വിദ്യാർത്ഥികൾ; അവരുൾക്കൊള്ളുന്നതും അല്ലാത്തതുമായ കുടുംബങ്ങൾ, സ്ക്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവരുൾക്കൊള്ളുന്ന പൊതു സമൂഹവും വിദ്യാലയത്തിന്റെ താല്പര്യ വാഹകരാകണം.(Stake holders) ഇവരെക്കൂടി ഉൾക്കൊള്ളുന്ന സംവിധാനത്തിന് സ്ക്കൂൾ വികസനത്തിനും ഹരിത

വിദ്യാലയം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാനും മികവിന്റെ കേന്ദ്രങ്ങളാക്കുവാനും സാധിക്കും .

## <u>ഹരിത വിദ്യാലയം</u>

ഹരിത വിദ്യാലയം എന്നത് സ്കൂൾ മുറ്റത്ത് സസ്യലതാദികൾ വച്ചുപിടിപ്പിക്കൽ ചുവരുകളിൽ സസ്യ ജന്തു ജാലങ്ങളുടെ ചിത്രങ്ങൾ വരച്ച് ചേർക്കൽ എന്നിവയിൽ മാത്രം ഒതുങ്ങുന്നതല്ല. അതു സ്കൂളിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യം വയ്ക്കുന്നു. അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ ഉൾക്കൊള്ളുന്നതാകണം. ആവശ്യമായ ശുചിയുള്ളതും വിദ്യാർത്ഥി സൗഹൃദവുമായ ടോയ്‌ലെറ്റുകൾ, ആവശ്യമായ അളവിൽ കാറ്റും വെളിച്ചവും കടക്കുന്ന ക്ലാസ്സ് മുറികൾ അപകടം വിളിച്ചു വരുത്താത്ത സ്റ്റെയർ കേസുകൾ, പോഷകങ്ങൾ അടങ്ങിയതും വിഷ രഹിതവുമായ ഭക്ഷണം , പ്ലാസ്റ്റിക് വിമുക്തവും മാലിന്യ വിമുക്തവുമായ ചുറ്റുപാടുകൾ, അടുക്കളത്തോട്ടം, തണൽ മരങ്ങൾ അലങ്കാര ചെടികൾ എന്നിവ സ്കൂളിനകത്തും മതിലിനുപുറത്തും വച്ച് പിടിപ്പിക്കൽ ഇവയെല്ലാംതന്നെ പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാകണം. മനുഷ്യനും പ്രകൃതിയും ജന്തു, സസ്യ ജാലങ്ങലും ഒന്നിച്ച് കണ്ണിചേർക്കപ്പെട്ടിരിക്കുന്നു എന്ന ആശയം തന്നെയാണ് ഹരിത വിദ്യാലയം ലക്ഷ്യംവെയ്ക്കുന്നത്

മത്സരങ്ങൾ സൗഹൃദപരമാകണം അവിടെ വിദ്വേഷങ്ങൾക്ക് സ്ഥാനമുണ്ടാകരുത്. സഹകരണംകൊണ്ടും വ്യക്തികൾക്കും സമൂഹത്തിനും നേട്ടമുണ്ടാക്കാം എന്ന പാഠം ചെറുപ്പം മുതലേ ശീലമാക്കണം. അതിനുതകുന്ന തരത്തിലുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ധാരാളം അവസരമുണ്ടാകണം പ്രവൃത്യുന്മുഖ പ്രക്രിയയിലൂന്നിയല്ലാതെ വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്താനാവില്ല.

## <u>പൊതു നിർദ്ദേശങ്ങൾ</u>

1. ചുറ്റുപാടുമുള്ള ഇതര തദ്ദേശ ഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള കാലടിയിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ സ്ഥാപിക്കുക.
2. പ്രീ പ്രൈമറി പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്ക് കളിയുപകരണങ്ങൾ നൽകുക.
3. മറ്റൂർ ഗവ.എൽ.പി സ്കൂളിൽ ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുക
4. എല്ലാ വിദ്യാലയങ്ങളിലും കമ്പോസ്റ്റ് കുഴി നിർമ്മിക്കുക. പുല്ല് ചെത്തി വൃത്തിയാക്കുന്നതോടൊപ്പം കളിസ്ഥലം കഴിഞ്ഞുള്ള ഭാഗത്ത് തണൽ വൃക്ഷങ്ങൾ ജൈവ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.
5. സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്തിച്ചേരാൻ യാത്രാസൗകര്യം ഏർപ്പെടുത്തുക. രണ്ടു സ്കൂളുകൾക്കും പൊതുവായി ഒരു വാഹനമെങ്കിലും ലഭ്യമാക്കണം.
6. എല്ലാ സ്കൂളുകളിലും ഒരു റൂമെങ്കിലും സ്മാർട്ട് ക്ലാസ്സ് റൂം ആക്കി മാറ്റുക
7. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നിങ്ങനെയുള്ള സ്കൂളുകളെ ലിസ്റ്റ് ചെയ്ത് കുട്ടികളുടെ എണ്ണം, പഠന നിലവാരം എന്നിവയുടെ കണക്കെടുപ്പ് ഓരോ ടേമിലും നടത്തുക.
8. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ അക്കാദമിക് ഗ്രൂപ്പുകൾ സംയുക്തമായി ചേർന്നുള്ള PEC കളുടെ യോഗത്തിൽ വച്ച് പഠന മികവുകളും കലാ കായിക മികവുകളും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും ചർച്ച ചെയ്ത് മെച്ചപ്പെടുത്തുക.
9. എല്ലാ വർഷവും പഞ്ചായത്തുതലത്തിൽ പ്രതിഭാ സംഗമങ്ങൾ സംഘടിപ്പിക്കുക. അതിൽ സബ് ജില്ല മുതൽ സംസ്ഥാന തലം വരെ നടക്കുന്ന കലോത്സവങ്ങളിൽ പങ്കെടുത്ത് `A` ഗ്രേഡ് നേടുന്ന എല്ലാ കുട്ടികളേയും അനുമോദിക്കുക.

10. കലാ- കായിക രംഗങ്ങളിൽ മികവുള്ളവരാകാനുള്ള ശ്രമങ്ങളുടെ ഭാഗം എന്ന നിലയിലും കായിക ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലൂന്നിയും എല്ലാ വിദ്യാർത്ഥികൾക്കുമായി കലാ കായിക പരിശീലനം നൽകുക. അതിനുള്ള അധ്യാപകരെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിയോഗിക്കുക.
11. പഞ്ചായത്തിൽ ഒരിടത്ത് പൊതു കളിസ്ഥലം, നീന്തൽകുളം, എന്നിവ സ്ഥാപിക്കുക. പഞ്ചായത്തധിർത്തിയിലുള്ള ഏതെങ്കിലും കുളം പരിഷ്കരിച്ച് നീന്തൽക്കുളം ആക്കാവുന്നതേയുള്ളൂ. നീന്തൽ ഒരു സ്വയം സംരക്ഷണോപാധിയാണ്.
12. വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള കിണറുകൾ എല്ലാ വർഷവും മാർച്ച്- ഏപ്രിൽ മാസങ്ങളിൽ വെള്ളം വറ്റിച്ച് ശുചിയാക്കുക.
13. എല്ലാ വർഷവും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടത്തി വരുന്ന വിജ്ഞാനോൽസവം പല തദ്ദേശ ഭരണ സ്ഥാപനങ്ങളും ചെയ്യുന്നതുപോലെ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുകയും എല്ലാ സ്ക്കൂളുകളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക. ഓരോ വർഷവും പ്രസക്തമായ ഓരോ വിഷയത്തിലൂന്നി ആഴത്തിലുള്ള പഠനം സാദ്ധ്യമാക്കുക. വിജ്ഞാനോൽസവം സ്ക്കൂൾ തലം മുതൽ സംസ്ഥാന തലം വരെ അഞ്ചുതലത്തിലായാണ് നടക്കുന്നത്. (സ്ക്കൂൾ -പഞ്ചായത്ത്- ബ്ലോക്ക്/മേഖല-ജില്ലാ -സംസ്ഥാനം )
14. കുട്ടികൾ വളരെ ചെറുപ്പം മുതൽ തന്നെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നതായി സർവ്വെകൾ സൂചിപ്പിക്കുന്നു. ഈ പ്രവണതക്കെതിരെ എല്ലാ വിദ്യാർത്ഥികളേയും സ്ക്രീനിംഗ് നടത്തി പരിഹാരം കണ്ടെത്തണം. അതിനായി പഞ്ചായത്ത് അതിർത്തിയിൽ വിദഗ്ധനായ ഒരു
15. ഡോക്ടറുടെ നേതൃത്വത്തിൽ കൗൺസലിംങ് സെന്റർ ആരംഭിക്കണം.
16. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഇടപെടൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കണം അതിനായി വാർഡു മെമ്പർ, SMC, PTA, MPTA, വിദഗ്ധർ, പഞ്ചായത്തിലെ എഞ്ചിനീയർ എന്നിവർ ഉൾപ്പെടെയുള്ള ഒരു വികസന സമിതി രൂപീകരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തണം.
17. വിത്ത്, വളം, പണിക്കൂലിഎന്നിവ സ്പോൺസർഷിപ്പിലൂടെ സമാഹരിച്ച് വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുക.
18. എല്ലാ വിദ്യാലയങ്ങളിലേയും CWSN കുട്ടികൾക്ക് പ്രത്യേക ധനസഹായം ചെയ്യുക.
19. കാമ്പസ് തന്നെ പാഠപുസ്തകം എന്ന നിലവാരത്തിലേക്ക് പൊതു വിദ്യാലയങ്ങളെ ഉയർത്തുക.

## ലൈബ്രറി

സമൂഹത്തിന്റെ പൊതു ബോധത്തെ അരക്കിട്ടുറപ്പിക്കാനും മനുഷ്യർ തമ്മിലുള്ള ഇഴയടുപ്പം വർദ്ധിപ്പിക്കാനും സാംസ്കാരിക അടിത്തറ ശക്തിപ്പെടുത്തുവാനും ചിന്തയെ ഊട്ടിയുറപ്പിക്കുവാനും ബലവത്തായ അക്ഷരാടിത്തറ ഉണ്ടായേതീരൂ. കേവലമായ ക്ലാസ്സ് റൂം വിദ്യാഭ്യാസം കൊണ്ട് നേടാനാവുന്നതല്ല യഥാർത്ഥ അറിവ്. അതിന് അനൗപചാരികവും വിസ്തൃതവുമായ ഗ്രന്ഥശാലയും വായനാശാലയും നാട്ടിലെല്ലായിടത്തുമുണ്ടാകണം. എന്നാൽ ഗ്രന്ഥ ശാലകളിലേക്ക് എത്തുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. കൂടുതൽ പേരെ ഗ്രന്ഥ ശാലയിലേക്ക് ആകർഷിക്കുവാനുള്ള

തന്ത്രം പഞ്ചായത്തിന്റെ നേതൃത്വത്തിൽ തന്നെ ഉരുത്തിരിഞ്ഞ് വരേണ്ടിയിരിക്കുന്നു. പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ പഞ്ചായത്ത് കെട്ടിടത്തിൽ മാത്രം ഒതുങ്ങിപോകാതെ വാർഡിലുള്ള വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച് പ്രവർത്തിക്കുമ്പോൾ ആശയങ്ങൾ ജനങ്ങളിലേക്ക് എത്തുന്നതാണ്. ഇപ്പോൾ വാർഡ് തലത്തിൽ രൂപീകരിച്ചിട്ടുള്ള പല സമിതികളും ചില വ്യക്തികളിൽ

ചെന്ന് അവസാനിച്ചിരിക്കുന്നതായി കാണാം. കല–സംസ്കാരം –യുവജന ക്ഷേമം പോലുള്ളവ മുരടിച്ച് പോകാതിരിക്കാൻ ഭാവനാത്മക ഇടപെടലുകളും പിൻതുണയും നൽകാൻ പറ്റിയ രീതിയിലുള്ള മോണിട്ടറിംഗ് ആവശ്യമാണ്. "ജനകീയാസൂത്രണം" എന്നത് അക്ഷരാർത്ഥത്തിൽ പ്രയോഗതലത്തിൽ എത്തുമ്പോൾ മാത്രമേ ഇത് സാദ്ധ്യമാകൂ.

## പഞ്ചായത്ത് ലൈബ്രറി

1992 ൽ അന്നത്തെ സർക്കാർ ആവിഷ്കരി ച്ച 11 ഇന പരിപാടിയുടെ ഭാഗമായി നിർദ്ദേശിച്ചതിനെ തുടർന്ന് രൂപീകരിച്ചതാണ് കാലടി പഞ്ചായത്ത് ലൈബ്രറി. ഇൻഫർമേഷൻ സെന്ററിന് വേണ്ടി നിർമ്മിച്ച കാലടി പഞ്ചായത്ത് അനെക്സിലാണ് ഇപ്പോൾ ലൈബ്രറി സ്ഥിതി ചെയ്യുന്നത്.

ദിന പത്രങ്ങൾ – 7

ആനുകാലീകങ്ങൾ – 14

പുസ്തകങ്ങൾ – 4145

അംഗങ്ങൾ – 71

ആജീവനാന്ത അംഗങ്ങൾ – 29

### ആവശ്യങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പത്രവായനയ്ക്കും പുസ്തകമെടുക്കുന്നതിനുമായി ആളുകൾ എത്തിച്ചേരുന്നുണ്ട്. ഒരു മാസം ശരാശരി 250 പേരാണ് ലൈബ്രറിയിൽ എത്തുന്നത്. ഇത് വളരെ കുറവാണ്. എങ്ങനെ ഇത് വർദ്ധിപ്പിക്കാമെന്ന് ആലോചിക്കണം. ലൈബ്രറിയ്ക്കും വായനശാലയ്ക്കുമായി പ്രത്യേകം മുറികളുണ്ട്. വായന ശാലയ്ക്കകത്തുള്ള ഇന്റീരിയൽ നിർമ്മാണങ്ങൾ പൊളിച്ച് നീക്കിയാൽ കൂടുതൽ സ്ഥലം ലഭിക്കുന്നതാണ്. TV , കേബിൾ കണക്ഷൻ എന്നീ സൗകര്യങ്ങളും ലൈബ്രറിയോടനുബന്ധിച്ച് ഉണ്ട്. കഴിഞ്ഞ 5 വർഷം തുടർച്ചയായി പുസ്തകങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിനുള്ള ഫണ്ട് ലഭിക്കുന്നുണ്ട്.
2. പുസ്തകങ്ങൾ ശാസ്ത്രീയമായി കമ്പ്യൂട്ടർ സഹായത്തോടെ കാറ്റലോഗ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളിലാണ്. അതിനായി കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലഭിക്കുന്നതോടൊപ്പം ഇന്റർനെറ്റ് കണക്ഷൻ കൂടി ഏർപ്പെടുത്തേണ്ടി വരും
3. ലൈബ്രറിയോടനുബന്ധിച്ച് ഇടവേളകളിൽ പുസ്തക ചർച്ച, വിവിധ വിഷയങ്ങളിലൂന്നിയുള്ള ക്ലാസ്സുകൾ, ചർച്ചകൾ, സിംപോസിയങ്ങൾ എന്നിവയും മറ്റു സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കണം. ഇതിനുള്ള ഫണ്ടും കണ്ടെത്തണം.

4. ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിനുള്ള ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

5. ലൈബ്രറിയുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നതിനുള്ള നല്ലൊരു ബോർഡു കൂടി സ്ഥാപിക്കണം.

## <u>മറ്റു ലൈബ്രറികൾ</u>

കാലടി പഞ്ചായത്തിന്റെ പരിധിയിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ വരുന്ന മറ്റു നാലു ലൈബ്രറികൾ കൂടിയുണ്ട്.

### 1. <u>SNDP ലൈബ്രറി കാലടി</u>

'A' ഗ്രേഡ് ലൈബ്രറിയാണ് ഇത്. 37450 പുസ്തകങ്ങൾ ഉണ്ട് കാലടി SNDP മന്ദിരത്തിൽ

സ്ഥിതിചെയ്യുന്ന ലൈബ്രറിയിൽ എല്ലാ ആഴ്ചകളിലും "ബുധസംഗമം" എന്ന സാംസ്കാരിക കൂട്ടായ്മ നടന്നു വരുന്നു. 444 ആഴ്ചകൾ പിന്നിടുന്ന കൂട്ടായ്മയിലും ലൈബ്രറിയിലും ധാരാളം പേർ ദൈനംദിനം എത്തിച്ചേരുന്നു.

### 2. <u>നവധാര ലൈബ്രറി തോട്ടകം</u>

'c' ഗ്രേഡ് ലൈബ്രറിയാണിത് കൂടുതൽ പിൻതുണ ആവശ്യമുള്ള ലൈബ്രറിയാണിത്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സഹകരണത്തോടെ ചില പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. 5063 പുസ്തകങ്ങളുള്ള ലൈബ്രറിയിൽ സ്ഥല സൗകര്യമില്ലാത്തതിനാൽ കെട്ടിടത്തിനു മുകളിൽ പുതിയൊരു മുറി ഉണ്ടാക്കുക

### 3. <u>റിക്രിയേഷൻ ലൈബ്രറി</u>

കാലടിയിൽ കൈപ്പട്ടൂർ പറയത്ത് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ലൈബ്രറിയാണിത്.'B

ഗ്രേഡിലുള്ള ഇതിൽ 6000 പുസ്തകങ്ങളാണ് ഉള്ളത്.

### 4. <u>വിസ്ഡം ലൈബ്രറി</u>

പൊതിയക്കര സ്ഥിതി ചെയ്യുന്ന ഈ ലൈബ്രറിയിൽ 6400 പുസ്തകങ്ങളുണ്ട്. ഈ 'B' ഗ്രേഡ്

ലൈബ്രറിയിൽ ഒരു സാക്ഷരതാ കേന്ദ്രം സ്ഥിതിചെയ്യുന്നുണ്ട്.ലൈബ്രറിയുടെ മെയിന്റനൻസ് നടത്തേണ്ട ഘട്ടമെത്തിയിരിക്കുന്നു.

## <u>നിർദ്ദേശങ്ങൾ</u>

1. പണ്ടുണ്ടായിരുന്ന പല ലൈബ്രറികളും പ്രവർത്തന രഹിതമായിട്ടുണ്ട്. അവ പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്യണം.
2. എല്ലാ വാർഡുകളിലും ലൈബ്രറികൾ ഉണ്ടാകണമെങ്കിലും പ്രാരംഭമെന്ന നിലയിൽ 2 വാർഡുകൾക്ക് ഒന്ന് എന്ന നിരക്കിൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പഞ്ചായത്ത് ലൈബ്രറിയുടെ കീഴിൽ പ്രദേശിക ലൈബ്രറികൾ ഉണ്ടാകണം.

3. അവയുടെ നിയന്ത്രണം പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വാർഡ് പ്രതിനിധികളുടേയും സംയുക്ത യോഗത്തിനായിരിക്കണം.
4. പ്രാദേശികമായ സാംസ്കാരിക പ്രവർത്തനങ്ങൾ, വാർഷികങ്ങൾ, യുവ സംഗമങ്ങൾ, ബാലസഭകൾ, അഡോളസൻസ് കൂട്ടായ്മകൾ എന്നിവ പഞ്ചായത്ത് കമ്മിറ്റിയുടെ സഹകരണത്തോടെ നിരന്തരമായി നടത്തണം.
5. പഞ്ചായത്ത് ലൈബ്രറിയിലുള്ള എല്ലാ സൗകര്യങ്ങളും പ്രദേശിക ലൈബ്രറികളിൽ ഒരുക്കുന്നതോടൊപ്പം ഏറ്റവും കൂടുതൽ പുസ്തകം വായിക്കുന്നവർ, കുറിപ്പുകൾ തയ്യാറാക്കുന്നവർ, പഠനങ്ങൾ നടത്തുന്നവർ എന്നിവർക്കായി സമ്മാനങ്ങൾ നൽകണം.

## 12.പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

### ഇന്നത്തെ അവസ്ഥ

9–ാം പദ്ധതി മുതൽ ഇങ്ങോട്ട് നടത്തിയ 20 വർഷത്തെ പ്രവർത്തനങ്ങൾ ഗതാഗത മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റം ശ്ലാഘനീയമാണ്. ആദ്യ പദ്ധതി രേഖ ചൂണ്ടി കാണിച്ചിട്ടുള്ള ഏതാണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിഞ്ഞ പദ്ധതികൾക്കായിട്ടുണ്ട്. ഇന്ന് പഞ്ചായത്തിലെ 90% റോഡുകളും ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ കാലടി ടൗണിലെ ഗതാഗത കുരുക്ക് തീരാശാപമായി തുടരുന്നു. ഇതിന് പരിഹാരമായിട്ടുള്ള കാലടി ബൈപാസ് യാഥാർത്ഥ്യമാകാത്തത് ഈ പ്രശ്നം രൂക്ഷമാക്കുന്നു.

### പഞ്ചവത്സര പദ്ധതിക്കാലത്തെ ലക്ഷ്യങ്ങൾ

14 ാം പഞ്ചവത്സരക്കാലത്ത് നാം കൈവരിക്കേണ്ട ലക്ഷ്യങ്ങളും ,നേരിടേണ്ട പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും ചുവടെച്ചേർക്കുന്നു

1. കാലടി ടൗണിലെ ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ ബൈപാസ് ഫ്ളൈഓവർ, റിങ് റോഡ് എന്നിവയുടെ അഭാവം പരിഹരിക്കുക. .

## ഊർജ്ജം

ആധുനിക ജീവിതത്തിന്റെ പ്രധാനഘടകമാണ് ഊർജ്ജം. നമ്മുടെ പഞ്ചായത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വൈദ്യുതി ഒരു പ്രധാന പങ്ക് വഹിക്കുന്നു. കഴിഞ്ഞ നാല് പദ്ധതിക്കാലത്ത് പഞ്ചായത്തിന്റെ 80% റോഡുകളും സ്ട്രീറ്റ് ലൈൻ വലിച്ച് വൈദ്യുതീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വീടുകൾ എല്ലാം തന്നെ വൈദ്യുതീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി ലഭിക്കാത്ത വീടുകൾ കണ്ടെത്തുക പ്രയാസകരമായിരിക്കും. കെ.എസ്.ഇ.ബി. യുടെ ഉത്തരവാദിത്വത്തിലാണ് വൈദ്യുതി വിതരണം നടക്കുന്നത്. ഇതിനായി കാലടിയിൽ വൈദ്യുതി വകുപ്പിന്റെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പ്രവർത്തിക്കുന്നുണ്ട്.

ജീവിതത്തിന്റെ എല്ലാ ഊർജ്ജാവശ്യങ്ങളും നിറവേറ്റുവാൻ ജല വൈദ്യുതിയെ ആശ്രയിക്കേണ്ടിവരുന്നത് ഭാവിയ്ൽ കടുത്ത വൈദ്യുതി ക്ഷാമത്തിലേക്ക് നയിച്ചേക്കാം. അതിനാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തി പ്രയോജനപ്പെടുത്തുവാൻ അടുത്ത പദ്ധതി കാലത്ത് പരിപാടികൾ ആവിഷ്കരിക്കണം.

ഊർജ്ജാവശ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് പാചക ആവശ്യം. പാചകാവശ്യത്തിനായി വിറകും, ഉണങ്ങിയ ഇലകളുമായിരുന്നു ആദ്യകാലത്തെ ഇന്ധനങ്ങൾ എങ്കിൽ ഇന്ന് പാചക വാതകത്തിലേക്ക് മാറി. ഏതാണ്ട് മുഴുവൻ വീടുകളും പാചക വാതകം ഉപയോഗിക്കുന്നുണ്ട്. ഇത് ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ അധ്വാന ഭാരം ലഘൂകരിക്കുവാൻ കാരണമായിട്ടുണ്ട്.

പാചക വാതകത്തിന്റെ ഉപയോഗം വർദ്ധിക്കുന്നത് ഭാവിയിൽ ഇതിന്റെ ക്ഷാമത്തിന് കാരണമായേക്കാം. ഇതിനായി ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇപ്പോൾ പ്രചാരത്തിലുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സോളാർ, ബയോഗ്യാസ്, എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ് 14-ാം പദ്ധതിയിൽ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനും, ബയോഗ്യാസ് നിർമ്മാണത്തിനും പദ്ധതി ഉണ്ടാകണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗവ. ഏജൻസിയായ (ANERT) അനർട്ടിന്റെ സേവനം പ്രയോജന പ്പെടുത്തിയാൽ ഊർജ്ജ ഉൽപ്പാദനം കാര്യക്ഷമമാക്കാൻ കഴിയും.

## ഊർജ്ജം പ്രൊജക്ട് ആശയങ്ങൾ

1. LED ബൾബുകൾ നിർമ്മാണത്തിന് പരിശീലനം ലഭ്യമാക്കി കുറഞ്ഞ ചെലവിൽ LEDബൾബുകൾ നിർമ്മിച്ച് വിതരണം ചെയ്യുക.
2. എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ നിർബന്ധമാക്കുക.
3. പുതിയ വീടുകൾ അടക്കം എല്ലാ വീടുകളിലും സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം നടത്തുവാൻ പദ്ധതിയുണ്ടാക്കുക.
4. പഞ്ചായത്ത് ഓഫീസിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പദ്ധതി ഉണ്ടാക്കുക.
5. പഞ്ചായത്ത് വക ബയോഗ്യാസ് പ്ലാന്റ് വിപുലീകരിച്ച് കൂടുതൽ എണ്ണം സ്ഥാപിച്ച് അതിൽ നിന്നും, സോളാർ പാനലിൽ നിന്നും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ എസ് ഇ ബി പൂളിലേക്ക് നൽകാൻ നടപടിയുണ്ടാകുക.

# ഉപസംഹാരം

ലോകത്തിനു തന്നെ മാതൃകയായേക്കാവുന്ന ജനാധിപത്യത്തിന്റെ ഏറ്റവും ഫലപ്രദമായ രൂപമാണ് അധികാരം ജനങ്ങളിലേക്ക് നൽകുകയെന്നത്.എന്നാൽ ഈ അധികാരം ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് രൂപപ്പെടുത്തിയേ മതിയാവൂ. വികസനത്തെ സംബന്ധിച്ച നിലവിലുള്ള ധാരണ തിരുത്തികൊണ്ട് ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട് വരണമെന്ന ജനകീയ ചിന്തയുടെ ഫലമാണ് നമ്മുടെ സംസ്ഥാനത്ത് രൂപം കൊണ്ട ജനകീയാസൂത്രണ പ്രസ്ഥാനം. പ്രാദേശികാസൂത്രണത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഉടലെടുക്കുന്ന വികസന പ്രക്രിയയുടെ നിർവ്വഹണത്തിൽ ഒരു നാടിന്റെ പുരോഗതി സുസ്ഥിരവും സുതാര്യവും ദ്രുതഗതിയിലുമായിരിക്കുമെന്ന് ഉറപ്പിച്ച് പറയാം

മേൽ സൂചിപ്പിച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഒൻപതാം പദ്ധതിയുടെ കരട് രേഖയ്ക്ക് രൂപം നൽകുന്നതിൽ നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങളും സാദ്ധ്യതകളും പരമാവധി ഉൾപ്പെടുത്തികൊണ്ട് പൌരാണിക സമ്പന്നതയിൽ നിന്നും ഊർജ്ജം ഉൾകൊണ്ട് ഒരു പുത്തൻ സംസ്കാരം ഉയർത്തി കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ വികസന രേഖ. ഈ രേഖ പൂർണ്ണമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഒരു ദിശാബോധം നൽകുക മാത്രമേ ചെയ്യുന്നുള്ളു. ഈ രേഖ ചർച്ച ചെയ്യുകയും ക്രിയാത്മകമായ പ്രവർത്തനങ്ങളോടെ ഭാവിഭാഗധേയം നിശ്ചയിക്കുകയും ചെയ്യുമെന്ന വിശ്വാസത്തോടെ ഈ വികസനരേഖ ഉപസംഹരിക്കുന്നു.

കാലടി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ സമിതി